VOL NO: 05 | ISSUE 11
www.nerpatham.com
mail@nerpatham.com

2021 MARCH 13 | ₹12

# നേർപഥം

വാരിക



# തിരിച്ചറിവിന്റെ കോവിഡ് കാലം

നാശനഷ്ടങ്ങളോടൊപ്പം ഓരോ ദുരന്തവും സമൂഹത്തിന് കൈമാറുന്നത് തിരിച്ചറിവിന്റെ ഒരായിരം പാഠങ്ങളാണ്. ജീവിതത്തെ ചിട്ടപ്പെടുത്തിയ കോവിഡ്കാല ദിനങ്ങളെ മാതൃകയാക്കിയാൽ ഒരു പരിധിവരെ നമുക്ക് ഭാവിയിൽ ഇത്തരം പ്രതിസന്ധികളെ മറികടക്കാൻ കഴിഞ്ഞേക്കാം.

- **മനുഷ്യർ അൽപജ്ഞാനികൾ**

**ക്വുർആനിന്റെ അജയ്യത**

**ദൃഢവിശ്വാസത്തിന്റെ സദ്ഫലങ്ങൾ**

**സ്ഥാനാർഥികളുടെ ക്രിമിനൽ പശ്ചാത്തലവും തെരഞ്ഞെടുപ്പു കമ്മീഷന്റെ മുന്നറിയിപ്പും**

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...

താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio

Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322

www.peaceradio.com radioforpeace peaceradionow +91 9020840840

0217
നേർപഥം
വാരിക

2021 മാർച്ച് 13
1442 റജബ് 29
പുസ്തകം 05 / ലക്കം 11

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly




10
തിരിച്ചറിവിന്റെ കോവിഡ് കാലം
മുജീബ് ഒട്ടുമ്മൽ

05
മുഖമൊഴി
മനുഷ്യർ അൽപജ്ഞാനികൾ
എഡിറ്റർ



06
ചരിത്രപഥം
പ്രവാചകദൗത്യത്തിന്റെ വിശാലത
ഹുസൈൻ സലഫി, ഷാർജ

15
ക്വുർആൻ ദർശനം
അൽവാഖിഅ (സംഭവം)
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

18
ലേഖനം
ദൃഢവിശ്വാസത്തിന്റെ സദ്ഫലങ്ങൾ
ഉസ്മാൻ പാലക്കാഴി

22
ലേഖനം
പേരമക്കളുടെ അനന്തരാവകാശം
ശബീബ് സ്വലാഹി

26
അനുഭവം
ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം
പി.എൻ സോമൻ

31
ജാലകം
ബലൂണുകൾ
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

33
ലേഖനം
ക്വുർആനിന്റെ അജയ്യത
അബൂമുർശിദ

34
നമുക്ക് ചുറ്റും
സ്ഥാനാർഥികളുടെ ക്രിമിനൽ പശ്ചാത്തലവും തെരഞ്ഞെടുപ്പു കമ്മീഷന്റെ മുന്നറിയിപ്പും
ടി.കെ.അശ്റഫ്

ചലനങ്ങൾ

## വിസ്ഡം ഓൺലൈൻ കോൺഫറൻസ്; ഏപ്രിൽ 8,9,10,11

# ഏരിയാ സംഗമങ്ങൾക്ക് തുടക്കമായി

കോഴിക്കോട്: 'നിർഭയ ജീവിതം, സുരക്ഷിത സമൂഹം' എന്ന പ്രമേയത്തിൽ ഏപ്രിൽ 8,9,10,11 തീയ്യതികളിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിക്കുന്ന ഓൺലൈൻ കോൺഫറൻസിന്റെ വിജയത്തിനായി നൂറോളം കേന്ദ്രങ്ങളിൽ നടക്കുന്ന ഏരിയാ സംഗമങ്ങൾക്ക് തുടക്കമായി. മാർച്ച് 3ന് (ഞായർ) ആലപ്പുഴയിൽ നടന്ന സംഗമത്തിൽ സംസ്ഥാന പ്രസിഡന്റ് പി.എൻ. അബ്ദുല്ലത്വീഫ് മദനി, സി.പി.സലീം, മുജീബ് മദനി ഒട്ടുമ്മൽ, മുനവ്വർ കോട്ടക്കൽ എന്നിവർ പങ്കെടുത്തു.

വിവിധ ഏരിയകളിൽ നടന്ന സംഗമത്തിന് നേതൃത്വം നൽകിയ സംസ്ഥാന പ്രതിനിധികളും ഏരിയകളും: എറണാകുളം ജില്ലയിലെ പെരുമ്പാവൂർ, കാക്കനാട്: ടി.കെ. അശ്റഫ്, യു. മുഹമ്മദ് മദനി. കാസർഗോഡ്: ഹാരിസ് കായക്കൊടി, മുജീബുല്ല അൻസാരി. കൊയിലാണ്ടി: നാസിർ ബാലുശേരി, അബ്ദുല്ല ഫാസിൽ, അബ്ദുൽ അഹദ്. കോട്ടക്കൽ, തിരൂർ: കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, അബ്ദുറഹ്മാൻ അൻസാരി, മുഹമ്മദ് അജ്മൽ. മഞ്ചേരി, വണ്ടൂർ: ഹുസൈൻ കാവനൂർ, ഹാരിസ് ബിൻ സലീം, മുഹമ്മദ് അൻവർ. പാലക്കാട്: റഷീദ് കൊടക്കാട്ട്, മുനവ്വർ സ്വലാഹി, സുഹൈൽ പി.യു. തൃശൂർ, ചാവക്കാട്: നബീൽ രണ്ടത്താണി, നിഷാദ് സലഫി.

മാർച്ച് 12,13,14 തീയതികളിൽ മറ്റു തിരഞ്ഞെടുക്കപ്പെട്ട ഏരിയകളിലും മീറ്റുകൾ സംഘടിപ്പിക്കും.

### ക്രിമിനൽ പശ്ചാത്തലമുള്ളവരെ സ്ഥാനാർഥികളാക്കരുത്: ഏരിയാ കൺവെൻഷൻ

ബാലുശ്ശേരി: പൊതുതെരഞ്ഞെടുപ്പുകളിൽ ക്രിമിനൽ പശ്ചാത്തലമുള്ളവരെ സ്ഥാനാർഥികളാക്കാതിരിക്കാൻ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും തയ്യാറാകണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച മുജാഹിദ് ഏരിയാ സംഗമം ആവശ്യപ്പെട്ടു.

തെരഞ്ഞെടുപ്പിലെ വിജയം എന്നതിലുപരി സമൂഹത്തിന് വലിയ സന്ദേശം നൽകുന്ന വിധത്തിലായിരിക്കണം സ്ഥാനാർഥിനിർണയം. നിയമസഭാ തെരഞ്ഞെടുപ്പ് മുന്നിൽകണ്ട് കേരളത്തിൽ സാമുദായിക ധ്രുവീകരണത്തിന് ശ്രമിക്കുന്നവരെ ഒറ്റപ്പെടുത്തണം. വിവിധ മതവിഭാഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന സാഹോദര്യം തകർത്ത് വോട്ട് വിഭജനം ലക്ഷ്യമാക്കുന്നവരെ നാം ഒറ്റപ്പെടുത്തണം എന്നും കൺവൻഷൻ ആവശ്യപ്പെട്ടു.

ബാലുശ്ശേരി വ്യാപാരഭവൻ ഓഡിറ്റോറിയത്തിൽ നടന്ന കൺവൻഷൻ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി കെ.സജ്ജാദ് ഉദ്ഘാടനം ചെയ്തു. ജില്ലാ വൈസ് പ്രസിഡന്റ് കെ.അബ്ദുന്നാസിർ മദനി അധ്യക്ഷത വഹിച്ചു. വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറി കെ.അബ്ദുല്ല ഫാസിൽ, നാസിർ ബാലുശ്ശേരി വിഷയങ്ങൾ അവതരിപ്പിച്ചു.

സംസം അബ്ദുറഹ്മാൻ, ഒ.റഫീഖ് മാസ്റ്റർ, പി.അബ്ദുല്ല ഹാജി, വിസ്ഡം യൂത്ത് ജില്ലാ സെക്രട്ടറി സി.പി. സജീർ, വിസ്ഡം സ്റ്റുഡൻറ്സ് ജില്ലാ സെക്രട്ടറി മൂനിസ് അൻസാരി, മുഹമ്മദലി പേരാമ്പ്ര, സാജിദ് ബിസ്മി തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. വിസ്ഡം ജില്ലാ അസി: സെക്രട്ടറി സി.പി. സാജിദ് സ്വാഗതവും ടി.എൻ.ഷമീർ നദ്‌വി നന്ദിയും പറഞ്ഞു.

മുഖമൊഴി

# മനുഷ്യർ അൽപജ്ഞാനികൾ

അബ്ദുല്ലാഹ്ﷺ നിവേദനം: "ഞാൻ ഒരിക്കൽ നബിﷺയോടൊപ്പം മദീനയിലെ വിജനമായ പ്രദേശത്തിലൂടെ നടക്കുകയായിരുന്നു. അവിടുന്ന് തന്റെ കയ്യിലുള്ള ഈത്തപ്പനപ്പട്ടയുടെ ഒരു വടി നിലത്ത് ഊന്നിക്കൊണ്ടാണ് നടന്നിരുന്നത്. അങ്ങനെ തിരുമേനിﷺ ഒരു സംഘം ജൂതന്മാരുടെ മുമ്പിലെത്തി. അപ്പോൾ അവർ പരസ്പരം പറഞ്ഞു: 'നിങ്ങൾ അവനോട് ആത്മാവിനെക്കുറിച്ച് ചോദിച്ചുനോക്കുവിൻ.' ചിലർ പറഞ്ഞു: 'ചോദിക്കരുത്. ചോദിച്ചാൽ നമുക്ക് അനിഷ്ടകരമായ എന്തെങ്കിലും അവൻ കൊണ്ടുവരും.' മറ്റുചിലർ പറഞ്ഞു: 'നിശ്ചയം, ഞങ്ങൾ ചോദിക്കുകതന്നെ ചെയ്യും.' അങ്ങനെ അവരിൽ ഒരാൾ എഴുന്നേറ്റുനിന്ന് പറഞ്ഞു: 'ഓ, അബൂക്വാസിം, എന്താണ് ആത്മാവ്?' അവിടുന്ന് മൗനം ദീക്ഷിച്ചു. അപ്പോൾ ഞാൻ പറഞ്ഞു: 'നിശ്ചയം, നബിﷺക്ക് ദിവ്യസന്ദേശം ലഭിക്കുകയാണ്.' എന്നിട്ട് ഞാൻ അവിടെത്തന്നെ നിന്നു. അങ്ങനെ ആ പ്രത്യേക പരിതസ്ഥിതി തിരുമേനിയെ വിട്ടുമാറിയപ്പോൾ അവിടുന്ന് ഇപ്രകാരം പാരായണം ചെയ്തു: 'ആത്മാവിനെക്കുറിച്ച് അവർ നിന്നോട് ചോദിക്കുന്നു. നീ പറയുക: ആത്മാവ് എന്റെ രക്ഷിതാവിന്റെ കാര്യത്തിൽ പെട്ടതാണ്. അറിവിൽനിന്ന് അൽപമല്ലാതെ അവർക്ക് നൽകപ്പെട്ടിട്ടില്ല (ക്വുർആൻ 17:85)" (ബുഖാരി).

മനുഷ്യൻ സ്രഷ്ടാവിന്റെ സവിശേഷ സൃഷ്ടിയാണ്. മറ്റു ജീവജാലങ്ങൾക്കൊന്നുമില്ലാത്ത കഴിവുകൾ സ്രഷ്ടാവ് അവനു നൽകിയിട്ടുണ്ട്. വിശേഷബുദ്ധിയുപയോഗിച്ചുകൊണ്ട് അറിവിന്റെ ചക്രവാളം വികസിപ്പിക്കുവാൻ മനുഷ്യനു കഴിയും. ശാസ്ത്ര, സാങ്കേതിക രംഗങ്ങളിൽ മനുഷ്യൻ കൈവരിച്ച നേട്ടങ്ങൾ ഇക്കാര്യം ബോധ്യപ്പെടുത്തുന്നു. ഒരുകാലത്ത് സ്വപ്നം കാണുവാൻ പോലും സാധിക്കാത്ത കാര്യങ്ങൾ ഇന്ന് അവന്റെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു! ഈ നേട്ടങ്ങളുടെ പിൻബലത്തിൽ മനുഷ്യൻ അഹങ്കാരത്തിന്റെ കൊടുമുടിയിൽ കയറിനിന്നുകൊണ്ട് ദൈവത്തെ പോലും വെല്ലുവിളിക്കു വാൻ ധൈര്യം കാണിക്കുകയും ചെയ്യുന്നു!

വിജ്ഞാനം മനുഷ്യരെ അഹങ്കാരിയും ദൈവനിഷേധിയുമാക്കി മാറ്ററുതെന്ന് ഉണർത്തുകയാണ് ഉപരിസൂചിത നബിവചനം. മനുഷ്യന് ഉത്തരം കണ്ടെത്തുവാൻ സാധിക്കാത്ത അനേകം പ്രതിഭാസങ്ങളും വസ്തുതകളുമുണ്ട്. അതിലൊന്നാണ് ആത്മാവ്. മനുഷ്യൻ മരിക്കുമ്പോൾ എന്താണ് സംഭവിക്കുന്നത്? എന്താണ് മരണം? കൃത്യമായ ഒരു വിശദീകരണം ഇതിനു നൽകാൻ ശാസ്ത്രത്തിന് ഇന്നേവരെ സാധിച്ചിട്ടില്ല എന്നതാണ് യാഥാർഥ്യം. ഭൗതികകശരീരം മാത്രമല്ല മനുഷ്യനുള്ളത്, നമുക്ക് ദർശിക്കുവാനോ മനസ്സിലാക്കുവാനോ കഴിയാത്ത ആത്മാവുകൂടി ഉണ്ടെന്നത് വളരെ വ്യക്തമാണ്. ഈ ആത്മാവ് വേർപെടുമ്പോൾ മരണം സംഭവിക്കുന്നു.

ഭൗതികശരീരത്തിനു പുറമെ ആത്മാവ് എന്ന ഘടകംകൂടിയുണ്ടെന്നു സമ്മതിച്ചാൽ മരണശേഷം അതിന് എന്തു സംഭവിക്കുന്നു, അത് എങ്ങോട്ടു പോകുന്നു എന്നൊക്കെ വിശദീകരിക്കേണ്ടി വരും. അതാകട്ടെ ശാസ്ത്രത്തിന്റെ പരിധിക്കപ്പുറമുള്ള കാര്യമാണുതാനും.

ആത്മാവിന്റെ രഹസ്യങ്ങൾ അനാവരണം ചെയ്യുവാൻ മനുഷ്യർക്ക് സാധ്യമല്ല എന്നാണ് വിശുദ്ധ ക്വുർആൻ 17:85ലൂടെ ഉണർത്തുന്നത്. പ്രപഞ്ച സ്രഷ്ടാവിന്റെ അറിവിനു മുമ്പിൽ മനുഷ്യന്റെ അറിവ് വളരെ നിസ്സാരമാണെന്നും അല്ലാഹു അറിയിക്കുന്നു. അവൻ സർവശക്തനും സർവജ്ഞനുമാണ്. അവനല്ലാത്തതെല്ലാം അവന്റെ സൃഷ്ടികളാണ്. അവന്റെ സൃഷ്ടികളെക്കുറിച്ച് അവനല്ലാതെ മറ്റാർക്കാണ് കൂടുതൽ അറിയുവാൻ കഴിയുക?



ചരിത്രപഥം

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

# പ്രവാചകദൗത്യത്തിന്റെ വിശാലത

മുഹമ്മദ് നബിﷺ 13

മുഹമ്മദ് നബിﷺ മനുഷ്യരിലേക്ക് മാത്രം അയക്കപ്പെട്ട നബിയല്ല. മനുഷ്യരെയും മലക്കുകളെയും പോലെ മുകല്ലഫുകളായ (അല്ലാഹുവിന്റെ ആജ്ഞാനിർദേശങ്ങൾക്ക് വിധേയരായ) സൃഷ്ടികളാണ് ജിന്നുകളും. മനുഷ്യ-ജിന്ന് വിഭാഗക്കാരിൽനിന്ന് വേറിട്ടുനിൽക്കുന്ന ഒരു പ്രത്യേകതതരം സൃഷ്ടികളാണ് മലക്കുകൾ. അവർ അല്ലാഹുവിന്റെ കൽപനകൾ അതേപടി ചെയ്യുന്നവരും അല്ലാഹുവിനോട് യാതൊരു അനുസരണക്കേടും കാണിക്കാത്തവരുമാണ്. എന്നാൽ മനുഷ്യ-ജിന്ന് വിഭാഗം അല്ലാഹുവിന്റെ ശാസനകളെ കൊള്ളുകയും തള്ളുകയും ചെയ്യുന്നവരാണ്. അതിനാൽ നരകം എന്ന സൃഷ്ടി മനുഷ്യർക്കും ജിന്നുകൾക്കും മാത്രമുള്ളതാണ്. നരകത്തെ മനുഷ്യരെക്കൊണ്ടും ജിന്നുകളെക്കൊണ്ടും അല്ലാഹു നിറക്കുന്നതാണ് എന്ന് ക്വുർആനിൽ വന്നിട്ടുണ്ട്.

എന്നാൽ മലക്കുകളുടെ സ്ഥാനമോ? മലക്കുകൾ അല്ലാഹുവിന്റെ ആദരണീയ ദാസന്മാരാണ്. അവർ അല്ലാഹുവിന്റെ കൽപനകൾക്ക് അനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരാണ്. അവരുടെ ഈ പ്രവർത്തനത്തെക്കുറിച്ച് ക്വുർആൻ പറയുന്നിടത്ത് വർത്തമാന-ഭാവി കാലത്തെ അറിയിക്കുന്ന ക്രിയയാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് കാണാൻ സാധിക്കും. അന്ത്യനാളിലും അവർ അവരുടെ പ്രവർത്തനത്തിൽ ആയിരിക്കും എന്നാണ് ഇതിൽനിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. പരലോകത്ത് അല്ലാഹുവിന്റെ അർശിനെ വഹിക്കുന്നവരും അതിനെ വലയംചെയ്യുന്നവരും സ്വർഗത്തിന്റെ കാവൽക്കാരായവരും നരകത്തിന്റെ കാവൽക്കാരായവരുമെല്ലാം അവരിലുണ്ട്. മറ്റു മലക്കുകളുടെ പ്രവൃത്തികളെ പറ്റി അല്ലാഹുവിനേ അറിയൂ. എല്ലാവരും അല്ലാഹുവിന്റെ പ്രത്യേകമായ സ്ഥാനത്ത്, അവന്റെ കൽപനകൾ നിറവേറ്റുന്നവരായിരിക്കും എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്.

ജിന്നുകൾ അല്ലാഹുവിന്റെ മറ്റൊരു സൃഷ്ടികളാണ്. ഓരോ സൃഷ്ടിക്കും അല്ലാഹു അതാത് പ്രകൃതം നൽകിയിട്ടുണ്ട്. പറവകൾക്കുള്ള കഴിവ് മനുഷ്യർക്കോ മൃഗങ്ങൾക്കോ ഇല്ല. അങ്ങനെ ഇല്ലെന്നുവെച്ച് പറവകളുടെ കഴിവിനെ ആരും തള്ളിക്കളയുന്നില്ലല്ലോ. മൃഗങ്ങൾക്കുള്ള കഴിവുകളെല്ലാം മനുഷ്യർക്കോ പറവകൾക്കോ ഇതര സൃഷ്ടികൾക്കോ ഉണ്ടാകണമെന്നുമില്ല. അത് ഇല്ലെന്നുവെച്ച് ആരും അവയുടെ കഴിവുകളെയും പ്രത്യേകതകളെയും തള്ളിക്കളയുന്നില്ലല്ലോ. ഇതുപോലെ അല്ലാഹു ഓരോ സൃഷ്ടിക്കുംഅതാതിന് വേണ്ടതായ കഴിവുകളും പ്രത്യേകതകളും നൽകിയിട്ടുണ്ട്. മലക്കുകൾ മനുഷ്യരൂപത്തിൽ വന്ന എത്രയോ സംഭവങ്ങൾ ക്വുർആനിലും ഹദീസുകളിലും പ്രതിപാദിച്ചിട്ടുണ്ട്. അത് അല്ലാഹു അവർക്ക് നൽകിയ പ്രത്യേകതയാണ്. അത് വിശ്വസിക്കുന്നതുകൊണ്ടോ അംഗീകരിക്കുന്നതുകൊണ്ടോ ഒരാളും അന്ധവിശ്വാസിയാകുകയല്ല ചെയ്യുന്നത്; യഥാർഥ വിശ്വാസിയാകുകയാണ് ചെയ്യുന്നത്. കാരണം, പ്രമാണങ്ങളെ സത്യപ്പെടുത്തുകയാണല്ലോ അത് അംഗീകരിക്കുന്നതിലൂടെ അവൻ ചെയ്യുന്നത്. ഇതുപോലെ ജിന്നുകൾക്കുള്ള പ്രത്യേകതകളും നാം അംഗീകരിച്ചേ പറ്റൂ.

ജിന്നുകൾ എന്ന ഒരു വിഭാഗമേ ഇല്ല എന്നും അത് അറബികളിലെ കാടന്മാരും അധഃകൃതരുമായ മനുഷ്യർക്ക് പറയുന്ന പേരാണ് എന്നുമെല്ലാം വ്യാഖ്യാനിച്ചവരുണ്ട്. യുക്തിയുടെ ആളുകളായി ചമഞ്ഞ് മണ്ടത്തരങ്ങൾ മാത്രം എഴുന്നള്ളിക്കുന്ന ഈ സാധുക്കളെ അവരുടെ വഴിക്ക് വിടാം. കാരണം, ആരെയും നിർബന്ധിക്കുവാനോ സമ്മർദം ചെലുത്താനോ ഈ മതം പഠിപ്പിക്കുന്നില്ല. ഇത് ഒരു ഉദ്ബോധനം മാത്രം. ആർക്കും സ്വീകരിക്കുകയും തിരസ്കരിക്കുകയും ചെയ്യാം. ഏതിനും അർഹമായ പ്രതിഫലം നൽകാൻ അല്ലാഹു കഴിവുള്ളവനാണ്.

മുഹമ്മദ് നബിﷺ ജിന്നുകളിലേക്കും മനുഷ്യരിലേക്കുമുള്ള പ്രവാചകനാണ്. ജിന്നുകൾ നബിﷺ അറിഞ്ഞും അറിയാതെയും അദ്ദേഹത്തിൽനിന്ന് ക്വുർആൻ കേൾക്കുകയും വിശ്വസിക്കുകയും തൗഹീദ് ഉൾകൊള്ളുകയും ചെയ്തിട്ടുണ്ട്.

നഖ്ലത്ത് എന്ന പ്രദേശത്തുവെച്ച് ഒരിക്കൽ നബിﷺ സ്വഹാബിമാരെയും കൂട്ടി സ്വുബ്ഹി നമസ്കരിച്ചുകൊണ്ടിരിക്കുകയായിരുന്നു. നമസ്കാരത്തിൽ അവിടുന്ന് ക്വുർആൻ പാരായണം ചെയ്യാൻ തുടങ്ങി. ജിന്നുകൾ ചുറ്റുപാടും ഒരുമിച്ചുകൂടി. അവർ ശ്രദ്ധയോടെ നബിﷺയുടെ ക്വുർആൻ പാരായണം കേട്ടു. ഈ രംഗം നബിﷺ കണ്ടിട്ടില്ലായിരുന്നു. അല്ലാഹു വഹ്‌യിലൂടെ അറിയിച്ചപ്പോഴാണ് നബിﷺ ഈ സംഭവം അറിയുന്നത്. അവർ ക്വുർആൻ കേട്ട സംഭവം സൂറത്തുൽ ജിന്നിന്റെ തുടക്കത്തിൽ തന്നെ നമുക്ക് കാണാവുന്നതാണ്:

"(നബിയേ,) പറയുക: ജിന്നുകളിൽ നിന്നുള്ള ഒരു സംഘം ക്വുർആൻ ശ്രദ്ധിച്ചുകേൾക്കുകയുണ്ടായി എന്ന് എനിക്ക് ദിവ്യബോധനം നൽകപ്പെട്ടിരിക്കുന്നു. എന്നിട്ടവർ (സ്വന്തം സമൂഹത്തോട്) പറഞ്ഞു: തീർച്ചയായും അത്ഭുതകരമായ ഒരു ക്വുർആൻ ഞങ്ങൾ കേട്ടിരിക്കുന്നു. അത് സൻമാർഗത്തിലേക്ക് വഴികാണിക്കുന്നു. അതുകൊണ്ട് ഞങ്ങൾ അതിൽ വിശ്വസിച്ചു. മേലിൽ ഞങ്ങളുടെ രക്ഷിതാവിനോട് ആരെയും ഞങ്ങൾ പങ്കുചേർക്കുകയേ ഇല്ല" (ക്വുർആൻ 72:1,2).

ജിന്നുകൾ ക്വുർആൻ കേട്ട ഈ സംഭവം നബിﷺ അറിയുന്നത് വഹ്‌യിലൂടെ ആയിരുന്നു എന്ന് ഈ ഭാഗം നമുക്ക് വ്യക്തമാക്കിത്തരുന്നുണ്ട്. അവർ ക്വുർആൻ കേൾക്കുകയും അതിൽ ആകൃഷ്ടരാകുകയും അതിന്റെ ആശയം അവർക്ക് ബോധ്യപ്പെടുകയും ചെയ്തു. ക്വുർആൻ സത്യമാണെന്നും അത് സത്യത്തിലേക്കാണ് വഴികാണിക്കുന്നത് എന്നും മനസ്സിലാക്കിയ ഈ ജിന്നുകൾ; അവരുടെ കൂട്ടുകാരിലേക്കു ചെന്ന് ഈ അത്ഭുതകരമായ ക്വുർആനിനെ കുറിച്ച് പറയുകയും ഞങ്ങൾ അതിൽ വിശ്വസിച്ചിരിക്കുകയാണെ

ന്നും ഞങ്ങളുടെ രക്ഷിതാവിൽ ഒരാളെയും ഞങ്ങൾ പങ്കുചേർക്കുകയില്ലെന്നും പ്രഖ്യാപിക്കുകയും ചെയ്തു.

മറ്റൊരു സ്ഥലത്തും ജിന്നുകൾ ക്വുർആൻകേട്ട സംഭവം ക്വുർആനിൽ വിവരിക്കുന്നുണ്ട്. ഇത് സൂറത്തുൽ ജിന്നിൽ പറഞ്ഞ സന്ദർഭമാണോ അതല്ല മറ്റൊരു സന്ദർഭമാണോ എന്ന കാര്യത്തിൽ മുഫസ്സിറുകൾക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്.

"ജിന്നുകളിൽ ഒരു സംഘത്തെ നാം നിന്റെ അടുത്തേക്ക് ക്വുർആൻ ശ്രദ്ധിച്ചുകേൾക്കുവാനായി തിരിച്ചുവിട്ട സന്ദർഭം (ശ്രദ്ധേയമാണ്). അങ്ങനെ അവർ അതിന് സന്നിഹിതരായപ്പോൾ അവർ അന്യോന്യം പറഞ്ഞു: നിങ്ങൾ നിശ്ശബ്ദരായിരിക്കൂ. അങ്ങനെ അത് കഴിഞ്ഞപ്പോൾ അവർ തങ്ങളുടെ സമുദായത്തിലേക്ക് താക്കീതുകാരായിക്കൊണ്ട് തിരിച്ചുപോയി. അവർ പറഞ്ഞു: ഞങ്ങളുടെ സമുദായമേ, തീർച്ചയായും മൂസായ്ക്ക് ശേഷം അവതരിപ്പിക്കപ്പെട്ടതും അതിന് മുമ്പുള്ളതിനെ സത്യപ്പെടുത്തുന്നതുമായ ഒരു വേദഗ്രന്ഥം ഞങ്ങൾ കേട്ടിരിക്കുന്നു. സത്യത്തിലേക്കും നേരായ പാതയിലേക്കും അത് വഴി കാട്ടുന്നു. ഞങ്ങളുടെ സമുദായമേ, അല്ലാഹുവിങ്കലേക്ക് വിളിക്കുന്ന ആൾക്ക് നിങ്ങൾ ഉത്തരം നൽകുകയും അദ്ദേഹത്തിൽ നിങ്ങൾ വിശ്വസിക്കുകയും ചെയ്യുക. അവൻ നിങ്ങൾക്ക് നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും വേദനയേറിയ ശിക്ഷയിൽനിന്ന് അവൻ നിങ്ങൾക്ക് അഭയം നൽകുകയും ചെയ്യുന്നതാണ്. അല്ലാഹുവിങ്കലേക്ക് വിളിക്കുന്ന ആൾക്ക് വല്ലവനും ഉത്തരം നൽകാതിരിക്കുന്നപക്ഷം ഈ ഭൂമിയിൽ (അല്ലാഹുവെ) അവന്ന് തോൽപിക്കാനാവില്ല. അല്ലാഹുവിന് പുറമെ അവനു രക്ഷാധികാരികൾ ഉണ്ടായിരിക്കുകയുമില്ല. അത്തരക്കാർ വ്യക്തമായ വഴികേടിലാകുന്നു" (ക്വുർആൻ 46:29-32).

അല്ലാഹു ഒരു സംഘം ജിന്നുകളെ (അവരുടെ എണ്ണം എത്രയാണെന്ന് നമുക്ക് അറിഞ്ഞുകൂടാ) നബിﷺയിലേക്ക് തിരിച്ചുവിടുകയും അവർ ക്വുർആൻ പാരായണം ശ്രദ്ധിച്ച് കേൾക്കുകയും ചെയ്തു. ജിന്നുകൾക്ക് മനുഷ്യരുടെ ശബ്ദം കേൾക്കാൻ സാധിക്കും എന്നത് ഇതിൽ നിന്ന് മനസ്സിലാക്കാം. എവിടെ വെച്ചും ആരുടെ ശബ്ദവും കേൾക്കാനുള്ള കഴിവ് അവർക്കെന്നല്ല ഒരു പടപ്പിനും അല്ലാഹു നൽകിയിട്ടില്ല. അത് അല്ലാഹുവിന്റെ മാത്രം പ്രത്യേകതയാണ്. ജിന്നുകളുടെ കേൾവിക്കും പരിധിയുണ്ട്. അതുകൊണ്ടാണല്ലോ അവരുടെ ആളുകളിലേക്ക് ചെന്ന് അവർ കേട്ട ക്വുർആനിനെപ്പറ്റി പറഞ്ഞുകൊടുത്തത്.

നബിﷺ ക്വുർആൻ പാരായണം ചെയ്യുന്നത് കേൾക്കാൻ ഹാജരായ ജിന്നുകൾ ആ ക്വുർആൻ പാരായണം നന്നായി കേൾക്കുന്നതിന് വേണ്ടി മിണ്ടാതിരിക്കാൻ കൽപിച്ചു. കലപില ശബ്ദമുണ്ടാക്കിയാൽ അവർക്ക് അത് മനസ്സിലാക്കാൻ സാധിക്കില്ലല്ലോ.

ക്വുർആൻ കേട്ടതിനുശേഷം അവരുടെ ജനതയിലേക്ക് മുന്നറിയിപ്പു നൽകുന്നവരായി അവർ പോയി. തൗറാത്തിനെ സംബന്ധിച്ച് അറിവുള്ളവരാണ് ഈ വന്ന ജിന്നുകളും അവരുടെ സമൂഹവും എന്ന് മനസ്സിലാക്കാം. അതിനാലാണല്ലോ മുമ്പ് മൂസായ്ക്ക് ഇറക്കപ്പെട്ട തൗറാത്തിന് ശേഷം ഇറക്കപ്പെട്ട ഗ്രന്ഥമാണ് ഇത് (ക്വുർആൻ) എന്നും ഇതിന്റെ മുമ്പുള്ളവയെ അത് സത്യപ്പെടുത്തുകയാണ് ചെയ്യുന്നതെന്നും അവർ പറഞ്ഞത്. ഇഞ്ചീൽ അടക്കമുള്ള മുൻ വേദഗ്രന്ഥങ്ങളെ പറ്റി അവർക്ക് അറിയാമെന്നല്ലേ നാം അവരുടെ ഈ സംസാരത്തിൽ നിന്ന് മനസ്സിലാക്കേണ്ടത്? (അല്ലാഹുവാണ് ഏറ്റവുംനന്നായി അറിയുന്നവൻ).

തങ്ങളുടെ സമൂഹത്തിലേക്കു ചെന്ന്, നേർവഴി കാണിക്കുന്ന ഈ ഗ്രന്ഥത്തെ പിന്തുടരണമെന്നും ഈ ഗ്രന്ഥത്തിന്റെ വഴിയിലൂടെ ജീവിച്ചെങ്കിലേ പരലോകത്ത് രക്ഷയുള്ളൂ എന്നും നബിﷺയുടെ വിളിക്ക് ഉത്തരം നൽകാത്തവർക്ക് കഠിനശിക്ഷയാണ് വരാനിരിക്കുന്നതെന്നും അവർ താക്കീത് ചെയ്തു. അല്ലാഹുവിന്റെ ദൂതന്റെ വിളിക്ക് ഉത്തരം നൽകിക്കൊണ്ട് കേട്ടും അനുസരിച്ചും ജീവിക്കുന്നവരുടെ പാപങ്ങൾ അല്ലാഹു പൊറുത്തുകൊടുക്കുകയും നരകശിക്ഷയിൽനിന്ന് അവർക്ക് മോചനം നൽകുകയും ചെയ്യുമെന്ന സന്തോഷവാർത്തയും അവർ നൽകി.

ക്വുർആൻ കേട്ടമാത്രയിൽ ജിന്നുകൾ അതിൽ വിശ്വസിച്ച വിവരം നബിﷺയെ അല്ലാഹു അറിയിക്കുന്നതിൽ അവിടുത്തേക്ക് ഒരു ആശ്വാസം പകരലും ഉണ്ട്. തന്നെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്ത നാട്ടുകാർ ഈ ഗ്രന്ഥത്തെ കളവാക്കുന്ന അവസ്ഥയിൽ മനസ്സു വേദനിച്ചിരിക്കെ, അപരിചിതരായ ജിന്നുകൾക്ക് പോലും ഇതിലെ സത്യം മനസ്സിലാക്കാൻ കഴിയുകയും അവർ അതിൽ വിശ്വസിക്കുകയും ചെയ്തല്ലോ എന്നത് നബിﷺക്ക് ആശ്വാസം പകരുമല്ലോ.

## ഗുണം ചെയ്ത ആരോപണങ്ങൾ

നബിﷺക്ക് എതിരിൽ ശത്രുക്കൾ ധാരാളം ആരോപണങ്ങൾ തൊടുത്തുവിടുകയുണ്ടായി എന്ന് നാം മനസ്സിലാക്കി. എന്നാൽ ഇതിലൂടെ ജനങ്ങൾക്കിടയിൽ നബിﷺയുടെ മികവും വളർച്ചയും പ്രശസ്തിയും സ്ഥാനവും വർധിക്കുക മാത്രമാണ് ഉണ്ടായത്. മാത്രവുമല്ല, പല ആരോപണങ്ങളും ചിലർ ഇസ്‌ലാമിലേക്ക് പ്രവേശിക്കാൻ പോലും ഇടയുണ്ടാക്കിയിട്ടുണ്ട്.

നബിﷺയെ സംബന്ധിച്ച് പറഞ്ഞുപരത്തിയ ആരോപണങ്ങളുടെ നിജസ്ഥിതി അറിയാനായി അദ്ദേഹത്തെ സമീപിച്ച ആളുകൾ നബിﷺയിൽ വിശ്വസിച്ച് തിരിച്ചുപോകുന്ന കാഴ്ചകളാണ് ചരിത്രത്തിൽ നമുക്ക് കാണാൻ സാധിക്കുക. ഇസ്‌ലാമിലേക്ക് ആളുകൾ ആകർഷിക്കപ്പെടാതിരിക്കുവാനും മുഹമ്മദ് നബിﷺയിൽ വിശ്വസിക്കാതിരിക്കുവാനും ആയിരുന്നല്ലോ ശത്രുക്കൾ ഈ വേലകളെല്ലാം ഒപ്പിച്ചത്. എന്നാൽ ഏതൊരു ലക്ഷ്യത്തിനായി ശത്രുക്കൾ ആരോപണങ്ങൾ മെനഞ്ഞുണ്ടാക്കിയോ, അതെല്ലാം തകിടം മറിയുന്നതായും അവരുടെ മുഴുവൻ കുതന്ത്രങ്ങളും ഫലം കാണാതെ തകർന്നടിയുന്നതായുമാണ് ചരിത്രം നമുക്ക് പറഞ്ഞുതരുന്നത്. ഒരു സംഭവം കാണുക:

ഇബ്നു അബ്ബാസിﷺൽനിന്ന് നിവേദനം: 'ദ്വിമാദ് മക്കയിൽ വന്നു. അദ്ദേഹം അസ്ദ് ശനൂഅയിൽ പെട്ട ആളായിരുന്നു. അദ്ദേഹം ജിന്നുബാധിച്ചവരെ മന്ത്രിക്കുന്ന ആളായിരുന്നു. അങ്ങനെ അദ്ദേഹം മക്കക്കാരിലെ (ചില) വിഡ്ഢികളെ കേൾക്കുകയുണ്ടായി. അവർ പറയുന്നു; തീർച്ചയായും മുഹമ്മദ് ഭ്രാന്തനാകുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇയാളെ ഞാൻ കണ്ടിരുന്നെങ്കിൽ, എന്റെ കൈയാൽ അല്ലാഹു അദ്ദേഹത്തിന് ശമനം നൽകിയേക്കാം.' (ഇബ്നു അബ്ബാസ്) പറഞ്ഞു: അങ്ങനെ അദ്ദേഹം (നബിയെ) കണ്ടു. എന്നിട്ട് ചോദിച്ചു: 'ഓ, മുഹമ്മദ്! തീർച്ചയായും ഞാൻ ഇതുപോലുള്ള ജിന്നുബാധിതരെ മന്ത്രിക്കുന്നവനാണ്. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് എന്റെ കൈയാൽ അവൻ ശമനം നൽകുന്നു. അതിനാൽ താങ്കൾക്കും (ഞാൻ മന്ത്രിക്കട്ടെയോ)?' അപ്പോൾ അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: 'തീർച്ചയായും അല്ലാഹുവിനാകുന്നു സർവസ്തുതിയും. നാം അവനെ സ്തുതിക്കുകയും അവനോട് സഹായം തേടുകയും ചെയ്യുന്നു. അല്ലാഹു ഏതൊരുവനെ സന്മാർഗത്തിലാക്കിയോ അവനെ വഴിപിഴപ്പിക്കുന്നവനായി ആരുമില്ല. അവൻ ആരെ വഴികേടിലാക്കിയോ അവനെ സന്മാർഗത്തിലാക്കുന്നവനുമില്ല. അല്ലാഹു അല്ലാതെ ആരാധ്യനില്ലെന്നും അവൻ ഏകനാണെന്നും അവന് പങ്കുകാരില്ലെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. തീർച്ചയായും മുഹമ്മദ് അവന്റെ അടിമയും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.' അതിന് ശേഷം, അദ്ദേഹം -ഇബ്നു അബ്ബാസ്ﷺ- പറയുന്നു: അപ്പോൾ അദ്ദേഹം (ദ്വിമാദ്) പറഞ്ഞു: 'ഈ വാചകങ്ങൾ എനിക്കു വേണ്ടി ഒരിക്കൽകൂടെ ആവർത്തിച്ചാലും.' അപ്പോൾ അല്ലാഹുവിന്റെ റസൂൽﷺ അവ മൂന്നുതവണ ആവർത്തിച്ചു പറഞ്ഞു. അദ്ദേഹം -ഇബ്നു അബ്ബാസ്ﷺ- പറയുന്നു: അപ്പോൾ അദ്ദേഹം (ദ്വിമാദ്) പറഞ്ഞു: 'ഞാൻ ജ്യോത്സ്യന്റെ വാക്കുകളും മാരണക്കാരന്റെ വാക്കുകളും കവികളുടെ വാക്കുകളും കേട്ടിട്ടുണ്ട്. എന്നാൽ ഈ വചനങ്ങളെ പോലെയൊന്ന് ഞാൻ കേട്ടിട്ടില്ല. തീർച്ചയായും (ഈ വചനങ്ങൾ) സമുദ്രത്തിന്റെ അടിത്തട്ടിലേക്ക് ആഴ്ന്നിറങ്ങുന്നവയാണ്.' അദ്ദേഹം -ഇബ്നു അബ്ബാസ്ﷺ- പറയുന്നു: അപ്പോൾ അദ്ദേഹം പറഞ്ഞു: 'താങ്കളുടെ കൈകൾ എനിക്ക് നൽകിയാലും. ഇസ്‌ലാമിന്റെ പേരിൽ ഞാൻ അങ്ങേക്ക് ഉടമ്പടി ചെയ്യാം.' അദ്ദേഹം -ഇബ്നു അബ്ബാസ്ﷺ- പറയുന്നു: അങ്ങനെ അദ്ദേഹം (ദ്വിമാദ്) നബിﷺക്ക് കരാർ ചെയ്തു. എന്നിട്ട് അല്ലാഹുവിന്റെ റസൂൽﷺ ചോദിച്ചു: 'താങ്കളുടെ ജനതയോടും (ഇപ്രകാരം ചെയ്യുമോ?).' അദ്ദേഹം പറഞ്ഞു: 'എന്റെ സമൂഹത്തോടും (ഞാൻ ഇപ്രകാരം ചെയ്യും).'

മക്കയിൽ നിന്ന് അകലെയുള്ള ഒരു നാട്ടുകാരനാണ് ദ്വിമാദ്ﷺ. അദ്ദേഹം ആദ്യകാലത്ത് മുസ്‌ലിം ആയിരുന്നില്ല. അങ്ങനെ ഒരുദിവസം അദ്ദേഹം മക്കയിലേക്ക് വരികയാണ്. മക്കയിൽ എത്തിയപ്പോൾ മക്കക്കാർ പ്രവാചകനെ കുറിച്ച് അദ്ദേഹം ഭ്രാന്തനാണെന്നും ജിന്ന് ബാധിച്ചിട്ടുണ്ടെന്നുമൊക്കെ പറയുന്നത് കേൾക്കാൻ ഇടയായി. മക്കക്കാർ ഇപ്രകാരം പറയുന്നത് ആരും അദ്ദേഹത്തെ പിന്തുടരാതിരിക്കാൻ വേണ്ടിയാണ്; പ്രവാചകനിൽ വിശ്വസിക്കാതിരിക്കാൻ വേണ്ടിയാണ്. ഇത് മക്കയിൽ എത്തിയ ദ്വിമാദിﷺന് അറിയുമായിരുന്നില്ല. ഈ സംസാരങ്ങൾ കേട്ടപ്പോൾ ഈ പറയപ്പെടുന്ന മുഹമ്മദിനെ ചികിത്സിച്ച് സുഖപ്പെടുത്താം എന്ന് ആത്മാർഥമായി അദ്ദേഹം വിചാരിച്ചു. തന്റെ ചികിത്സയിലൂടെ അല്ലാഹു അദ്ദേഹത്തിന് ശമനം നൽകിയാലോ എന്ന് അദ്ദേഹം പറയുകയും ചെയ്തു. (തുടരും)

മുജീബ് ഒട്ടുമ്മൽ
mujeeb.ottummal@gmail.com

കവർ സ്റ്റോറി



# തിരിച്ചറിവിന്റെ കോവിഡ് കാലം

**നാശനഷ്ടങ്ങളോടൊപ്പം ഓരോ ദുരന്തവും സമൂഹത്തിന് കൈമാറുന്നത് തിരിച്ചറിവിന്റെ ഒരായിരം പാഠങ്ങളാണ്. ജീവിതത്തെ ചിട്ടപ്പെടുത്തിയ കോവിഡ്കാല ദിനങ്ങളെ മാതൃകയാക്കിയാൽ ഒരു പരിധിവരെ നമുക്ക് ഭാവിയിൽ ഇത്തരം പ്രതിസന്ധികളെ മറികടക്കാൻ കഴിഞ്ഞേക്കാം.**

**2019** ഡിസംബറിൽ മധ്യചൈനയിലെ വുഹാനിലെ മാംസ മാർക്കറ്റിൽനിന്ന് ഉൽഭവിച്ചെന്ന് അനുമാനിക്കുന്ന കൊറോണ വൈറസിന്റെ പിടിയിൽനിന്ന് ലോകം ഇന്നും മുക്തമായിട്ടില്ല. മാനവരാശിയുടെ ജീവിതവും ഉപജീവനങ്ങളും വ്യവഹാരങ്ങളുമെല്ലാം വലിയ മാറ്റങ്ങൾക്ക് വിധേയമായ മഹാമാരിയുടെ കാലം!

ലോക്ക് ഡൗൺ, സോഷ്യൽ ഡിസ്റ്റൻസിങ്ങ്, ക്വാറന്റൈൻ, സെൽഫ് ക്വാറന്റൈൻ, റിവേഴ്സ് ക്വാറന്റൈൻ തുടങ്ങിയ 'മനോഹരമായ' പദങ്ങളിലൂടെ, സർവാധിപത്യത്തിന്റ മേനിനടിച്ച മനുഷ്യനു കിട്ടിയ ഏറ്റവും വലിയ പ്രഹരം. എല്ലാ പ്രതീക്ഷകൾക്കും അറുതിവരുത്തി മനുഷ്യജീവനുകൾ കൊയ്തെടുത്തുകൊണ്ട് സംഹാരതാണ്ഡവമാടിയ ഈ മഹാമാരിയുടെ കാലം തിരിച്ചറിവും വീണ്ടുവിചാരവും മനുഷ്യന് പകർന്നു നൽകേണ്ടതായിരുന്നു.

ഒറ്റപ്പെടലിന്റെ നീരസം മനസ്സിനെ മടുപ്പിച്ച 'ക്രൂരമായ' ഏകാന്തതയുടെ ഇരയായി മനുഷ്യൻ മാറിയതും ഈ പാൻഡമിക് കാലത്താണ്. ഉറ്റവർ മരണപ്പെട്ടപ്പോൾ അവസാനമായൊന്നു കാണാനും അനിവാര്യമായ അന്ത്യകർമങ്ങളിലേർപ്പെടാനുമുള്ള ആഗ്രഹങ്ങൾക്ക് കോവിഡ് മാനദണ്ഡങ്ങൾ വിലങ്ങായതിലെ സങ്കടം പറഞ്ഞറിയിക്കാൻ പറ്റാത്തതായിരുന്നു.

നിത്യച്ചെലവിനായി അത്യധ്വാനം ചെയ്തിരുന്ന തൊഴിലാളികളുടെ കരങ്ങൾക്ക് അനിവാര്യമായ വിശ്രമമേർപ്പെടുത്തിയപ്പോൾ ഉയർന്നത് വിശന്ന വയറുകളുടെ നിസ്സഹായമായ നെടുവീർപ്പുകളായിരുന്നു. ചെറുകിട വ്യവസായം, കൃഷി, കച്ചവടം മുതലായ വയിലൂടെ അന്നം തേടിയവരുടെ നിശ്ചലതയിൽ തകർന്ന സ്വപ്നങ്ങൾക്ക് പഴയതുപോലെ ജീവൻ നൽകാനിനി ആർക്കാണ് സാധിക്കുക?

ലോക്ഡൗൺ പ്രഖ്യാപിച്ചതിനെ തുടർന്ന് സ്വന്തം ഗ്രാമങ്ങളിലേക്ക് പലായനം ചെയ്തിരുന്ന കുടിയേറ്റ തൊഴിലാളി കുടുംബങ്ങളുടെ നിരാശമുറ്റിയ മുഖങ്ങളും അവരുടെ കരങ്ങളിലെ നിഷ്കളങ്ക ബാല്യങ്ങളുടെ കരയുന്ന വദനങ്ങളും മനസ്സിൽനിന്ന് പെട്ടെന്ന് മാഞ്ഞുപോകുന്നവയല്ല. ഭക്ഷണവും വെള്ളവും ലഭിക്കാതെ വിശന്നുവലഞ്ഞ് വഴിയോരങ്ങളിൽ വീണുപൊലിഞ്ഞ മനുഷ്യജീവനുകളെയും മറക്കാൻ സാധ്യമല്ല. മധ്യപ്രദേശിലെ സ്വന്തം ഗ്രാമങ്ങളിലേക്ക് പലായനം ചെയ്യുന്നതിനിടയിൽ മഹാരാഷ്ട്രയിലെ ഔറംഗബാദിലെ റെയിൽവേ ട്രാക്കിൽ വിശ്രമിക്കവെ പാഞ്ഞുകയറിയ ചരക്കുവണ്ടിക്കടിയിൽ ചതഞ്ഞരഞ്ഞത് കുട്ടികളടക്കമുള്ള 16 കുടിയേറ്റ തൊഴിലാളികളുടെ ജീവനാണ്. അവരുടെ ചിതറിക്കിടക്കുന്ന ശരീരാവയവങ്ങളുടെ ചിത്രങ്ങൾ ആരുടെയും കണ്ണു നനയിക്കുന്നതായിരുന്നു.

### പാൻഡമിക്കും സാമൂഹികാന്തരങ്ങളും

തൊഴിലിടങ്ങൾ അടച്ചുപൂട്ടിയതും കാർഷികമേഖല നിശ്ചലമായതും ചെറുകിട, ഇടത്തരം കച്ചവട സംരംഭങ്ങൾ അകാല ചരമമടഞ്ഞതുമെല്ലാം ഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെ ഉപജീവനത്തെ അവതാളത്തിലാക്കിയിട്ടുണ്ട്. അതിന്റെ ഫലമായി തൊഴിലില്ലായ്മ ക്രമാതീതമായി വർധിക്കുകയും വേതനങ്ങൾ ഗണ്യമായി കുറയുകയും ചെയ്തു. പാൻഡമിക്കാനന്തരം ഐക്യരാഷ്ട്രസഭയുടെ കണക്കനുസരിച്ച് 200 ദശലക്ഷം പേർ ദാരിദ്ര്യത്തിലേക്ക് കൂപ്പുകുത്തിയിട്ടുണ്ട്.

2020 മരണങ്ങളുടെ വർഷമായി വിശേഷിപ്പിക്കപ്പെടുന്നു! മനുഷ്യജീവനുകൾക്ക് വിലകൽപിക്കാത്ത വിധം വെറും സ്ഥിതിവിവരക്കണക്കുകളിൽ പരിമിതപ്പെട്ട വർഷം. ഏകദേശം ഇരുപത് ലക്ഷത്തോളം ആളുകളാണ് കോവിഡ് ബാധയാൽ മരണത്തിന് കീഴടങ്ങിയത്. മുതലാളിത്തവും സാമ്രാജ്യത്വവും വാഴുന്ന വികസിത രാജ്യങ്ങളിലാണ് മരണങ്ങളേറെയും നടന്നത്. കച്ചവട താൽപര്യങ്ങൾക്ക് മുമ്പിൽ മനുഷ്യജീവനുകളുടെ വില ഇത്രയേയുള്ളൂ എന്ന് ബോധ്യപ്പെടുത്തുന്നതാണ് പടിഞ്ഞാറൻ രാജ്യങ്ങളിലെ സംഭവ വികാസങ്ങൾ. കോവിഡ് 19 ശക്തി പ്രാപിച്ചതോടെ ഭക്ഷ്യധാന്യങ്ങൾക്കും അവശ്യവസ്തുക്കൾക്കും ക്ഷാമം നേരിടുമെന്ന് ഭയന്ന്, സ്വാർഥതയിൽ മലിനമായ മനസ്സിന്റെ ഉടമകളായ മനുഷ്യർ പ്രതിരോധത്തിനായി തോക്കുകളും വെടിക്കോപ്പുകളും വാങ്ങിക്കൂട്ടിയത് അമേരിക്കപോലുള്ള സമ്പന്ന രാജ്യങ്ങളിലാണ്.

കോവിഡ് 19ന്റെ വ്യാപനത്തിന്റെയും മരണങ്ങളുടെയും കണക്കുകൾ അവതരിപ്പിച്ച് ജനങ്ങളെ ഭയത്തിന്റെയും ആശങ്കയുടെയും നിഴലിൽ നിർത്തി അധികാരം വിപുലപ്പെടുത്താനുള്ള ശ്രമങ്ങളും നാം കണ്ടു. അധികാരികളുടെ അരുതായ്മകൾക്കും അനീതിക്കുമെതിരിൽ ശബ്ദിക്കുന്നവരെ നിശ്ശബ്ദമാക്കാനുള്ള നിയമ നടപടികളിൽ

> **ലോക്ഡൗൺ പ്രഖ്യാപിച്ചതിനെ തുടർന്ന് സ്വന്തം ഗ്രാമങ്ങളിലേക്ക് പലായനം ചെയ്തിരുന്ന കുടിയേറ്റ തൊഴിലാളി കുടുംബങ്ങളുടെ നിരാശമുറ്റിയ മുഖങ്ങളും അവരുടെ കരങ്ങളിലെ നിഷ്കളങ്ക ബാല്യങ്ങളുടെ കരയുന്ന വദനങ്ങളും മനസ്സിൽനിന്ന് പെട്ടെന്ന് മാഞ്ഞുപോകുന്നവയല്ല. മധ്യപ്രദേശിലെ സ്വന്തം ഗ്രാമങ്ങളിലേക്ക് പലായനം ചെയ്യുന്നതിനിടയിൽ മഹാരാഷ്ട്രയിലെ ഔറംഗബാദിലെ റെയിൽവേ ട്രാക്കിൽ വിശ്രമിക്കവെ പാഞ്ഞുകയറിയ ചരക്കുവണ്ടിക്കടിയിൽ ചതഞ്ഞരഞ്ഞത് കുട്ടികളടക്കമുള്ള 16 കുടിയേറ്റ തൊഴിലാളികളുടെ ജീവനാണ്. അവരുടെ ചിതറിക്കിടക്കുന്ന ശരീരാവയവങ്ങളുടെ ചിത്രങ്ങൾ ആരുടെയും കണ്ണു നനയിക്കുന്നതായിരുന്നു.**

തുറുങ്കിലടക്കപ്പെട്ട എത്രയോ പേർ സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായുവിന് വേണ്ടി കേഴുകയാണ്. പ്രതിപക്ഷത്തുള്ളവരും മാധ്യമ പ്രവർത്തകരും സാധാരണക്കാരുമാണ് വ്യാജമായ കേസുകളുടെ കുരുക്കുകളിൽ ബന്ധിക്കപ്പെട്ടത്. പട്ടിണിപ്പാവങ്ങൾക്ക് ഭക്ഷണമെത്തിച്ചവരെയും ആരോഗ്യമേഖലയിൽ നിസ്വാർഥമായി സേവിച്ചവരെയും വൈറസ് വാഹകരായി ചിത്രീകരിച്ചുകൊണ്ടാണ് അധികാരിവർഗം നിശ്ശബ്ദരാക്കിയത്. അതിനുവേണ്ടി നിയമനിർമാണങ്ങൾവരെ നടത്തി. തൊഴിലാളികൾക്കും കർഷകർക്കും ന്യൂനപക്ഷ വിഭാഗങ്ങൾക്കുമെതിരെയാണ് കരിനിയമങ്ങളേറെയും രൂപപ്പെടുത്തിയത്.

തങ്ങൾക്ക് വഴങ്ങാത്തവരുടെ മാധ്യമ പ്രവർത്തനങ്ങൾക്ക് കുരുക്കേർപ്പെടുത്തിയപോലെ നിയന്ത്രണ വലയങ്ങൾക്ക് പുറത്തായ സമൂഹമാധ്യമങ്ങളിലൂടെയുള്ള വിമർശനങ്ങളിൽ പുളഞ്ഞ അധികാരിവർഗം ഇന്റർനെറ്റ് സ്വാതന്ത്ര്യം ഹനിക്കുകയായിരുന്നുവെന്നതും ശ്രദ്ധേയമാണ്.

ഭരണകൂടങ്ങൾ അവരുടെ അധികാര പരിധികൾ നിയമനിർമാണങ്ങളിലൂടെ വിശാലമാക്കുകയും മുതലാളിത്ത മേൽക്കോയ്മയിലൂടെ സമ്പന്നർ തടിച്ചുകൊഴുക്കുകയും ചെയ്തുവെന്നതാണ് ഈ പാൻഡമിക് കാലം നൽകുന്ന മറ്റൊരു പാഠം. പല മേഖലകളും സാമ്പത്തികമായി തകർന്നടിഞ്ഞപ്പോഴും ലോകത്തെവിടെയുമുള്ള സമ്പന്നരുടെ സാമ്പത്തിക വളർച്ച ക്രമാതീതമായി വർധിക്കുകയാണുണ്ടായതെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഇന്ത്യയിലെ ഒരു ശതമാനം മാത്രമായ സമ്പന്നർ രാജ്യത്തെ മൊത്തം ആസ്തിയുടെ 39 ശതമാനമാണ് അധീനപ്പെടുത്തിയതത്രെ! അമേരിക്കയിലെ ബിൽഗേറ്റ്സ്, സുക്കർബർഗ് അടക്കം 650 ഓളം അതിസമ്പന്നരുടെ ആസ്തിയിൽ വമ്പിച്ച വർധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ചുരുക്കത്തിൽ, ദരിദ്രർ കൂടുതൽ നിസ്സഹായതയിലേക്ക് കൂപ്പുകുത്തുകയും സമ്പന്നർ കൂടുതൽ സാമ്പത്തികാധീശത്വത്തിലേക്കും അധികാരിവർഗങ്ങൾ കൂടുതൽ മേൽക്കോയ്മയിലേക്കും ശക്തിപ്പെടുകയും ചെയ്തുവെന്നതാണ് പാൻഡമിക് കാലത്തെ ഏറ്റവും വലിയ പാഠം.

## അനിവാര്യമായ തിരിച്ചറിവ്

മനുഷ്യജീവനെയും ജീവിതത്തെയും നിസ്സാരമായി കാണുന്ന, അധികാരത്തെയും സമ്പത്തിനെയും സമൃദ്ധിയെയും മാത്രം വിലമതിക്കുന്ന മുതലാളിത്ത സാമ്രാജ്യത്വ സംസ്കാരത്തിന്റ ഉപോൽപന്നമായിട്ടാണ് നടേ സൂചിപ്പിച്ച സാമൂഹികഭേദങ്ങൾ നിലകൊള്ളുന്നത്.

അനീതിയും അധർമവും കൊടികുത്തിവാഴും വിധം വിപണിയെ സ്വതന്ത്രവിഹാരത്തിനനുവദിക്കുന്നതാണ് ഇത്തരം സാമ്പത്തികാധീശത്വങ്ങൾ അരങ്ങ് തകർക്കുവാൻ കാരണം. അതിനാലാണ് സാമ്പത്തികരംഗം ധാർമികതയിലൂന്നിയതാകണമെന്ന് ചിന്തകൻമാർ അഭിപ്രായപ്പെടുന്നത്. സമ്പത്തിലുപരി മനുഷ്യർക്കും അവരുടെ ജീവനും പ്രാധാന്യം നൽകുന്ന, പലിശയും ചൂതാട്ടവും അശ്ലീലതയും അധർമവും അനീതിയുമെല്ലാം നിരാകരിക്കുന്ന സാമ്പത്തികനയം രൂപപ്പെടുത്തുന്നതിന്റെ അനിവാര്യത വിളിച്ചോതുന്നതാണ് ഈ പാൻഡമിക് കാലം.

മുതലാളിത്വത്തിന്റ സർവസ്വപ്നങ്ങളും തകർന്നുവീഴാൻ കാരണമാകുന്ന സാമ്പത്തിക രംഗത്തെ ധാർമികതയിലൂന്നിയ പ്രായോഗികനയം പ്രപഞ്ച സ്രഷ്ടാവായ അല്ലാഹുവിന്റെ മതം കൃത്യമായി വരച്ചുകാണിക്കുന്നുണ്ട്. അതിനാലാണ് സമാധാനത്തിന്റെ മതമായ വിശുദ്ധ ഇസ്‌ലാമിന് ഭീകരതയുടെ പരിവേഷം നൽകാൻ സാമ്രാജ്യത്വം കരുക്കൾ നീക്കുന്നത്.

ജനസംഖ്യയിൽ എത്രയോ ന്യൂനപക്ഷമായ സമ്പന്നരിൽ സമ്പത്ത് പരിമിതമാകുമ്പോൾ അതിന്റെ രണ്ടര ശതമാനം പാവപ്പെട്ടവന്റ അവകാശമാണെന്നാണ് ഇസ്‌ലാമിന്റ പാഠം. സകാത്ത് എന്ന സാങ്കേതിക പദംകൊണ്ട് സമ്പദ്ഘടനയെ 'മോറൽ എക്കോണമി'യിലേക്ക് ഇസ്‌ലാം കൈപിടിച്ചുയർത്തുന്നു. വിശപ്പ് രഹിതലോകം യാഥാർഥ്യമാകും വിധം പ്രോജ്വലമാണ് ഇസ്‌ലാം വിഭാവനം ചെയ്യുന്ന സമ്പദ്‌വ്യവസ്ഥ.

മഹാനായ ഖലീഫ ഉമർ ബിൻ അബ്ദിൽ അസീസി(റഹി)ന്റെ ഭരണകാലം. സകാത്തിലൂടെ ശേഖരിച്ച ധനവും ധാന്യങ്ങളും പൊതുഖജനാവിൽ കൂട്ടിയിട്ടിരിക്കുന്നു. സകാത്ത് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരോട് അത് അർഹരായവരിലേക്ക് എത്തിച്ചുകൊടുക്കുവാൻ ഖലീഫ കൽപന കൊടുത്തു. പക്ഷേ, സകാത്ത് സ്വീകരിക്കാൻ മാത്രം ദാരിദ്ര്യമനുഭവിക്കുന്നവർ രാജ്യത്തുണ്ടായിരുന്നില്ല! അത്രമാത്രം സമ്പൽസമൃദ്ധമായിരുന്നു അന്ന് ആ രാജ്യം. അത് ഇസ്‌ലാമിന്റെ സാമ്പത്തിക വ്യവസ്ഥയുടെ പ്രായോഗിക രൂപമായിരുന്നു.

മാനവരാശിയെ ഒരുപോലെ സമ്പൽസമൃദ്ധിയിലേക്ക് കൈപിടിച്ചുയർത്താൻ സാധിക്കുന്ന ഇസ്‌ലാമിക സാമ്പത്തികനയം സമൂഹത്തിൽ നടപ്പിലാക്കിയാൽ സാമൂഹികാന്തരങ്ങൾ അന്യമാകുമെന്നതാണ്

കൃത്രിമ ക്ഷാമമുണ്ടാക്കി അവശ്യ വസ്തുക്കളുടെ വിലയേറ്റിയും മാർക്കറ്റുകളിലെ ഉൽപന്നങ്ങളുടെ ഉപയോഗിക്കാവുന്ന അവസാന തീയതികൾക്ക് മാറ്റം വരുത്തിയും സാധനങ്ങൾക്ക് കൃത്രിമമായ അലങ്കാരങ്ങൾ നൽകിയും മായം കലർത്തിയുമെല്ലാം ഉപഭോക്താവിനെ കബളിപ്പിക്കുന്നവർക്ക് ശക്തമായ താക്കീതാണ് പ്രവാചകാധ്യാപനങ്ങളിൽ കാണാനാകുന്നത്.

മറ്റൊന്ന് സത്യസന്ധതയാണ്. ക്വുർആൻ പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും സത്യവാൻമാരുടെ കൂട്ടത്തിൽ ആയിരിക്കുകയും ചെയ്യുക"(ക്വുർആൻ 9:119).

പ്രവാചകൻﷺ പറഞ്ഞു: "സത്യസന്ധനും വിശ്വസ്തനുമായ കച്ചവടക്കാരൻ പ്രവാചകൻമാരുടെയും സത്യസന്ധരുടെയും രക്തസാക്ഷികളുടെയും കൂടെയാകുന്നു." (തുർമുദി).

"വിൽക്കുന്നവനും വാങ്ങുന്നവനും സത്യസന്ധത പാലിക്കുകയും (ന്യൂനതകൾ) വ്യക്തമാക്കുകയും ചെയ്താൽ അവരുടെ കച്ചവടത്തിൽ അനുഗ്രഹം വർഷിക്കും. എന്നാൽ മറച്ചുവയ്ക്കുകയും കള്ളത്തരം കാണിക്കുകയും ചെയ്താൽ അവരുടെ കച്ചവടത്തിൽ അനുഗ്രഹം മായ്ക്കപ്പെടും" (ബുഖാരി).

വിശ്വസ്തതയാണ് ഇസ്‌ലാമിക കച്ചവടത്തിലെ മറ്റൊരു പ്രത്യേകത. വഞ്ചനയെ എല്ലാ രംഗങ്ങളിലും ഇസ്‌ലാം നിരുൽസാഹപ്പെടുത്തുകയും അതിനെതിരെ പാരത്രികലോകത്തെ ശിക്ഷയെക്കുറിച്ച് താക്കീത് നൽകുകയും ചെയ്യുന്നുണ്ട്. ഇങ്ങനെ മഹത്തായ ഇസ്‌ലാമിന്റെ നയം നടപ്പിലാക്കുന്നിടങ്ങളിലെല്ലാം ചൂഷണമുക്തമായ വിപണിയെ സൃഷ്ടിക്കാനാകും.

## ജനക്ഷേമം; ഇസ്‌ലാമിക പാഠം

ലോക് ഡൗണിൽ കുരുങ്ങിയപ്പോൾ ജീവിതമാർഗങ്ങൾ അടഞ്ഞു. വിശപ്പിന്റെ വിളികൾ ഉയർന്നു. രാജ്യങ്ങളുടെ അതിർത്തികൾ അടഞ്ഞുകിടന്നു. അതോടെ നാടണയാനാവാതെ വഴിയോരങ്ങളിൽ കുടുങ്ങിപ്പോയ ആയിരങ്ങളുടെ നിലവിളികൾ ഇന്നും നൊമ്പരപ്പെടുത്തുന്നവയാണ്. ഭരണകൂടങ്ങളുടെ നിലപാടുകളിലെ കൊള്ളരുതായ്മക

ചരിത്രം നമ്മെ പഠിപ്പിക്കുന്നത്. പാൻഡമിക് കാലം അത്തരമൊരു തിരിച്ചറിവിലേക്ക് മാനവരാശിയെ നയിക്കേണ്ടതുണ്ട്.

## വിപണിയുടെ ഇസ്‌ലാമികമാനം

ലോകജനതയിൽ ന്യൂനാൽ ന്യൂനപക്ഷമായ സമ്പന്നരിലേക്ക് മാത്രം പരിമിതമാകുന്ന വരുമാനമാർഗമായി ഇന്ന് വിപണി ആപതിച്ചിരിക്കുന്നു. അവിടെ അരുതായ്മകൾ മാത്രം അരങ്ങുവാഴുന്നു. അപരന്റെ സമ്പത്ത് അന്യായമായി അധീനപ്പെടുത്താനുള്ള മാർഗങ്ങൾ തേടുമ്പോൾ നഷ്ടപ്പെടുന്നത് ധാർമികതയാണ്. എന്നാൽ ഇസ്‌ലാം അവിടെ ഉദാത്തമായ നിർദേശങ്ങളാണ് മാനവരാശിയുടെ മുന്നിൽ അവതരിപ്പിക്കുന്നത്. അതിലൊന്ന് കച്ചവടത്തിൽ പരസ്പരം തൃപ്തിയുണ്ടാകണമെന്നതാണ്. വിശുദ്ധ ക്വുർആൻ പറയുന്നു:

"സത്യവിശ്വാസികളേ, നിങ്ങൾ പരസ്പരം സംതൃപ്തിയോടുകൂടി നടത്തുന്ന കച്ചവട ഇടപാടു മുഖേനയല്ലാതെ നിങ്ങളുടെ സ്വത്തുക്കൾ അന്യായമായി നിങ്ങൾ അന്യോന്യം എടുത്ത് തിന്നരുത്. നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാകുന്നു" (ക്വുർആൻ 4:29).

ഒരിക്കൽ മുഹമ്മദ് നബിﷺ അങ്ങാടിയിലൂടെ നടക്കുകയായിരുന്നു. ഒരിടത്ത് ധാന്യങ്ങൾ നിറച്ചുവെച്ച് വിൽപന നടത്തുന്നത് കണ്ട് അദ്ദേഹം തന്റെ കരം അതിൽ പ്രവേശിപ്പിച്ചു. അപ്പോൾ അടിയിൽ നനവ് കണ്ടു. എന്താണിതെന്ന് ചോദിച്ചപ്പോൾ കച്ചവടക്കാരൻ പറഞ്ഞത് 'പ്രവാചകരേ, അത് മഴ നനഞ്ഞതാണ്' എന്നായിരുന്നു. അപ്പോൾ അവിടുന്ന് പ്രതിവചിച്ചു: 'ഇത് ജനങ്ങൾ കാണുംവിധം വെക്കാമായിരുന്നില്ലേ?' എന്നിട്ട് പ്രവാചകൻ പറഞ്ഞു: 'കച്ചവടത്തിൽ പൂഴ്ത്തിവെക്കുന്നവൻ നമ്മിൽ പെട്ടവനല്ല' (മുസ്‌ലിം).



ളും പൗരൻമാരുടെ ജീവനുകൾക്ക് വിലകൽപിക്കാതെയുള്ള സമീപനങ്ങളുമെല്ലാം ഇത്തരം പ്രതിസന്ധികൾക്ക് ആഴംകൂട്ടുകയായിരുന്നു. പൗരൻമാരുടെ ക്ഷേമങ്ങൾക്കോ അവരുടെ പുനരധിവാസങ്ങൾക്കോ വില കൽപിക്കാതെയുള്ള സമീപനമാണ് മിക്കരാജ്യങ്ങളിലും നാം കണ്ടത്.

ഇസ്‌ലാമിന്റെ പ്രായോഗിക നിർദേശങ്ങൾ ഈ രംഗത്തും വെളിച്ചം വീശുന്നുണ്ട്. മുഹമ്മദ് നബി ﷺ ഒരിക്കൽ പറയുകയുണ്ടായി: "നിങ്ങളെല്ലാവരും ഭരണാധികാരികളാണ്. അതിനാൽ ഭരണീയരെക്കുറിച്ച് നിങ്ങൾ ചോദ്യം ചെയ്യപ്പെടും" (ബുഖാരി)

"ഒരു സംഘത്തിന്റെമേൽ ഒരാളെ അല്ലാഹു അധികാരപ്പെടുത്തി. അവൻ പക്ഷേ, ഗുണകാംക്ഷയോടെ ഭരണനിർവഹണം നടത്തിയില്ല. എങ്കിൽ അവന് സ്വർഗത്തിന്റെ പരിമളംപോലും ലഭിക്കുകയില്ല'' (ബുഖാരി).

ഖലീഫ ഉമർ ؓ തന്റെ സഹായിയായ അസ്‌ലമി ؓ നോടൊപ്പം വേഷപ്രച്ഛന്നനായി ജനങ്ങളുടെ ക്ഷേമാന്വേഷണത്തിനായി രാത്രി നടക്കുകയായിരുന്നു. ഒരു കൊച്ചുവീടിനടുത്ത് എത്തിയപ്പോൾ, അവിടെ വെളിച്ചം കണ്ടു. കുഞ്ഞുങ്ങൾ നിർത്താതെ കരഞ്ഞുകൊണ്ടിരിക്കുന്നു. അവിടെ അടുപ്പിൽ ഒരു കലം വെച്ചു തീ കത്തിക്കുന്ന സ്ത്രീയെയും അതിനും ചുറ്റും വിശന്നുകരയുന്ന കുട്ടികളെയും അദ്ദേഹം കണ്ടു.

ഉമർ ؓ ചോദിച്ചു: 'ഈ കലത്തിൽ എന്താണ്?'

സ്ത്രീ പറഞ്ഞു: 'വെറും വെള്ളം. കുട്ടികൾക്ക് ഉറക്കം വരുംവരെ അവരെ സമാധാനിപ്പിക്കാൻ വേണ്ടിവെച്ചതാണ്. ഈ നാട്ടിലെ ഭരണാധികാരിയായ ഉമർ ഇതൊന്നും കാണുന്നില്ലല്ലോ!'

ഇത് കേട്ടപ്പോൾ ഉമർ ؓ അവിടെ നിന്നും നേരെ പൊതുഖജനാവിലേക്ക് പോയി; ഗോതമ്പിന്റെ ചാക്കും വെണ്ണയും എടുത്ത് ആ വീട്ടിലേക്കു തിരിച്ചു.

'ഈ ഗോതമ്പുചാക്ക് ഞാൻ ചുമക്കാം' എന്ന് അസ്‌ലം ؓ പലതവണ പറഞ്ഞിട്ടും ഉമർ ؓ അതിന് സമ്മതിച്ചില്ല. അദ്ദേഹം തന്നെ ഗോതമ്പുമാവും വെണ്ണയും ചുമന്നു. ആ വീട്ടിലെത്തിയപ്പോൾ ഉമർ ؓ തന്നെ അടുപ്പിൽ തീ ഊതിക്കത്തിച്ച് ഗോതമ്പുമാവ് പാകം ചെയ്തു. ആ സ്ത്രീ നൽകിയ ഒരു പാത്രത്തിൽ അത് വിളമ്പി. എന്നിട്ട് കുട്ടികളെ ഭക്ഷിപ്പിക്കാൻ സ്ത്രീയോട് പറഞ്ഞു.

കുട്ടികൾ വയറുനിറച്ചു തിന്നു. മിച്ചമുള്ളത് അവിടെ വെച്ച് രണ്ടുപേരും തിരിച്ചുപോകാൻ എഴുന്നേറ്റു. വേഷപ്രച്ഛന്നനായ ഭരണാധികാരിയെ തിരിച്ചറിയാൻ കഴിയാത്ത സ്ത്രീ ഉമറി ؓ നോട് പറഞ്ഞു:

'നിങ്ങൾ ചെയ്ത ഉപകാരത്തിന് അല്ലാഹു നിങ്ങൾക്ക് പ്രതിഫലം നൽകട്ടെ. ഭരണം നടത്താൻ ഉമറിനെക്കാൾ പറ്റിയ ആൾ നിങ്ങളാണ്.'

ഉമർ ؓ ആ സ്ത്രീയോട് പറഞ്ഞു: 'നിങ്ങൾ നാളെ അമീറുൽ മുഅ്മിനീന്റെ അടുത്തു വരണം. അവിടെ എന്നെ കാണാം' (ഫളാഇലുസ്സ്വഹാബഃ).

ഭരണാധികാരിയാണെങ്കിൽ പോലും അപരനെ ആദരിക്കാനും പരിഗണിക്കാനുമുള്ള വിശാല മനസ്സുള്ളവരാകണമെന്ന് ഇസ്‌ലാം നിഷ്‌കർഷിക്കുന്നു.

വേദനിക്കുന്നവന്റ കണ്ണീരൊപ്പാനും ഇല്ലായ്മയുടെ നെരിപ്പോടിലെ സങ്കടങ്ങളിൽ പങ്കുചേർന്ന് അവരെ സമാശ്വസിപ്പിക്കാനും സഹായിക്കാനും തയ്യാറാകുന്ന വിശ്വാസികൾക്ക് വമ്പിച്ച പ്രതിഫലം വാഗ്ദാനം ചെയ്യുന്നു.

പ്രവാചകൻ ﷺ പറയുന്നു: 'ഒരാൾ തന്റ സഹോദരനെ സഹായിക്കുന്നിടത്തോളം അല്ലാഹു അവനെ സഹായിച്ചുകൊണ്ടിരിക്കും' (മുസ്‌ലിം).

ഇബ്നു ഉമർ ؓ നിവേദനം; നബി ﷺ പറഞ്ഞു: 'ഒരാൾ തന്റ സഹോദരന്റ ആവശ്യത്തിനായി പുറപ്പെട്ടാൽ അതാണ് ഒരു മാസം മദീന പള്ളിയിൽ ഭജനമിരിക്കുന്നതിനെക്കാൾ ഞാനിഷ്ടപ്പെടുന്നത്' (ത്വബ്റാനി).

മാനവികതയുടെ ഉദാത്തമായ മാതൃക വരച്ചുകാണിക്കുന്ന ഇസ്‌ലാമിന്റെ ഏതൊരു സാമൂഹിക നിയമവും ഏതുകാലത്തെയും ഏതുപ്രശ്നത്തെയും അതിജീവിക്കാൻ സാധിക്കുന്നതാണെന്ന് ഈ മഹാമാരിയുടെ കാലവും നമ്മെ ഉണർത്തിക്കൊണ്ടിരിക്കുന്നു.

**"ലോക് ഡൗണിൽ കുരുങ്ങിയപ്പോൾ ജീവിതമാർഗങ്ങൾ അടഞ്ഞു. വിശപ്പിന്റെ വിളികൾ ഉയർന്നു. രാജ്യങ്ങളുടെ അതിർത്തികൾ അടഞ്ഞുകിടന്നു. അതോടെ നാടണയാനാവാതെ വഴിയോരങ്ങളിൽ കുടുങ്ങിപ്പോയ ആയിരങ്ങളുടെ നിലവിളികൾ ഇന്നും നൊമ്പരപ്പെടുത്തുന്നവയാണ്. ഭരണകൂടങ്ങളുടെ നിലപാടുകളിലെ കൊള്ളരുതായ്മകളും പൗരൻമാരുടെ ജീവനുകൾക്ക് വിലകൽപിക്കാതെയുള്ള സമീപനങ്ങളുമെല്ലാം ഇത്തരം പ്രതിസന്ധികൾക്ക് ആഴംകൂട്ടുകയായിരുന്നു."**

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 56, ഭാഗം 6

# അൽവാക്വിഅ (സംഭവം)

(മക്കയിൽ അവതരിച്ചത്)

إِنَّهُۥ لَقُرۡءَانٞ كَرِيمٞ ﴿٧٧﴾

فِي كِتَٰبٖ مَّكۡنُونٖ ﴿٧٨﴾

لَّا يَمَسُّهُۥٓ إِلَّا ٱلۡمُطَهَّرُونَ ﴿٧٩﴾

تَنزِيلٞ مِّن رَّبِّ ٱلۡعَٰلَمِينَ ﴿٨٠﴾

أَفَبِهَٰذَا ٱلۡحَدِيثِ أَنتُم مُّدۡهِنُونَ ﴿٨١﴾

وَتَجۡعَلُونَ رِزۡقَكُمۡ أَنَّكُمۡ تُكَذِّبُونَ ﴿٨٢﴾

77. തീർച്ചയായും ഇത് ആദരണീയമായ ഒരു ക്വുർആൻ തന്നെയാകുന്നു.

78. ഭദ്രമായി സൂക്ഷിക്കപ്പെട്ട ഒരു രേഖയിലാകുന്നു അത്.

79. പരിശുദ്ധി നൽകപ്പെട്ടവരല്ലാതെ അത് സ്പർശിക്കുകയില്ല.

80. ലോകരക്ഷിതാവിങ്കൽനിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ അത്.

81. അപ്പോൾ ഈ വർത്തമാനത്തിന്റെ കാര്യത്തിലാണോ നിങ്ങൾ പുറംപൂച്ച് കാണിക്കുന്നത്?

82. സത്യത്തെ നിഷേധിക്കുക എന്നത് നിങ്ങൾ നിങ്ങളുടെ വിഹിതമാക്കുകയാണോ?

فَلَوْلَآ إِذَا بَلَغَتِ ٱلْحُلْقُومَ ﴿٨٣﴾

وَأَنتُمْ حِينَئِذٍ تَنظُرُونَ ﴿٨٤﴾

وَنَحْنُ أَقْرَبُ إِلَيْهِ مِنكُمْ وَلَٰكِن لَّا تُبْصِرُونَ ﴿٨٥﴾

فَلَوْلَآ إِن كُنتُمْ غَيْرَ مَدِينِينَ ﴿٨٦﴾

تَرْجِعُونَهَآ إِن كُنتُمْ صَٰدِقِينَ ﴿٨٧﴾

فَأَمَّآ إِن كَانَ مِنَ ٱلْمُقَرَّبِينَ ﴿٨٨﴾

فَرَوْحٌ وَرَيْحَانٌ وَجَنَّتُ نَعِيمٍ ﴿٨٩﴾

83. എന്നാൽ അത് (ജീവൻ) തൊണ്ടക്കുഴിയിൽ എത്തുമ്പോൾ എന്തുകൊണ്ടാണ് (നിങ്ങൾക്കത് പിടിച്ചുനിർത്താനാകാത്തത്?).

84. നിങ്ങൾ അന്നേരത്ത് നോക്കിക്കൊണ്ടിരിക്കുമല്ലോ!

85. നാമാണ് ആ വ്യക്തിയെ സംബന്ധിച്ചിടത്തോളം നിങ്ങളെക്കാളും അടുത്തവൻ. പക്ഷേ, നിങ്ങൾ കണ്ടറിയുന്നില്ല.

86. അപ്പോൾ നിങ്ങൾ (ദൈവിക നിയമത്തിന്) വിധേയരല്ലാത്തവരാണെങ്കിൽ

87. നിങ്ങൾക്കെന്തുകൊണ്ട് അത് (ജീവൻ) മടക്കിയെടുക്കാനാവുന്നില്ല; നിങ്ങൾ സത്യവാദികളാണെങ്കിൽ.

88. അപ്പോൾ അവൻ (മരിച്ചവൻ) സാമീപ്യം സിദ്ധിച്ചവരിൽ പെട്ടവനാണെങ്കിൽ;

89. (അവന്ന്) ആശ്വാസവും വിശിഷ്ടമായ ഉപജീവനവും സുഖാനുഭൂതിയുടെ സ്വർഗത്തോപ്പും ഉണ്ടായിരിക്കും.

77). ഇനിയോ, ഇവിടെ സത്യംകൊണ്ട് സ്ഥാപിക്കുന്നതാട്ടെ, ക്വുർആനിനെയും! യാതൊരു സംശയത്തിനും വിധേയമല്ലാത്ത, ഒരു സന്ദേഹവുമില്ലാത്ത സത്യമാണ് തീർച്ചയായും അത്. (ആദരണീയമായ) ധാരാളം നന്മയും ധാരാളം അറിവുകളുമുള്ളത്.

78). (ഭദ്രമായി സൂക്ഷിക്കപ്പെട്ട ഒരു രേഖയിലുള്ളതാകുന്നു അത്). സൃഷ്ടികൾക്ക് കാണാൻ കഴിയാത്ത ഒരു മറക്കുള്ളിൽ. ഈ ഭദ്രമാക്കപ്പെട്ട രേഖ (اللوح المحفوظ) അല്ലാഹുവിന്റെ അടുക്കലുള്ള സുരക്ഷിതഫലകമാണ്. അതായത് ഈ ക്വുർആൻ എഴുതിവെക്കപ്പെട്ട ഫലകം. ഉപരിലോകത്ത് അല്ലാഹുവിന്റെ മലക്കുകളുടെഅടുക്കൽ മഹത്ത്വമാക്കപ്പെട്ട നിലയിൽ. ഒരുപക്ഷേ, ഈ സുഭദ്രരേഖ അല്ലാഹു മലക്കുകൾക്ക് ഇറക്കിക്കൊടുക്കുന്ന ദിവ്യസന്ദേശങ്ങളടങ്ങിയ അവരുടെ അടുക്കലുള്ള ഗ്രന്ഥമാകാം. അപ്പോൾ ഉദ്ദേശ്യം പിശാചുക്കളിൽനിന്ന് സംരക്ഷിക്കപ്പെട്ടത് എന്നാകാം. അതിൽ മാറ്റം വരുത്താനോ കൂട്ടാനോ കുറക്കാനോ കട്ടെടുക്കാനോ കഴിയില്ലെന്നർഥം.

79). (പരിശുദ്ധി നൽകപ്പെട്ടവരല്ലാതെ അത് സ്പർശിക്കുകയില്ല). ആദരണീയരായ മലക്കുകളല്ലാതെ അതിനെ സ്പർശിക്കുകയില്ല. എല്ലാവിധ അപകടങ്ങളിൽനിന്നും പാപങ്ങളിൽനിന്നും ന്യൂനതകളിൽനിന്നും അല്ലാഹു അവരെ ശുദ്ധീകരിച്ചു. പരിശുദ്ധരല്ലാതെ സ്പർശിക്കുകയില്ലെന്നു പറഞ്ഞാൽ മ്ലേഛന്മാർക്കും പിശാചുക്കൾക്കും അതിനെ തൊടാൻ കഴിയില്ലെന്നർഥം. ശുദ്ധിയുള്ളവനല്ലാതെ ക്വുർആനിനെ തൊടൽ അനുവദനീയമല്ലെന്ന് ഇതിലൊരു പാഠമുണ്ട്.

80). (ലോകരക്ഷിതാവിൽനിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ അത്). ഈ പ്രത്യേകതകളെല്ലാം ഉള്ള മഹത്തായ ഈ ക്വുർആൻ അല്ലാഹുവിൽ നിന്ന് അവതരിച്ചതാണ്. മതപരവും ഭൗതികവുമായ തന്റെ അനുഗ്രഹങ്ങൾകൊണ്ട് തന്റെ അടിമയെ വളർത്തിക്കൊണ്ടുവരികയാണവൻ. ഈ ക്വുർആൻ അവതരിപ്പിക്കുന്നതിലൂടെ ഏറ്റവും നല്ല സംസ്കരണമാണ് തന്റെ അടിമകൾക്ക് അവൻ നൽകിയത്. ഈ ക്വുർആൻ ഇഹപര നന്മകളെ ഉൾക്കൊള്ളുന്നു. നന്ദി ചെയ്യാൻ കഴിയാത്ത വിധമുള്ള (അത്രയും മഹത്തായ) അനുഗ്രഹമാണ് അവൻ ഇതിലൂടെ തന്റെ അടിമക്ക് ചെയ്തത്. അതിനാൽ അത് ജീവിതത്തിൽ പാലിക്കലും പരസ്യപ്പെടുത്തലും അതിലേക്കുള്ള ക്ഷണവും പ്രഖ്യാപനവും അവന്റെ ബാധ്യതയാണ്.

81). അല്ലാഹു പറയുന്നു: (അപ്പോൾ ഈ വർത്തമാനത്തിന്റെ കാര്യത്തിലാണോ നിങ്ങൾ മൃദുവാക്കിക്കൊണ്ടിരിക്കുന്നത്?) യുക്തിമത്തായ ഉൽബോധനത്തിന്റെയും മഹത്തായ ഗ്രന്ഥത്തിന്റെയും കാര്യത്തിലാണോ? (നിങ്ങൾ മൃദുവാക്കിക്കൊണ്ടിരിക്കുന്നത്) ആളുകളുടെ ആക്ഷേപത്തെയും വാക്കുകളെയും കുറിച്ചുള്ള പേടി നിങ്ങൾ മറച്ചു

വെക്കുകയും തന്ത്രപരമായി ഒളിപ്പിച്ചുവെക്കുകയും ചെയ്യുന്നു. ഇതൊരിക്കലും പാടില്ലാത്തതാണ്. ബോധ്യമല്ലാത്ത വർത്തമാനങ്ങളിൽ മയപ്പെടുത്തലും കൃത്രിമത്വങ്ങളുമെല്ലാം നടക്കും. എന്നാൽ വിശുദ്ധ ക്വുർആൻ എല്ലാറ്റിനെയും ജയിക്കുന്ന, ഒന്നിനും അതിജയിക്കാൻ പറ്റാത്തതാണ്. അതിനെ ആർ അക്രമിച്ചാലും അത് അതിനെ അതിജയിക്കും. അത് ഒന്നിലും വെള്ളം ചേർക്കുകയോ മറച്ചുവെക്കുകയോ ഇല്ല. മറിച്ച് അത് പ്രഖ്യാപിക്കുകയും ഉറക്കെപ്പറയുകയും ചെയ്യും.

82). (സത്യത്തെ നിഷേധിക്കുക എന്നത് നിങ്ങൾ നിങ്ങളുടെ വിഹിതമാക്കുകയാണോ?) അല്ലാഹു നിങ്ങൾക്ക് തന്ന ഉപജീവനത്തിന് പകരം നിങ്ങൾ ചെയ്യുന്നത് നിഷേധവും അവന്റെ അനുഗ്രഹങ്ങൾക്ക് നന്ദികേട് കാണിക്കലുമാണോ? നിങ്ങൾ പറയുന്നു; ഞങ്ങൾക്ക് മഴ ലഭിച്ചത് ഈ ഞാറ്റുവേലകൊണ്ടാണെന്ന്. അനുഗ്രഹങ്ങളെ അത് നൽകിയ യഥാർഥ ഉടമസ്ഥനിലേക്കല്ലാതെ നിങ്ങൾ ചേർത്തുപറയുന്നു. അല്ലാഹു നിങ്ങൾക്ക് തന്ന അനുഗ്രഹങ്ങൾക്ക്, അത് വർധിപ്പിച്ചുതരാൻ അവനോടുതന്നെ നിങ്ങൾക്ക് നന്ദി കാണിച്ചുകൂടായിരുന്നോ? നിഷേധവും നന്ദികേടും ശിക്ഷയിറക്കുകയും അനുഗ്രഹങ്ങളെ ഇല്ലാതാക്കുകയും ചെയ്യുന്നു.

83-85). (ആതാമാവ് തൊണ്ടക്കുഴിയിൽ എത്തിയാൽ) ഈ അവസ്ഥയിൽ മരണാസന്നനെ നിങ്ങൾ നോക്കുന്ന സമയം. നാമായിരിക്കും അവനെക്കുറിച്ചുള്ള അറിവുകൊണ്ടും നമ്മുടെ മലക്കുകൾകൊണ്ടും ഏറ്റവും അടുത്ത് നിൽക്കുന്നവൻ. പക്ഷേ, നിങ്ങളത് കാണുകയില്ല.

86-87). (അപ്പോൾ നിങ്ങൾ വിധേയരല്ലാത്തവരാണെങ്കിൽ). നിങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടാത്തവരും വിചാരണ ചെയ്യപ്പെടാത്തവരും പ്രതിഫലം നൽകപ്പെടാത്തവരും ആണെങ്കിൽ, നിങ്ങൾക്ക് കഴിയാത്തതെന്തുകൊണ്ടാണ്? (മടക്കിയെടുക്കാൻ). അതായത്, ആത്മാവിനെ ശരീരത്തിലേക്ക് മടക്കാൻ. (നിങ്ങൾ സത്യവാദികളാണെങ്കിൽ) ആത്മാവിനെ അതിന്റെ സ്ഥാനത്തേക്ക് തിരിച്ചുകൊണ്ടുവരാൻ നിങ്ങൾ അശക്തരാണെന്ന് നിങ്ങളംഗീകരിക്കുന്നു. അങ്ങനെ വരുമ്പോൾ മുഹമ്മദ് നബിﷺ കൊണ്ടുവന്ന സത്യത്തെ നിങ്ങളംഗീകരിക്കണം. അല്ലെങ്കിൽ നിങ്ങൾ ധിക്കാരം കാണിച്ചുകൊള്ളൂ, നിങ്ങളുടെ അവസ്ഥയും ദുഷിച്ച പര്യവസാനവുംവഴി നിങ്ങൾക്കത് മനസ്സിലാകും.

88-89). മൂന്ന് വിഭാഗങ്ങളുടെ പരലോകത്തെ അവസ്ഥകളാണ് അല്ലാഹു ഈ അധ്യായത്തിന്റെ തുടക്കത്തിൽ പരാമർശിച്ചത്. സാമീപ്യം സിദ്ധിച്ചവർ, വലതുപക്ഷക്കാർ, വഴിപിഴച്ച നിഷേധികൾ. ഈ സൂക്തത്തിന്റെ അവസാനത്തിൽ മരണത്തെയും അത് ആസന്നമാകുമ്പോഴുള്ള അവസ്ഥയെയുമാണ് പരാമർശിക്കുന്നത്. (അപ്പോൾ അവൻ-മരിച്ചവൻ- സാമീപ്യം സിദ്ധിച്ചവരിൽ പെട്ടവനാണെങ്കിൽ) മരണപ്പെട്ട വ്യക്തി അല്ലാഹുവിന്റെ സാമീപ്യം സിദ്ധിച്ചവനാണെങ്കിൽ. അതായത്, നിർബന്ധവും ഐച്ഛികവുമായ കാര്യങ്ങൾ അനുഷ്ഠിക്കുകയും നിഷിദ്ധവും നിരുത്സാഹപ്പെടുത്തപ്പെട്ടതുമായ കാര്യങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുന്നതിലൂടെ. അവർക്ക് ആശ്വാസവും (അതായത്) സന്തോഷം, സമാധാനം, ആഹ്ലാദം, ഹൃദയാനന്ദം എന്നിവയെല്ലാം ഉണ്ട്. (ഉപജീവനവും). റൈഹാൻ എന്നത് ശരീരത്തിന് ആനന്ദം നൽകുന്ന ഭക്ഷണങ്ങളും പാനീയങ്ങളും അടങ്ങുന്ന സുഗന്ധങ്ങൾക്കാണ്. മറ്റൊരഭിപ്രായം റൈഹാൻ എന്നത് പ്രസിദ്ധമായ സുഗന്ധമാണെന്നാണ്. അങ്ങനെ വരുമ്പോൾ ഒരു പൊതു ഇനത്തെ സൂചിപ്പിക്കുന്ന പദം ഒരു പ്രത്യേക വസ്തുവിന് ഉപയോഗിക്കുന്നതായിരിക്കും.

(സുഖാനുഭൂതിയുടെ സ്വർഗത്തോപ്പും ഉണ്ടായിരിക്കും). മാനസികവും ശാരീരികവുമായ രണ്ട് സുഖങ്ങളെയും സമന്വയിപ്പിക്കുന്നതാണ് സ്വർഗം. ഒരു കണ്ണും കാണാത്ത, ഒരു ചെവിയും കേൾക്കാത്ത, ഒരു മനുഷ്യഹൃദയത്തിനും ചിന്തിക്കാനാവാത്തത്. ഇതിൽ അല്ലാഹുവിന്റെ സാമീപ്യം സിദ്ധിച്ചവർക്ക് മരണാസന്ന സമയത്ത് ഈ സന്തോഷവാർത്ത അറിയിക്കപ്പെടും. ആത്മാവുകൾ സന്തോഷത്താലും ആഹ്ലാദത്താലും പറന്നുപോകാറാകും.

"ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണെന്ന് പറയുകയും, പിന്നീട് നേരാംവണ്ണം നിലകൊള്ളുകയും ചെയ്തിട്ടുള്ളവരാരോ അവരുടെ അടുക്കൽ മലക്കുകൾ ഇറങ്ങിവന്നുകൊണ്ട് ഇപ്രകാരം പറയുന്നതാണ്: നിങ്ങൾ ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ട, നിങ്ങൾക്ക് വാഗ്ദാനം നൽകപ്പെട്ടിരുന്ന സ്വർഗത്തെപ്പറ്റി നിങ്ങൾ സന്തോഷമടഞ്ഞുകൊള്ളുക. ഐഹികജീവിതത്തിലും പരലോകത്തിലും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാകുന്നു. നിങ്ങൾക്കവിടെ (പരലോകത്ത്) നിങ്ങളുടെ മനസ്സുകൾ കൊതിക്കുന്നതെല്ലാമുണ്ടായിരിക്കും. നിങ്ങൾക്കവിടെ നിങ്ങൾ ആവശ്യപ്പെടുന്നതെല്ലാമുണ്ടായിരിക്കും. ഏറെ പൊറുക്കുന്നവനും കരുണാനിധിയുമായ അല്ലാഹുവിങ്കൽനിന്നുള്ള സൽക്കാരമത്രെ അത്"(41:30-32)

ഈ ആശയം തന്നെയാണ് അല്ലാഹു മറ്റൊരു സ്ഥലത്തും പറഞ്ഞത്:

لَهُمُ ٱلْبُشْرَىٰ فِى ٱلْحَيَوٰةِ ٱلدُّنْيَا وَفِى ٱلْـَٔاخِرَةِ

"അവർക്ക് ഐഹികജീവിതത്തിലും പരലോകത്തിലും സന്തോഷവാർത്തയാണുള്ളത്" (10:64).

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

ലേഖനം



# ദൃഢവിശ്വാസത്തിന്റെ സദ്ഫലങ്ങൾ

പ്രപഞ്ച സ്രഷ്ടാവായ അല്ലാഹുവിനെ മനസ്സിലാക്കേണ്ട രൂപത്തിൽ മനസ്സിലാക്കുകയും അവന്റെ മഹത്ത്വം തിരിച്ചറിയുകയും ചെയ്താൽ ഒരു സത്യവിശ്വാസി അവനിൽ മാത്രം ഭരമേൽപിക്കുന്നവനും അവനെക്കുറിച്ച് നല്ലവിചാരം വെച്ചുപുലർത്തുന്നവനുമായിത്തീരും എന്നതിൽ സംശയമില്ല. പ്രവാചകന്മാർ മുഴുവനും ശത്രുക്കളുടെ എല്ലാ എതിർപ്പുകളെയും തരണം ചെയ്തത് സഹായിക്കാൻ അല്ലാഹു മതിയായവനാണ് എന്ന ദൃഢബോധ്യം കൊണ്ടായിരുന്നു. അവർ അല്ലാഹുവിൽ മാത്രമാണ് എല്ലാം ഭരമേൽപിച്ചിരുന്നത്. ഏതാനും ഉദാഹരണങ്ങൾ കാണുക:

### നൂഹ് നബിعليه السلام

അല്ലാഹുവിൽ ഭരമേൽപിച്ച നൂഹ് നബിعليه السلامയെ അല്ലാഹു പുകഴ്ത്തിപ്പറയുന്നത് കാണുക:

"...അദ്ദേഹം തന്റെ ജനതയോട് പറഞ്ഞ സന്ദർഭം: എന്റെ ജനങ്ങളേ, എന്റെ സാന്നിധ്യവും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെപ്പറ്റിയുള്ള എന്റെ ഉൽബോധനവും നിങ്ങൾക്ക് ഒരു വലിയ ഭാരമായിത്തീർന്നിട്ടുണ്ടെങ്കിൽ അല്ലാഹുവിന്റെമേൽ ഞാനിതാ ഭരമേൽപിച്ചിരിക്കുന്നു. എന്നാൽ നിങ്ങളുടെ കാര്യം നിങ്ങളും നിങ്ങൾ പങ്കാളികളാക്കിയവരും കൂടി തീരുമാനിച്ചുറപ്പിച്ചുകൊള്ളൂ. പിന്നെ നിങ്ങളുടെ കാര്യത്തിൽ (തീരുമാനത്തിൽ) നിങ്ങൾക്ക് ഒരു അവ്യക്തതയും ഉണ്ടായിരിക്കരുത്. എന്നിട്ട് എന്റെ നേരെ നിങ്ങൾ (ആ തീരുമാനം) നടപ്പിൽ വരുത്തൂ. എനിക്ക് നിങ്ങൾ ഇടതരികയേ വേണ്ട." (ക്വുർആൻ 10:71).

## ഹൂദ് നബിﷺ

തങ്ങളുടെ പിഴച്ച വിശ്വാസങ്ങളിൽ ഉറച്ചുനിന്ന ജനതയോട് ഹൂദ് നബിﷺ സ്വീകരിച്ച ദൃഢമായ നിലപാട് അല്ലാഹു വ്യക്തമാക്കുന്നത് കാണുക:

"...ഹൂദ് പറഞ്ഞു: നിങ്ങൾ പങ്കാളികളായി ചേർക്കുന്ന യാതൊന്നുമായും എനിക്ക് ബന്ധമില്ല എന്നതിന് ഞാൻ അല്ലാഹുവെ സാക്ഷി നിർത്തുന്നു. (നിങ്ങളും) അതിന്ന് സാക്ഷികളായിരിക്കുക. അല്ലാഹുവിന് പുറമെ. അതുകൊണ്ട് നിങ്ങളെല്ലാവരും കൂടി എനിക്കെതിരിൽ തന്ത്രം പ്രയോഗിച്ചുകൊള്ളുക. എന്നിട്ട് നിങ്ങൾ എനിക്ക് ഇടതരികയും വേണ്ട. എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവിന്റെ മേൽ ഞാനിതാ ഭരമേൽപിച്ചിരിക്കുന്നു. യാതൊരു ജന്തുവും അവൻ അതിന്റെ നെറുകയിൽ പിടിക്കുന്ന (നിയന്ത്രിക്കുന്ന)തായിട്ടില്ലാതെയില്ല. തീർച്ചയായും എന്റെ രക്ഷിതാവ് നേരായ പാതയിലാകുന്നു" (ക്വുർആൻ 11:54-56).

## ഇബ്റാഹീം നബിﷺ

ഇബ്റാഹീം നബിﷺയുടെ നിർഭയമായ നിലപാട് അനുപമമാണ്. അല്ലാഹു പറയുന്നു:

"അദ്ദേഹത്തിന്റെ ജനത അദ്ദേഹവുമായി തർക്കത്തിൽ ഏർപെടുകയുണ്ടായി. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ കാര്യത്തിൽ നിങ്ങളെന്നോട് തർക്കിക്കുകയാണോ? അവനാകട്ടെ എന്നെ നേർവഴിയിലാക്കിയിരിക്കുകയാണ്. നിങ്ങൾ അവനോട് പങ്കുചേർക്കുന്ന യാതൊന്നിനെയും ഞാൻ ഭയപ്പെടുന്നില്ല. എന്റെ രക്ഷിതാവ് ഉദ്ദേശിക്കുന്നതെന്തോ അതല്ലാതെ (സംഭവിക്കുകയില്ല). എന്റെ രക്ഷിതാവിന്റെ ജ്ഞാനം സർവകാര്യങ്ങളെയും ഉൾകൊള്ളാൻ മാത്രം വിപുലമായിരിക്കുന്നു. നിങ്ങളെന്താണ് ആലോചിച്ച് നോക്കാത്തത്? നിങ്ങൾ അല്ലാഹുവിനോട് പങ്കുചേർത്തതിനെ ഞാൻ എങ്ങനെ ഭയപ്പെടും? നിങ്ങളാകട്ടെ, അല്ലാഹു നിങ്ങൾക്ക് യാതൊരു പ്രമാണവും നൽകിയിട്ടില്ലാത്ത വസ്തുക്കളെ അവനോട് പങ്ക്ചേർക്കുന്നതിനെപ്പറ്റി ഭയപ്പെടുന്നുമില്ല. അപ്പോൾ രണ്ടു കക്ഷികളിൽ ആരാണ് നിർഭയരായിരിക്കാൻ കൂടുതൽ അർഹതയുള്ളവർ? (പറയൂ;) നിങ്ങൾക്കറിയാമെങ്കിൽ. വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടികലർത്താതിരിക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർ തന്നെയാണ് നേർമാർഗം പ്രാപിച്ചവർ" (ക്വുർആൻ 6:80-82).

അല്ലാഹുവിനെക്കാൾ ഭരമേൽപിക്കുവാൻ അർഹൻ ആരുമില്ല എന്ന ഉറച്ചവിശ്വാസമാണ് തന്നെ ശത്രുവായി കാണുന്നരോട് ഏകനായിനിന്ന് സംവദിക്കുവാനും വിഗ്രഹാരാധനയുടെ നിരർഥകത ബോധ്യപ്പെടുത്തുവാനുള്ള ശ്രമം നടത്തുവാനും അദ്ദേഹത്തിനു കഴിഞ്ഞത്. അവർ അദ്ദേഹത്തെ തീയിലെറിയുകപോലുമുണ്ടായി. എന്നാൽ സ്രഷ്ടാവിനോടുള്ള അങ്ങേയറ്റത്തെ സ്നേഹവും ആത്മാർഥതയും ഭരമേൽപിക്കലുംമൂലം അദ്ദേഹത്തെ അല്ലാഹു രക്ഷപ്പെടുത്തി:

"അവർ പറഞ്ഞു: നിങ്ങൾക്ക് (വല്ലതും) ചെയ്യാനാകുമെങ്കിൽ നിങ്ങൾ ഇവനെ ചുട്ടെരിച്ച് കളയുകയും നിങ്ങളുടെ ദൈവങ്ങളെ സഹായിക്കുകയും ചെയ്യുക. നാം പറഞ്ഞു: തീയേ, നീ ഇബ്റാഹീമിന് തണുപ്പും സമാധാനവുമായിരിക്കുക. അദ്ദേഹത്തിന്റെ കാര്യത്തിൽ ഒരു തന്ത്രം പ്രയോഗിക്കുവാൻ അവർ ഉദ്ദേശിച്ചു. എന്നാൽ അവരെ ഏറ്റവും നഷ്ടം പറ്റിയവരാക്കുകയാണ് നാം ചെയ്തത്" (ക്വുർആൻ 21:68-70).

ഇബ്നുഅബ്ബാസി‍ൽനിന്ന് നിവേദനം: "തീയിയേക്ക് എറിയപ്പെട്ടപ്പോൾ ഇബ്റാഹീംﷺ പറഞ്ഞു: 'ഞങ്ങൾക്ക് അല്ലാഹു മതി. ഭരമേൽപിക്കുവാൻ ഏറ്റവും നല്ലത് അവനത്രെ.' മുഹമ്മദ് നബിﷺയും ഇത് പ്രഖ്യാപിച്ചിട്ടുണ്ട്; ജനങ്ങൾ ഇങ്ങനെ പറഞ്ഞപ്പോൾ: "ആ ജനങ്ങൾ നിങ്ങളെ നേരിടാൻ (സൈന്യത്തെ) ശേഖരിച്ചിരിക്കുന്നു; അവരെ ഭയപ്പെടണം എന്ന് ആളുകൾ അവരോട് പറഞ്ഞപ്പോൾ അതവരുടെ വിശ്വാസം വർധിപ്പിക്കുകയാണ് ചെയ്തത്. അവർ പറഞ്ഞു: ഞങ്ങൾക്ക് അല്ലാഹു മതി. ഭരമേൽപിക്കുവാൻ ഏറ്റവും നല്ലത് അവനത്രെ" (3:173) (ബുഖാരി).

> **പ്രപഞ്ച സ്രഷ്ടാവായ അല്ലാഹുവിനെ മനസ്സിലാക്കേണ്ട രൂപത്തിൽ മനസ്സിലാക്കുകയും അവന്റെ മഹത്ത്വം തിരിച്ചറിയുകയും ചെയ്താൽ ഒരു സത്യവിശ്വാസി അവനിൽ മാത്രം ഭരമേൽപിക്കുന്നവനും അവനെക്കുറിച്ച് നല്ലവിചാരം വെച്ചുപുലർത്തുന്നവനുമായിത്തീരും എന്നതിൽ സംശയമില്ല. പ്രവാചകന്മാർ മുഴുവനും ശത്രുക്കളുടെ എല്ലാ എതിർപ്പുകളെയും തരണം ചെയ്തത് സഹായിക്കാൻ അല്ലാഹു മതിയായവനാണ് എന്ന ദൃഢബോധ്യംകൊണ്ടായിരുന്നു. അവർ അല്ലാഹുവിൽ മാത്രമാണ് എല്ലാം ഭരമേൽപിച്ചിരുന്നത്.**

**മൂസാനബിﷺ**

ഫിർഔൻ ബനൂഇസ്‌റാഈല്യരെ ഭീഷണിപ്പെടുത്തുകയും ഭയപ്പെടുത്തുകയും ചെയ്തപ്പോൾ മൂസാനബിﷺ പറഞ്ഞു:

"...എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിട്ടുണ്ടെങ്കിൽ അവന്റെമേൽനിങ്ങൾ ഭരമേൽപിക്കുക; നിങ്ങൾ അവന്ന് കീഴ്പെട്ടവരാണെങ്കിൽ" (ക്വുർആൻ 10:84).

**മുഹമ്മദ് നബിﷺ**

മുഹമ്മദ് നബിﷺ അല്ലാഹുവിൽ പരിപൂർണമായി ഭരമേൽപിച്ചുകൊണ്ട് മുന്നോട്ടു പോയപ്പോൾ യാതൊന്നിനെയും ഭയപ്പെട്ടില്ല.

"...(നബിയേ,) പറയുക: നിങ്ങൾ നിങ്ങളുടെ പങ്കാളികളെ വിളിച്ചിട്ട് എനിക്കെതിരായി തന്ത്രങ്ങൾ പ്രയോഗിച്ചുകൊള്ളുക. എനിക്ക് നിങ്ങൾ ഇടതരേണ്ടതില്ല. തീർച്ചയായും ഈ ഗ്രന്ഥം അവതരിപ്പിച്ചവനായ അല്ലാഹുവാകുന്നു എന്റെ രക്ഷാധികാരി. അവനാണ് സജ്ജനങ്ങളുടെ സംരക്ഷണമേൽക്കുന്നത്" (ക്വുർആൻ 7:195-196).

നബിﷺ അബൂബക്‌റിؓനോടൊപ്പം മദീനയിലേക്ക് പലായനം ചെയ്യുന്നതിനിടയിൽ ശത്രുക്കളുടെ പിടിയിൽ അകപ്പെടാതിരിക്കാൻ ഒരു ഗുഹയിൽ അഭയംതേടുകയുണ്ടായി. ആ സന്ദർഭത്തെ ക്വുർആനിൽ ഇങ്ങനെ വിവരിച്ചതായി കാണാം:

"നിങ്ങൾ അദ്ദേഹത്തെ സഹായിക്കുന്നില്ലെങ്കിൽ; സത്യനിഷേധികൾ അദ്ദേഹത്തെ പുറത്താക്കുകയും, അദ്ദേഹം രണ്ടുപേരിൽ ഒരാൾ ആയിരിക്കുകയും ചെയ്ത സന്ദർഭത്തിൽ അഥവാ അവർ രണ്ടുപേരും (നബിയും അബൂബക്‌റും) ആ ഗുഹയിലായിരുന്നപ്പോൾ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്.അദ്ദേഹം തന്റെ കൂട്ടുകാരനോട്, ദുഃഖിക്കേണ്ട; തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട് എന്ന് പറയുന്ന സന്ദർഭം. അപ്പോൾ അല്ലാഹു തന്റെ വകയായുള്ള സമാധാനം അദ്ദേഹത്തിന് ഇറക്കിക്കൊടുക്കുകയും നിങ്ങൾ കാണാത്ത സൈന്യങ്ങളെക്കൊണ്ട് അദ്ദേഹത്തിന് പിൻബലം നൽകുകയും സത്യനിഷേധികളുടെ വാക്കിനെ അവൻ അങ്ങേയറ്റം താഴ്ത്തിക്കളയുകയും ചെയ്തു. അല്ലാഹുവിന്റെ വാക്കാണ് ഏറ്റവും ഉയർന്നുനിൽക്കുന്നത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു" (ക്വുർആൻ 9:40).

പ്രവാചകന്മാരുടെ തവക്കുലിന്റെ (അല്ലാഹുവിൽ ഭരമേൽപിക്കുന്നതിന്റെ) മഹത്തായ ചില ഉദാഹരണങ്ങളാണ് മുകളിൽ കൊടുത്തത്. ദൃഢവിശ്വാസത്തോടെ, സ്രഷ്ടാവിനെ അങ്ങേയറ്റം അവലംബിക്കലാണ് തവക്കുൽ. സത്യവിശ്വാസിയുടെ ഹൃദയം അല്ലാഹുവിന്റെ കഴിവും ശക്തിയും മഹത്ത്വവും കാരുണ്യവും ഉൾക്കൊണ്ടുകഴിഞ്ഞാൽ ഏതു പ്രതിസന്ധിഘട്ടത്തിലും ആ സ്രഷ്ടാവിൽ ഭരമേൽപിക്കുവാൻ അവനെ സഹായിക്കും. സത്യസന്ധമായ തവക്കുൽ അല്ലാഹുവിനെക്കുറിച്ചുള്ള സദ്‌വിചാരം വളർത്തുകയും അവന്റെ സഹായത്തിലുള്ള വിശ്വാസം ദൃഢമാക്കുകയും ചെയ്യും. പ്രതിസന്ധികൾക്കു മുമ്പിൽ അയാൾ പകച്ചുനിൽക്കുകയില്ല. വെല്ലുവിളികൾക്കുമുന്നിൽ ഭീരുവായി ഒഴിച്ചോടുകയില്ല. പ്രവാചകന്മാരുടെ ചരിത്രം അതാണ് നമ്മെ പഠിപ്പിക്കുന്നത്.

മൂസാനബിﷺയെ പരാജയപ്പെടുത്തുവാനായി ഫിർഔൻ കൊണ്ടുവന്ന ജാലവിദ്യക്കാർ സത്യം ബോധ്യപ്പെട്ടപ്പോൾ അല്ലാഹുവിനുമുന്നിൽ പ്രണമിക്കുവാൻ തയ്യാറായത് ഇതിന് ഉദാഹരണമാണ്. മൂസാനബിﷺയിലൂടെ അല്ലാഹുവിന്റെ കഴിവ് അവർ മനസ്സിലാക്കിയപ്പോൾ ഫിർഔൻ എന്ന മർദക ഭരണാധികാരിയുടെ ഭീഷണിയെയും അക്രമത്തെയും അവർ നിസ്സാരമായിക്കണ്ടു. കൈകാലുകൾ ഛേദിക്കും, കുരിശിൽ തറക്കും എന്ന ഭീഷണികളെയും -അത് ചെയ്യുമെന്ന് ഉറപ്പുണ്ടായിട്ടും- അവർ ഒട്ടും ഭയപ്പെട്ടില്ല! സത്യത്തിന്റെ മാർഗത്തിൽ പ്രയാസമനുഭവിക്കുമ്പോൾ അടിപതറാതെ നിൽക്കുവാൻ അവർ കാണിച്ച കരളുറപ്പിന്റെ ചരിത്രം അല്ലാഹു പറഞ്ഞുതരുന്നുണ്ട്:

"അവൻ (ഫിർഔൻ) പറഞ്ഞു: ഞാൻ നിങ്ങൾക്ക് അനുവാദം തരുന്നതിന് മുമ്പായി നിങ്ങൾ അവനിൽവിശ്വസിച്ചുവെന്നോ? തീർച്ചയായും ഇവൻ നിങ്ങൾക്ക് ജാലവിദ്യ പഠിപ്പിച്ച നിങ്ങളുടെ തലവൻതന്നെയാണ്. വഴിയെ നിങ്ങൾ അറിഞ്ഞുകൊള്ളും. തീർച്ചയായും നിങ്ങളുടെ കൈകളും നിങ്ങളുടെ കാലുകളും എതിർവശങ്ങളിൽ നിന്നായിക്കൊണ്ട് ഞാൻ മുറിച്ചുകളയുകയും നിങ്ങളെ മുഴുവൻ ഞാൻ ക്രൂശിക്കുകയും ചെയ്യുന്നതാണ്. അവർ പറഞ്ഞു: കുഴപ്പമില്ല. തീർച്ചയായും ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിങ്കലേക്ക് മടങ്ങിപ്പോകുന്നവരാകുന്നു. ഞങ്ങൾ ആദ്യമായി വിശ്വസിച്ചവരായതിനാൽ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളുടെ രക്ഷിതാവ് ഞങ്ങൾക്ക് പൊറുത്തുതരുമെന്ന് ഞങ്ങൾ ആശിക്കുന്നു" (ക്വുർആൻ 26:49-51).

“അവർ പറഞ്ഞു: ഞങ്ങൾക്ക് വന്നുകിട്ടിയ പ്രത്യക്ഷമായ തെളിവുകളെക്കാളും ഞങ്ങളെ സൃഷ്ടിച്ചവനെക്കാളും നിനക്ക് ഞങ്ങൾ മുൻഗണന നൽകുകയില്ല തന്നെ. അതിനാൽ നീ വിധിക്കുന്നതെന്തോ അത് വിധിച്ചുകൊള്ളുക. ഈ ഐഹികജീവിതത്തിൽ മാത്രമെ നീ വിധിക്കുകയുള്ളൂ. ഞങ്ങൾ ചെയ്ത പാപങ്ങളും നീ ഞങ്ങളെ നിർബന്ധിച്ച് ചെയ്യിച്ച ജാലവിദ്യയും അവൻ ഞങ്ങൾക്ക് പൊറുത്തുതരേണ്ടതിനായി ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിൽ വിശ്വസിച്ചിരിക്കുന്നു. അല്ലാഹുവാണ് ഏറ്റവും ഉത്തമനും എന്നും നിലനിൽക്കുന്നവനും” (ക്വുർആൻ 20: 72,73).

അല്ലാഹുവിനെക്കുറിച്ചുള്ള സദ്വിചാരം വിശ്വാസിയുടെ ഹൃദയത്തിൽ അവനോടുള്ള സ്നേഹവും അവന്റെ മാർഗത്തിൽ ക്ഷമയോടെ ജീവിക്കാനുള്ള കഴിവും പ്രദാനം ചെയ്യും. അല്ലാഹുവിന്റെ വിധി പ്രകാരം ബുദ്ധിമുട്ടുകൾ ജീവിതത്തിൽ നേരിടേണ്ടിവരുമ്പോൾ അത് തന്റെ ഗുണത്തിനാണെന്നു സമാധാനിക്കുവാൻ അവനു കഴിയും. അതാണ് നബിﷺ പറഞ്ഞത്:

“വിശ്വാസിയുടെ കാര്യം അത്ഭുതകരംതന്നെ. അവന്റെ എല്ലാ കാര്യങ്ങളും അവന് ഗുണകരമാണ്. അത് വിശ്വാസിക്കല്ലാതെ ലഭ്യമല്ല. സന്തോഷകരമായത് ഭവിച്ചാൽ അവൻ നന്ദികാണിക്കും. അപ്പോൾ അത് അവന് ഗുണകരമാകും. ഇനി അവന് ബുദ്ധിമുട്ടാണ് ഭവിച്ചിട്ടുള്ളതെങ്കിൽ അവൻ ക്ഷമിക്കും. അപ്പോൾ അവന് അതും ഗുണകരമാകും” (മുസ്‌ലിം).

അല്ലാഹുവിന്റെ മഹത്ത്വം മനസ്സിലാക്കുകയും അവനിൽ ഭരമേൽപിക്കുകയും ചെയ്ത ഒരു സത്യവിശ്വാസി വല്ലാത്ത ഒരു മനശ്ശാന്തി അനുഭവിക്കും. കാരണം അവൻ തന്റെ എല്ലാ പ്രയാസങ്ങളും ഏൽപിച്ചിരിക്കുന്നതും അവന്റെ പ്രാർഥനകൾ ഉയരുന്നതും സർവശക്തനിലേക്കാണ്. ഉറക്കമോ മയക്കമോ ക്ഷീണമോ ഇല്ലാത്ത പ്രപഞ്ചനാഥനിലേക്കാണ്. ഈ ചിന്ത അവന്റെ മനസ്സിന് എപ്പോഴും ആശ്വാസം പകരും. അല്ലാഹു ഒരു ഉപമ പറയുന്നത് കാണുക:

“അല്ലാഹു ഇതാ ഒരു മനുഷ്യനെ ഉപമയായി എടുത്തുകാണിച്ചിരിക്കുന്നു. പരസ്പരം വഴക്കടിക്കുന്ന ഏതാനും പങ്കുകാരാണ് അവന്റെ യജമാനൻമാർ. ഒരു യജമാനന് മാത്രം കീഴ്പെടേണ്ടവനായ മറ്റൊരാളെയും (ഉപമയായി എടുത്തുകാണിച്ചിരിക്കുന്നു). ഉപമയിൽ ഇവർ രണ്ടുപേരും ഒരുപോലെയാകുമോ? അല്ലാഹുവിന് സ്തുതി. പക്ഷേ, അവരിൽ അധികപേരും അറിയുന്നില്ല” (ക്വുർആൻ 39:2).

ഏകനും അദ്വിതീയനുമായ സ്രഷ്ടാവിനെ അംഗീകരിച്ചും ആരാധിച്ചും ജീവിക്കുന്നവനും അനേകം ദൈവങ്ങളെ സങ്കൽപിച്ച് അവർക്കെല്ലാം ആരാധനകൾ അർപ്പിക്കുന്നവനും തമ്മിലുള്ള വ്യത്യാസം ഈ ഉപമയിലൂടെ മനസ്സിലാക്കാം. ബഹുദൈവത്വവാദികൾ എപ്പോഴും ആശങ്കയിലായിരിക്കും. ആരോട് തേടിയാലാണ് കൂടുതൽ ഫലമുണ്ടാവുക എന്ന സംശയത്തിൽ അവർ അകപ്പെടും.

അല്ലാഹുവിനെ മനസ്സിലാക്കേണ്ടരൂപത്തിൽ മനസ്സിലാക്കിയ വ്യക്തി അവന്റെ ശിക്ഷയെ ഭയപ്പെടുന്നവനും കാരുണ്യത്തിൽ പ്രതീക്ഷയർപ്പിക്കുന്നവനുമായിരിക്കും. അവന്റെ മനസ്സ് സത്യവിശ്വാസത്തിന്റെ മാധുര്യം നന്നായി അനുഭവിക്കും. ഈ ലോകത്തുവെച്ച് ലഭിക്കുന്ന ഏറ്റവും വലിയ സൗഭാഗ്യമാണത്.

സത്യവിശ്വാസത്തിന്റെ മാധുര്യം അനുഭവിക്കുന്ന മനസ്സ് ലോലവും ഭക്തിനിർഭരവുമായിരിക്കും. നരകത്തെക്കുറിച്ചുള്ള വിവരണങ്ങൾ അവന്റെ കണ്ണുകളെ ഈറനണിയിക്കും. സ്വർഗത്തെക്കുറിച്ചുള്ള സന്തോഷവാർത്ത അവന്റെ മനസ്സിൽ സന്തോഷം നിറക്കും.

“അല്ലാഹുവെപ്പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും അവന്റെ ദൃഷ്ടാന്തങ്ങൾ വായിച്ചുകേൾപിക്കപ്പെട്ടാൽ വിശ്വാസം വർധിക്കുകയും തങ്ങളുടെ രക്ഷിതാവിന്റെ മേൽഭരമേൽപിക്കുകയും ചെയ്യുന്നവർ മാത്രമാണ് സത്യവിശ്വാസികൾ” (ക്വുർആൻ 8:2).

“...(നബിയേ,) വിനീതർക്ക് നീ സന്തോഷവാർത്ത അറിയിക്കുക. അല്ലാഹുവെപ്പറ്റി പരാമർശിക്കപ്പെട്ടാൽ ഹൃദയങ്ങൾ കിടിലംകൊള്ളുന്നവരും തങ്ങളെ ബാധിച്ച ആപത്തിനെ ക്ഷമാപൂർവം തരണംചെയ്യുന്നവരും നമസ്കാരം മുറപോലെ നിർവഹിക്കുന്നവരും നാം നൽകിയിട്ടുള്ളതിൽനിന്ന് ചെലവ് ചെയ്യുന്നവരുമത്രെ അവർ” (ക്വുർആൻ 22:34,35).

“അല്ലാഹുവാണ് ഏറ്റവും ഉത്തമമായ വർത്തമാനം അവതരിപ്പിച്ചിരിക്കുന്നത്. അഥവാ വചനങ്ങൾക്ക് പരസ്പരം സാമ്യമുള്ളതും ആവർത്തിക്കപ്പെടുന്ന വചനങ്ങളുള്ളതുമായ ഒരു ഗ്രന്ഥം. തങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുന്നവരുടെ ചർമങ്ങൾ അതുനിമിത്തം രോമാഞ്ചമണിയുന്നു. പിന്നീട് അവരുടെ ചർമങ്ങളും ഹൃദയങ്ങളും അല്ലാഹുവെ സ്മരിക്കുന്നതിനായി വിനീതമാവുകയും ചെയ്യുന്നു...”(ക്വുർആൻ 39:23).

ശബീബ് സ്വലാഹി തിരൂരങ്ങാടി
ktmstgi@gmail.com

ലേഖനം



# പേരമക്കളുടെ അനന്തരാവകാശം

**പേരമക്കൾ രക്തബന്ധുക്കളായി അനന്തരമെടുക്കുന്ന അവസ്ഥ:**

ഈ വിഭാഗത്തിൽ പരേതന്റെ പേരമക്കളുടെ കൂട്ടത്തിൽ നിന്നും പെൺമക്കളുടെ മക്കൾ, പെൺ മക്കളുടെ ആൺമക്കളുടെ മക്കൾ, ആൺമക്കളുടെ പെൺമക്കളുടെ മക്കൾ, അവരുടെ സ്ഥാനത്ത് വരുന്നവർ എന്നിവരാണ് ഉൾപ്പെടുന്നത്.

പരേതന് ഭാര്യ / ഭർത്താവ് എന്നിവർക്ക് പുറമെ നിശ്ചിതോഹരിക്കാരായോ ശിഷ്ടമോഹരിക്കാരായോ അനന്തരാവകാശികൾ ഇല്ലാത്ത ഘട്ടത്തിലാണ് ദവുൽഅർഹാമായി (രക്തബന്ധുക്കളായി) അനന്തരം എടുക്കുന്ന അവസ്ഥ പരിഗണിക്കപ്പെടുന്നത്. അത്തരം ഘട്ടത്തിൽ പ്രഥമ സ്ഥാനത്ത് വരുന്നത് പരേതന്റെ പെൺകുട്ടികളുടെ മക്കളും അവരുടെ സ്ഥാനത്ത് വരുന്നവരുമാണ്. ഈ ഘട്ടത്തിൽ ഭാര്യക്ക് സ്വത്തിന്റെ നാലിലൊന്നും ഭർത്താവിന് സ്വത്തിന്റെ പകുതിയുമാണ് നൽകേണ്ടത്.

ദവുൽഅർഹാമിലൂടെ സ്വത്ത് വിഹിതംവെച്ച് നൽക്കുന്ന സാഹചര്യത്തിൽ ആൺ ഒന്നിന് രണ്ട് പെൺ ഓഹരി എന്ന തത്ത്വം പരിഗണിക്കപ്പെടേണ്ടതില്ല എന്ന ഹംബലി കർമശാത്ര വീക്ഷണമാണ് ഈ വിഷയത്തിലെ ഏറ്റവും ശരിയായ നിലപാടായി വിലയിരുത്തപ്പെടുന്നത്.

ഇനി ഹനഫീ, ശാഫിഈ കർമശാസ്ത്രവീക്ഷണമാണ് പരിഗണിക്കപ്പെടുന്നതെങ്കിൽ ആൺ ഒന്നിന് രണ്ട് പെൺ ഓഹരി എന്ന തത്ത്വം ഈ ഘട്ടത്തിലും പരിഗണിക്കപ്പെടുമെന്ന് മാത്രം. അനന്തരാവകാശമായി സ്വത്ത് തടയപ്പെടുന്ന അവസ്ഥ വരുന്നില്ല.

ഒരു ഉദാഹരണം കാണുക: ഒരാൾ മരിക്കുമ്പോൾ അദ്ദേഹത്തിന് അനന്തരാവകാശികളായുള്ളത് അദ്ദേഹത്തിന്റെ പെൺമക്കളുടെ രണ്ട് ആൺമക്കളും രണ്ട് പെൺമക്കളുമാണെന്ന് കരുതുക. ഒന്നാമത്തെ വീക്ഷണപ്രകാരമാണ് സ്വത്ത് വിഹിതം വെക്കപ്പെടുന്നതെങ്കിൽ ആകെ സ്വത്തിനെ നാല് ഓഹരിയാക്കി പെൺമക്കളുടെ ആൺ, പെൺ മക്കൾക്കിടയിൽ തുല്യമായി വീതിക്കപ്പെടും.

രണ്ടാം വീക്ഷണമാണ് പരിഗണിക്കപ്പെടുന്നതെങ്കിൽ സ്വത്തിനെ ആറ് ഓഹരിയാക്കി രണ്ട് ഓഹരികൾ വീതം പുരുഷൻമാർക്കും ഓരോ ഓഹരി വീതം സ്ത്രീകൾക്കും നൽകപ്പെടും.

| അവകാശികൾ | ഓഹരി | |
|---|---|---|
| | ഹമ്പലി - 4 | ഹനഫി, ശാഫിഈ - 6 |
| പെൺമക്കളുടെ ആൺമക്കൾ - 2 | 2 | 4 |
| പെൺമക്കളുടെ പെൺമക്കൾ - 2 | 2 | 2 |

ഇനി വ്യത്യസ്ത ഗണത്തിൽ പെടുന്ന രക്തബന്ധുക്കളാണ് ഒന്നിച്ച് അവകാശികളായി വരുന്നതെങ്കിൽ അവരുടെ ബന്ധം പരേതനിലേക്ക് ആരിലൂടെയാണോ സ്ഥിരപ്പെടുന്നത് അയാൾക്കുള്ള ഓഹരി പരിഗണിച്ച് അതിനനുസൃതമായി അവകാശികൾക്കിടയിൽ ഓഹരി വിഹിതംവെക്കുകയാണ് ചെയ്യുക. അത് പരിഗണിക്കുമ്പോൾ മൂന്നുരൂപത്തിൽ പെൺമക്കളുടെ മക്കൾ പരേതനിൽനിന്നും സ്വത്ത് അനന്തരമെടുക്കും. ഒന്നാമത്തെ രൂപം മുമ്പ് നാം മനസ്സിലാക്കിയതുപോലെ സ്വത്ത് മുഴുവനായും അനന്തരമെടുക്കുന്ന അവസ്ഥയും രണ്ടാമത്തെത് പരേതന്റെ സ്വത്തിന്റെ മൂന്നിൽ രണ്ട് അനന്തരമെടുക്കുന്ന അവസ്ഥയുമാണ്. മൂന്നാമത്തെ അവസ്ഥ പരേതന്റെ സ്വത്തിന്റെ പകുതി അനന്തരമെടുക്കലാണ്. ശേഷിക്കുന്ന ഭാഗം മറ്റു ബന്ധുക്കൾക്ക് അവരുടെ അവകാശ പ്രകാരവും നൽകപ്പെടും.

സ്വത്തിന്റെ മൂന്നിൽ രണ്ട് അനന്തരമെടുക്കുന്ന ഒരു ഉദാഹരണം കാണുക:

ഒരാൾ മരണപ്പെട്ടു. അദ്ദേഹത്തിന് അവകാശികളായുള്ളത് രണ്ടോ അതിലധികമോ പെൺമക്കളുടെ മക്കൾ, മാതൃസഹോദരി, സഹോദരിയുടെ പുത്രൻ എന്നിവരാണ്. എങ്കിൽ സ്വത്തിനെ ആറായി ഭാഗിച്ച് രണ്ടോ അതിലധികമോ പെൺമക്കളിലൂടെ പരേതനിലേക്ക് ബന്ധം സ്ഥാപിക്കുന്ന പെൺമക്കളുടെ മക്കൾക്ക് സ്വത്തിന്റെ മൂന്നിൽരണ്ട് അഥവാ നാല് ഓഹരിയും പരേതനിലേക്ക് മാതാവിലൂടെ ബന്ധം സ്ഥാപിക്കുന്ന മാതൃസഹോദരിക്ക് മാതാവിന്റെ അവകാശമായ ആറിലൊന്ന് എന്ന അടിസ്ഥാനത്തിൽ ഒരു ഓഹരിയും അവശേഷിക്കുന്ന ഒരു ഓഹരി പരേതനിലേക്ക് സഹോദരിയുടെ ശിഷ്ടമോഹരിയിലൂടെ ബന്ധം സ്ഥാപിക്കുന്ന സഹോദരി പുത്രനും വിഹിതമായി നൽകപ്പെടും.

| അവകാശികൾ | ബന്ധം സ്ഥാപിക്കപ്പെടുന്നത് | അവകാശം | ഓഹരി 6 |
|---|---|---|---|
| മകളുടെ മക്കൾ | മകൾ | ⅔ | 4 |
| മറ്റൊരുമകളുടെ മകൾ | മകൾ | | |
| മാതൃസഹോദരി | മാതാവ് | ⅙ | 1 |
| സഹോദരിയുടെ മക്കൾ | സഹോദരി | ബാക്കി | 1 |

സ്വത്തിന്റെ പകുതി അനന്തരമെടുക്കുന്ന രണ്ട് ഉദാഹരണങ്ങൾ കാണുക:

1) ഒരു സ്ത്രീ മരണപ്പെട്ടു. പരേതക്ക് അവകാശികളായുള്ളത് ഭർത്താവും മകളുടെ മക്കളുമാണ്. പരേതയുടെ സ്വത്ത് രണ്ടായി ഭാഗിച്ച് പകുതി ഭർത്താവിനും പകുതി പെൺമക്കളുടെ മക്കൾക്കും നൽകപ്പെടും.

| അവകാശികൾ | അവകാശം | ഓഹരി 2 |
|---|---|---|
| ഭർത്താവ് | ½ | 1 |
| പെൺമക്കളുടെ മക്കൾ | ½ | 1 |

2) ഒരാൾ മരണപ്പെട്ടു. അദ്ദേഹത്തിന് അവകാശികളായുള്ളത് മകളുടെ മക്കൾ, മകന്റെ മകളുടെ മക്കൾ, മാതൃസഹോദരി, സഹോദരിയുടെ പുത്രൻ എന്നിവരാണ്. എങ്കിൽ സ്വത്തിനെ ആറായി ഭാഗിച്ച് മകളിലൂടെ പരേതനിലേക്ക് ബന്ധം സ്ഥാപിക്കുന്ന മകളുടെ മക്കൾക്ക് സ്വത്തിന്റെ പകുതിയായ മൂന്ന് ഓഹരിയും മകന്റെ മകളിലൂടെ ബന്ധം സ്ഥാപിക്കുന്ന മകന്റെ മകളുടെ മകന് സ്വത്തിന്റെ ആറിലൊന്നായ ഒരു ഓഹരിയും പരേതനിലേക്ക് മാതാവിലൂടെ ബന്ധം സ്ഥാപിക്കുന്ന മാതൃസഹോദരിക്ക് മാതാവിന്റെ അവകാശമായ ആറിലൊന്ന് എന്ന അടിസ്ഥാനത്തിൽ ഒരു ഓഹരിയും അവശേഷിക്കുന്ന ഒരു ഓഹരി പരേതനിലേക്ക് സഹോദരിയുടെ ശിഷ്ടമോഹരിയിലൂടെ ബന്ധം സ്ഥാപിക്കുന്ന സഹോദരി പുത്രനും വിഹിതമായി നൽകപ്പെടും. *(അടുത്ത പേജിലെ ചാർട്ട് കാണുക)*

മേൽ ഉദ്ധരിച്ചതുപ്രകാരം കൃത്യവും വ്യക്തവുമായി കാര്യങ്ങൾ ഇസ്‌ലാമിക കർമശാസ്ത്ര ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തി വെക്കപ്പെട്ടിട്ടും അതൊന്ന് പഠിക്കാനോ മനസ്സിലാക്കാനോ തയ്യാറാകാതെ

| അവകാശികൾ | ബന്ധം സ്ഥാപിക്കപെടുന്നത് | അവകാശം | ഓഹരി 6 |
|---|---|---|---|
| മകളുടെ മക്കൾ | മകൾ | ½ | 3 |
| മകന്റെ മകളുടെ മകൾ | മകന്റെ മകൾ | ⅙ | 1 |
| മാതൃ സഹോദരി | മാതാവ് | ⅙ | 1 |
| സഹോദരിയുടെ മക്കൾ | സഹോദരി | ബാക്കി | 1 |

ആരോപണങ്ങൾ പടച്ചുവിടുക മാത്രമാണ് വിമർശകർ ചെയ്യാറുള്ളത്. ഇസ്‌ലാം എന്ന് കേൾക്കുമ്പോഴേക്കും വിമർശനബോധം ഉണരുന്നതിനെ ഒരു രോഗമായി മാത്രമെ കാണാൻ കഴിയൂ.

## പരേതനിൽനിന്നും പേരമക്കൾ നേരിട്ട് അനന്തരമെടുക്കാത്ത സന്ദർഭങ്ങൾ:

പിതാവോ മാതാവോ ജീവിച്ചിരിക്കെ അവരുടെ മക്കൾ മരിച്ചാൽ ആ മക്കളുടെ മക്കൾക്ക് ജീവിച്ചിരിക്കുന്ന പിതാവിന്റെയും മാതാവിന്റെയും സ്വത്തിൽ അവകാശമില്ല എന്നത് വിമർശകർ സാധാരണ ഉന്നയിക്കാറുള്ള ഒരു ആരോപണമാണ്. എന്നാൽ ഇത് വസ്തുതക്ക് നിരക്കാത്ത കാര്യമാണെന്ന് മുമ്പ് ഉദ്ധരിച്ച ഉദാഹരണങ്ങളിൽനിന്നും നാം മനസ്സിലാക്കിക്കഴിഞ്ഞു. അവയിലൊന്നും അനന്തരാവകാശികളുടെ പിതാക്കൾ ജീവിച്ചിരിക്കുന്നില്ല എന്നത് അവരുടെ പിതാമഹനിൽനിന്നോ പിതാമഹിയിൽനിന്നോ നേരിട്ട് അനന്തരം എടുക്കുന്നതിന് തടസ്സമായി വന്നില്ല എന്നും നമുക്ക് കാണാൻ സാധിച്ചു.

എന്നാൽ പേരമക്കൾ പിതാമഹനിൽനിന്നോ പിതാമഹിയിൽനിന്നോ നേരിട്ട് അനന്തരം എടുക്കാത്ത സന്ദർഭങ്ങൾ ഉണ്ടെന്ന് തുടക്കത്തിൽ സൂചിപ്പിക്കുകയുണ്ടായി. യഥാർഥത്തിൽ പേരമക്കളുടെ പിതാവ് മരിച്ചു എന്നതല്ല അവരുടെ പിതാമഹനിൽനിന്നോ പിതാമഹിയിൽനിന്നോ നേരിട്ട് അനന്തരമെടുക്കാതിരിക്കാനുള്ള കാരണം. അങ്ങനെയായിരുന്നെങ്കിൽ ജീവിച്ചിരിക്കുന്ന മക്കളുടെ മക്കൾ പിതാമഹനിൽനിന്നോ പിതാമഹിയിൽനിന്നോ നേരിട്ട് സ്വത്ത് അനന്തരമായി എടുക്കണമായിരുന്നു. അതും ഉണ്ടായിട്ടില്ല. യുക്തിവാദികളും വിമർശകരും ഉന്നയിക്കുന്നത് പോലെയല്ല കാര്യമെന്ന് ചുരുക്കം.

ഇനി പിതാവ് മരിച്ച മക്കൾക്ക് പിതാവിന്റെ മാതാപിതാക്കളിൽനിന്നും അനന്തരസ്വത്ത് നേരിട്ട് ലഭിക്കുന്ന അവസ്ഥ വന്നാൽ, പിതാവ് ജീവിച്ചിരിക്കുന്ന പേരമക്കളോട് ചെയ്യുന്ന അനീതിയായിരിക്കും അത് എന്നത് ചിന്തിക്കുന്ന ആർക്കും മനസ്സിലാകും. അവരുടെ പിതാക്കളുടെ കാലശേഷം ആ സ്വത്ത് അവർക്ക് തന്നെ ലഭിക്കാനുള്ളതല്ലേ എന്നതാണ് ന്യായമയി പറയുന്നതെങ്കിൽ അവിടെ ഉയരുന്ന മറ്റൊരു ചോദ്യം ആ സ്വത്ത് പിതാവിന്റെ കാലശേഷം ഈ മക്കൾക്ക് അനുഭവിക്കാൻ ലഭിക്കും എന്നതിന് ആരാണ് ഉറപ്പ് നൽകുക എന്നതാണ്. മാത്രവുമല്ല അത് ഒരുപക്ഷേ, ആ പിതാവിന്റെ ജീവനുപോലും ഭീഷണിയായി മാറുന്ന അവസ്ഥക്കും കാരണമാകാം.

പിതാവ് മരിച്ച മക്കളോടുള്ള അനുകമ്പയുടെ ഭാഗമായി അവകാശം നൽകുന്ന അവസ്ഥ വന്നാൽ ഓരോ വ്യക്തിക്കും പ്രത്യേകം നിയമങ്ങൾ ഉണ്ടാക്കേണ്ടിവരും. അത് അസാധ്യവും യുക്തിബോധത്തിനും നീതിക്കും നിരക്കാത്തതുമാണ്. ഇവിടെയാണ് അല്ലാഹുവിന്റെ തീരുമാനം കൃത്യവും നീതിയുക്തവുമാണെന്ന് ഏതൊരു മനുഷ്യനും ബോധ്യപ്പെടുക.

പേരമക്കൾ നിശ്ചിതോഹരിക്കാരായും ശിഷ്ടമോഹരിക്കാരായും രക്തബന്ധുക്കളായും അനന്തരമെടുക്കുന്ന അവസ്ഥകൾ ഉണ്ടെന്ന് മനസ്സിലാക്കിയല്ലോ. ഈ ഓരോ വിഭാഗവും പരേതനിൽ നിന്നും സ്വത്ത് നേരിട്ട് അനന്തരമെടുക്കാതെ വരുമ്പോൾ അതിനുള്ള കാരണവും വ്യത്യസ്തമാണ്. അത് കൂടി നമുക്ക് മനസ്സിലാക്കാൻ ശ്രമിക്കാം.

രക്തബന്ധുക്കളായി അനന്തരമെടുക്കുന്നവർ അനന്തരാവകാശത്തിൽനിന്നും തടയപ്പെടുന്നത് അവരെക്കാൾ പരേതനിലേക്ക് ബന്ധംകൊണ്ട് ശക്തിയുള്ള നിശ്ചിതോഹരിക്കാരോ ശിഷ്ടമോഹരിക്കാരോ ജീവിച്ചിരിക്കുന്നത് കാരണത്താലാണ്. എന്നാൽ നിശ്ചിതോഹരിക്കാരായ പേരമക്കൾക്ക് സ്വത്ത് തടയപ്പെടുന്നത് ഒന്നുകിൽ സ്ത്രീകളുടെ മുന്തിയ ഓഹരിയായ മൂന്നിൽ രണ്ട് പൂർണമായും പരേതന്റെ പെൺമക്കൾതന്നെ അനന്തരമെടുക്കുന്ന സാഹചര്യത്തിലോ മക്കൾ തന്നെ ശിഷ്ടമോഹരിക്കാരായി സ്വത്ത് പൂർണമായോ നിശ്ചിതോഹരിക്കാരുടെ ഓഹരിക്ക് ശേഷം അവശേഷിക്കുന്ന ഓഹരികൾ മുഴുവനായി അനന്തരമെടുക്കുന്ന സാഹചര്യത്തിലോ ആണ്.

ശിഷ്ടമോഹരിക്കാരായ പേരമക്കൾക്ക് അനന്തരം തടയപ്പെടുന്നുവെങ്കിൽ അതിനുള്ള കാരണം തലമുറകൾകൊണ്ട് അവരെക്കാൾ പരേതനിലേക്ക് അടുത്ത ശിഷ്ടമോഹരിക്കാർ അവകാശികളായി ഉണ്ട് എന്നതുമാണ്. ഇത് പേരമക്കളുടെ വിഷയത്തിൽ മാത്രം പരിമിതവുമല്ല.

## ഇസ്‌ലാം പേരമക്കളെ വഴിയാധാരമാക്കിയോ?

പേരമക്കളെ എന്നല്ല, ഒരാളെയും ഇസ്‌ലാം വഴിയാധാരമാക്കിയിട്ടില്ല. മാത്രമല്ല എല്ലാവർക്കും യഥാർഥ വഴികാണിച്ചുകൊടുക്കുകയാണ് ചെയ്തിട്ടുള്ളത്. അനന്തരാവകാശമായി പരേതനിൽനിന്നും സ്വത്ത് ലഭിക്കാത്ത, എന്നാൽ അദ്ദേഹത്തിനാൽ സംരക്ഷിക്കപ്പെടേണ്ട വ്യക്തികൾക്കും അല്ലാത്തവർക്കും സ്വത്ത് ലഭിക്കാനുള്ള മാർഗവും ഇസ്‌ലാം വ്യക്തമാക്കിതന്നിട്ടുണ്ട്. അതാണ് വസ്വിയ്യത്ത്. അല്ലാഹു പറയുന്നത് കാണുക:

“നിങ്ങളിലാർക്കെങ്കിലും മരണം ആസന്നമാവുമ്പോൾ, അയാൾ ധനം വിട്ടുപോകുന്നുണ്ടെങ്കിൽ മാതാപിതാക്കൾക്കും അടുത്ത ബന്ധുക്കൾക്കും

വേണ്ടി ന്യായപ്രകാരം വസ്വിയ്യത്ത് ചെയ്യുവാൻ നിങ്ങൾ നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. സൂക്ഷ്മത പുലർത്തുന്നവർക്ക് ഒരു കടമയത്രെ അത്" (ക്വുർആൻ 2: 180).

ഇതിലെ 'മാതാപിതാക്കൾക്കും അടുത്ത ബന്ധുക്കൾക്കും വേണ്ടി ന്യായപ്രകാരം വസ്വിയ്യത്ത് ചെയ്യുവാൻ നിങ്ങൾ നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. സൂക്ഷ്മത പുലർത്തുന്നവർക്ക് ഒരു കടമയത്രെ അത്' എന്ന ഭാഗം അടിവരയിട്ട് വായിക്കുകയും മനസ്സിലാക്കുകയും ചെയ്യേണ്ടതുണ്ട്.

ഈ വചനത്തിന്റെ വിശദീകരണത്തിൽ അല്ലാമ മുഹമ്മദ്ബിൻ സ്വാലിഹ്ബിൻ അൽഉഥൈമീൻ(റഹി) പറയുന്നു: "(തന്റെപക്കൽ) കൂടുതൽ സമ്പത്തുള്ളവർ മാതാപിതാക്കൾക്കും അടുത്തബന്ധുക്കൾക്കും വേണ്ടി വസ്വിയ്യത്ത് ചെയ്യൽ നിർബന്ധമാണ് എന്നത് ഈ ആയത്തിന്റെ ഗുണപാഠങ്ങളിൽ പെട്ടതാണ്. ഈ ആയത്തിന്റെ വിധി അനന്തരാവകാശത്തിന്റെ വിധികൾ വിവരക്കുന്ന ആയത്തിനാൽ ദുർബലപ്പെടുത്തപ്പെട്ടിട്ടുണ്ടോ, പ്രത്യുത വിധി ദുർബലപ്പെടുത്തപ്പെടാത്ത ആയത്താണോ, മറിച്ച് അനന്തരാവകാശ വിധിവിലക്കുകൾ വന്ന ആയത്ത് (അനന്തരാവകാശികൾക്ക് മാത്രമായി) പ്രത്യേകമാക്കപ്പെട്ട ആയത്താണോ എന്ന വിഷയത്തിൽ പണ്ഡിതൻമാർ രണ്ട് അഭിപ്രായക്കാരാണ്. ഭൂരിഭാഗം പേരും ഇതിന്റെ വിധി ദുർബലപ്പെടുത്തപ്പെട്ടതാണെന്ന അഭിപ്രായക്കാരാണ്. എന്നാൽ ശരിയായ അഭിപ്രായം അതിന്റെ വിധി ദുർബലപ്പെടുത്തപ്പെട്ടിരിക്കുന്നു എന്നതല്ല" (തഫ്സീറുൽ ക്വുർആനിൽകരീം 2/308).

ശൈഖ് ഉഥൈമീൻ(റഹി) പറഞ്ഞതുപോലെ അനന്തരാവകാശ വിഷയവുമായി ബന്ധപ്പെട്ട് അവതരിപ്പിക്കപ്പെട്ട ക്വുർആൻ വചനം അനന്തരാവകാശികളുമായി ബന്ധപ്പെട്ട വിധിവിലക്കുകളിൽ മാത്രം പരിമിതപ്പെടുന്നതാണ്. അത് അതിന്റെ മുമ്പ് അവതരിപ്പിക്കപ്പെട്ട മറ്റു ആയത്തുകളുടെ വിധി ദുർബലപ്പെടുത്തുന്ന (നാസിഖ്) ആയത്തല്ല. അതിനാൽ മേൽസൂചിപ്പിച്ച സൂറത്തുൽ ബക്വറയിലെ 180ാമത് വചനം പരേതനിൽനിന്നും അന്തരമെടുക്കാത്ത ആളുകളിൽമാത്രം പരിമിതപ്പെടുന്നതാണന്നും മനസ്സിലാക്കുകയാണ് വേണ്ടത്. അതുകൊണ്ട് ഈ വചനത്തിൽ സൂചിപ്പിക്കപ്പെട്ടത് പരേതനിൽ അനന്തരമെടുക്കാത്ത മാതാപിതാക്കൾ, മറ്റു അടുത്ത ബന്ധുക്കൾ എന്നിവരുടെ വിഷയത്തിലാണ് എന്നാണ് പരിഗണിക്കപ്പെടുക.

അങ്ങനെവരുമ്പോൾ അത്തരക്കാർക്കായി തന്റെ സ്വത്തിൽനിന്നും അനന്തരാവകാശികൾക്ക് മാന്യമായരൂപത്തിൽ സ്വത്ത് ലഭിക്കുംവിധം, തന്നെ ആശ്രയിച്ചുകഴിയുന്ന മറ്റുള്ള ബന്ധുക്കൾക്കായി വസ്വിയ്യത്ത് ചെയ്യൽ നിർബന്ധമായിത്തീരും. കാരണം നിർബന്ധ ബാധ്യതയെ അറിയിക്കുന്ന 'കുതിബ അലൈക്കും' (നിങ്ങൾ നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു) എന്ന പ്രയോഗവും, അതിനെ ശക്തിപ്പെടുത്തുന്ന 'ഹക്വൻ അലൽമുത്തകീൻ' (സൂക്ഷ്മതപുലർത്തുന്നവർക്ക് ഒരുകടമയത്രെ അത്) എന്ന പ്രയോഗവും ഈ ആയത്തിൽ പ്രയോഗിക്കപ്പെട്ടു എന്നതാണ്.

ഇനി മാതാപിതാക്കൾ പരേതനിൽനിന്നും അനന്തരമെടുക്കാത്ത അവസ്ഥയുണ്ടാകുമോ എന്ന് ചോദിക്കപ്പെട്ടേക്കാം. അത്തരം അവസരവും ഉണ്ട് എന്നാണ് നാം മനസ്സിലാക്കേണ്ടത്. മുസ്‌ലിംകളായ മക്കളുടെ അമുസ്‌ലിമായ മാതാപിതാക്കൾ ആ മക്കളുടെ സ്വത്തിൽനിന്നും അനന്തരമെടുക്കുകയില്ല എന്നതാണ് മതത്തിലെ പൊതുനിയമം.

നബിﷺ പറഞ്ഞു: 'മുസ്‌ലിമായ ആൾ സത്യനിഷേധിയെയും സത്യനിഷേധി മുസ്‌ലിമിനെയും അനന്തരമെടുക്കുകയില്ല' (ബുഖാരി, മുസ്‌ലിം).

എന്നാൽ മക്കൾ മുസ്‌ലിംകളായി എന്നതുകൊണ്ട് അമുസ്‌ലിംകളായ മാതാപിതാക്കളെ വഴിയാധാരമാക്കാനോ അവർക്ക് ചെയ്തുകൊടുക്കേണ്ട ഭൗതിക ഉത്തരവാദിത്തങ്ങളിൽനിന്ന് വിട്ടുനിൽക്കാനോ മക്കൾക്ക് പാടില്ല. അതിനാൽതന്നെ തങ്ങളെ ആശ്രയിച്ചു ജീവിക്കുന്ന മാതാപിതാക്കൾ തങ്ങളുടെ കാലശേഷം ജീവിക്കാനും മറ്റും പ്രയാസപ്പെടും എന്ന് ബോധ്യമുള്ള മുസ്‌ലിംകളായ മക്കൾ തങ്ങളുടെ സ്വത്തിൽനിന്നും ഒരു ഓഹരി അത്തരം ഘട്ടങ്ങളിൽ ആ മാതാപിതാക്കൾക്കുവേണ്ടി വസ്വിയ്യത്ത് ചെയ്യൽ നിർബന്ധമായിമാറും. അല്ലാത്ത പക്ഷം അവർ ശിക്ഷാർഹമായ പ്രവർത്തനത്തിൽ ഏർപെട്ടവരായാണ് അല്ലാഹുവിന്റെ പക്കൽ പരിഗണിക്കപ്പെടുക.

അമുസ്‌ലിംകളായ മാതാപിതാക്കളുടെ വിഷയത്തിൽ ഇത്രമാത്രം ഗൗരവത്തിൽ കാര്യങ്ങൾ കൽപിക്കപ്പെടുമ്പോൾ, തന്നിൽനിന്നും അനന്തരമെടുക്കാത്ത പേരമക്കളടക്കമുള്ള, തന്റെ ഉത്തരവാദിത്തത്തിൽവരുന്ന മുഴുവൻ ആളുകൾക്കും വേണ്ടി മാന്യമായ രൂപത്തിൽ ജീവിക്കാനാവശ്യമായ വിഹിതം തന്റെ സ്വത്തിൽനിന്നും വസ്വിയത്ത് ചെയ്യണം എന്നതിനെ മനസ്സാക്ഷിയുള്ള ആരാണ് നിഷേധിക്കുക? ക്വുർആനിന്റെ അധ്യാപനങ്ങളെ മറികടന്ന് ഒരുയഥാർഥ മുസ്‌ലിം ഒരിക്കലും ജീവിക്കുകയില്ല എന്നാണ് നാം മനസ്സിലാക്കേണ്ടത്.

ഏതെങ്കിലും വ്യക്തികളിൽനിന്നുമുണ്ടാകുന്ന അപരാധങ്ങളെ ഇസ്‌ലാമികവൽക്കരിച്ച് ഇസ്‌ലാമിനെ പ്രതിക്കൂട്ടിൽ നിർത്താൻ ശ്രമിക്കുന്നവരോട് പറയാനുള്ളത് നിങ്ങൾ പ്രചരിപ്പിക്കുന്ന കളവുകൾ സ്വന്തം വിലകളയുവാൻ മാത്രമെ ഉപകരിക്കുകയുള്ളൂ. കൂടുതൽ ആളുകൾക്ക് ഇസ്‌ലാം മനസ്സിലാക്കാൻ വഴിയൊരുക്കുമെന്ന ആശ്വാസവുമുണ്ട്.

ഇസ്‌ലാമിക നിയമങ്ങൾ നീതിയുക്തവും കൃത്യവുമാണ്. മതത്തെ അതിന്റെ പ്രമാണങ്ങളിൽനിന്നും മനസ്സിലാക്കുക. മുൻവിധികൾ ഒഴിവാക്കുക.

അനുഭവം

പി.എൻ സോമൻ
mail@nerpatham.com



# ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം

13

**ഞാ**ൻ പെട്ടെന്ന് അകത്തുപോയി ആ കുറിപ്പ് നിവർത്തിനോക്കി. 'ഉറച്ച തീരുമാനമാണെങ്കിൽ മാർച്ച് 27ന് (അടുത്തയാഴ്ച) രാവിലെ അഞ്ചുമണിക്ക് ആറ്റുതീരത്ത് വന്നാൽ സഹായിക്കാം' എന്നായിരുന്നു അതിൽ എഴുതിയിരുന്നത്. വിവരം മനസ്സിലാക്കിയപ്പോൾ ചങ്കിടിപ്പ് പത്തിരട്ടി വർധിച്ചു. തിരിച്ചു ചെന്നപ്പോൾ കച്ചവടക്കാർ സ്ഥലം വിട്ടിരുന്നു.

ഉറക്കം ഉപേക്ഷിച്ച ഒരാഴ്ച. എന്തു പറഞ്ഞാണ് വീട്ടിൽനിന്നിറങ്ങി നേരം വെളുക്കുന്നതിനു മുമ്പ് മറുകരയെത്തുക? തനിച്ചു പോയാലോ? കുടുംബം അന്ധകാരത്തിലാകും! അതുവേണ്ടാ... പിള്ളേരേം കൊണ്ടുപോയാലോ? ഭാര്യയെ നഷ്ടമാവും! അതും പറ്റില്ല. ഇനി എന്തു ചെയ്യും? ഒടുവിൽ അവരെ അനുനയിപ്പിക്കാൻ കഴിഞ്ഞു.

ഭാര്യയുടെ അനുജത്തിയുടെ വിവാഹം തീരുമാനിച്ച സമയമായിരുന്നു അത്. അങ്ങോട്ടെന്നു പറഞ്ഞ് വീട്ടിൽനിന്നിറങ്ങി. വീടും നാടും വിട്ടിറങ്ങുമ്പോൾ വളരെ ഉറപ്പുള്ള ഒരു തിരിച്ചറിവ് ഉണ്ടായിരുന്നു; ഇത് ഇവിടെനിന്നുള്ള അവസാന യാത്രയാണെന്ന്.

പിറന്നുവീണു പിച്ചവെച്ചുനടന്ന ഊരും വിശപ്പിന് ആഹാരം നൽകി വളർത്തിയ വനവും മാമലകളുമെല്ലാം അവസാനമായി എന്നപോലെ നോക്കിക്കണ്ടു. ഹൃദയം വിങ്ങിപ്പൊട്ടുകയാണ്. എന്റെ ഗ്രാമമേ, അല്ലാഹുവിന്റെ വിധിയില്ലെങ്കിൽ ഇനിയൊരിക്കലും നാം കാണുകയില്ല.

പ്രതീക്ഷിച്ച സഹായം ലഭിച്ചു. പൊന്നാനി ഇസ്‌ലാം സഭയിലെത്തി. ഞങ്ങളെ ഏതാനും ദിവസമായി കാണാതിരുന്നപ്പോൾ അന്വേഷണം തുടങ്ങിയിരുന്നു. ജന്മഭൂമി, മാതൃഭൂമി പത്രങ്ങളിൽ വാർത്തവന്നു: 'ആദിവാസി നേതാവിനെയും കുടുംബത്തെയും കാണാനില്ല. മുസ്‌ലിം തീവ്രവാദികൾ തട്ടിക്കൊണ്ടുപോയി.' പോലീസ് അന്വേഷണം തുടങ്ങി. (ഈ വാർത്ത ഞാൻ പിന്നീടാണ് അറിഞ്ഞത്, കണ്ടത്).

എന്നാൽ അവിടെയുള്ള ജീവിതത്തോട് മക്കൾക്ക് പൊരുത്തപ്പെടാനായില്ല. അതിനാൽ പുറത്ത് വാടകക്ക് താമസിച്ച് ക്ലാസ്സിൽ പങ്കെടുക്കാൻ അനുവാദം ചോദിച്ചു. അങ്ങനെയൊരു കീഴ്‌വഴക്കം അവിടെയില്ലായിരുന്നതിനാൽ അവർ സമ്മതിച്ചില്ല. ഒടുവിൽ ഞങ്ങളെ അവിടെയെത്തിച്ചവരെ വിളിച്ചുവരുത്തി. അങ്ങനെ ഞങ്ങൾ അവിടെനിന്നും പുറത്തിറങ്ങി.

മലബാർ മേഖലയിലെ ഒരു ടൗണിൽനിന്ന് അൽപം അകലെയുള്ള ഒരു വീടിന്റെ അടുത്തു വണ്ടി നിർത്തി. ഞങ്ങളെ പ്രതീക്ഷിച്ച് നിൽക്കുകയായിരുന്നവരിൽ ഒരാൾ താക്കോൽ എന്നെ ഏൽപിച്ചിട്ട് പറഞ്ഞു: 'ഇതാണ് നിങ്ങൾക്ക് താമസിക്കാനുള്ള വീട്. കയറിക്കോളൂ...'

എല്ലാ സൗകര്യങ്ങളുമുള്ള ഒരു വീട്. ഒരു കുടുംബത്തിനാവശ്യമായ സർവവിധ സാധനങ്ങളും അവിടെ കരുതിയിരിക്കുന്നു. എല്ലാവർക്കും സന്തോഷമായി. ഭക്ഷണം കഴിച്ച് മനഃസമാധാനത്തോടുകൂടി സുഖമായി എല്ലാവരും ഉറങ്ങി.

ഒരു മനുഷ്യൻ അവന്റെ ഉടമസ്ഥനായ അല്ലാഹുവിന് പൂർണ സമർപ്പണം ചെയ്തുകഴിഞ്ഞാൽ അവൻ സർവമേഖലകളിലും വിജയിച്ചവനാകും. പിതാവിനോട് മകൻ അപ്പം ചോദിച്ചാൽ കല്ലു കൊടുക്കുമോ? മീൻ ചോദിച്ചാൽ പാമ്പിനെ കൊടുക്കുമോ? യേശുവിന്റെ വചനം ഞാൻ അനുഭവിച്ചറിഞ്ഞു; പൂർണമായി.

പിറ്റേന്നു രാവിലെ വീടിന്റെ ഒരു മുറി പഠനവേദിയായി; ഞാനും ഭാര്യയും നാലു മക്കളും വിദ്യാർഥികളും.

ഭാര്യയും മക്കളും സംതൃപ്തരാണെന്ന് അവരുടെ സംസാരത്തിൽനിന്നും പ്രവർത്തനങ്ങളിൽനിന്നും ബോധ്യപ്പെട്ടു. എങ്കിലുമൊരു ചെറിയ പരീക്ഷണം കൂടി നടത്തി. ഒരു ഇൻലന്റ് വാങ്ങിക്കൊടുത്തിട്ട് ഭാര്യയോട് പറഞ്ഞു: 'നിങ്ങൾ അഞ്ചുപേരും കൂടിയിരുന്ന് വിവരങ്ങളെല്ലാം കാണിച്ച് അച്ഛനും അമ്മയ്ക്കും ഒരു കത്ത് എഴുതുക. അഡ്രസ്സ് എഴുതി ഞാൻ അയക്കാം.' കേട്ടപ്പോൾ അവർക്ക് വലിയ സന്തോഷം.

അവർ എഴുതി: 'പ്രിയപ്പെട്ട വല്ല്യച്ഛനും വല്ല്യമ്മയും എല്ലാവരും അറിയുവാൻ. ഞങ്ങൾ സുഖമായി കഴിയുന്നു. നിങ്ങളെല്ലാം കരുതുന്നതുപോലെ അച്ഛന് ഭ്രാന്തും വട്ടുമൊന്നും ഇല്ല. ഞങ്ങൾ ഖുർആൻ വായിക്കാൻ പഠിച്ചു. അല്ലാഹു എന്ന ഏകദൈവത്തിലും ഇസ്‌ലാം എന്ന സത്യമതത്തിലും ഞങ്ങൾ വിശ്വസിക്കുന്നു. ഇവിടുത്തെ ആൾക്കാ

> **ഏകദൈവത്തെ ഹൃദയമറിഞ്ഞു വിശ്വസിക്കാത്ത ഒരു മനുഷ്യനും മരണശേഷം അല്ലാഹുവിന്റെ സ്വർഗത്തിൽ പ്രവേശിക്കുകയില്ലെന്ന് എനിക്കു ബോധ്യമായി. പ്രഗത്ഭരും ധനികരും പണ്ഡിതരും പാമരന്മാരും നേതാക്കളുമെല്ലാം മരണത്തോടുകൂടി മണ്ണിലലിയുന്നു. ഏകദൈവത്തിൽ വിശ്വസിച്ച് അവന്റെ കൽപനകളും നിർദേശങ്ങളും അനുസരിച്ച് ജീവിച്ചവർക്കാണ് സ്വർഗരാജ്യം. അങ്ങനെ വരുമ്പോൾ എന്റെ പ്രിയപ്പെട്ട അച്ഛൻ, അമ്മ, സഹോദരങ്ങൾ എന്നിവരുടെ കാര്യം എന്തായിരിക്കും? അവർ ഈ പരമസത്യം അറിയുകയോ ഉൾക്കൊള്ളുകയോ ചെയ്യാൻ ഒരു സാധ്യതയുമില്ല. ഞങ്ങൾ രക്ഷപ്പെടുകയും അവരെല്ലാം ശിക്ഷിക്കപ്പെടുകയും ചെയ്യുന്നത് ഓർക്കുവാനേ കഴിയുന്നില്ല. ഈ ഭൂമിയിൽ അവർക്ക് എന്നും കഷ്ടപ്പാടാണ്. ആണും പെണ്ണുമായി പതിനൊന്ന് മക്കൾക്ക് ജന്മം നൽകിയവർ. കാട്ടു കിഴങ്ങും ഫലങ്ങളും തേടിയലഞ്ഞ്, കിട്ടുന്നതെല്ലാം മക്കൾക്ക് കൊടുത്തിട്ട് പച്ചവെള്ളം കുടിച്ച് വയർ വരിഞ്ഞുകെട്ടുന്നത് ഞാനും കണ്ടിട്ടുള്ളതാണല്ലോ.**

രെല്ലാം വളരെ നല്ലവരാണ്. ഇവിടുന്നു പോരാൻ തോന്നുന്നില്ല. ഞങ്ങൾ അ ങ്ങോട്ടു വന്നാൽ ആരേലും വഴക്കുണ്ടാ ക്കുമോ? പള്ളിക്കൂടം തുറക്കുമ്പോഴേ ക്കും ഞങ്ങൾ വരും– എന്ന് കൊച്ചു മ ക്കൾ.' (കത്ത് ഞാൻ അയച്ചില്ല).

എല്ലാംകൊണ്ടും അതിയായ സ ന്തോഷവും സമാധാനവും ലഭിച്ചു. പ ക്ഷേ, നാട്ടിലേക്ക് തിരിച്ചു ചെല്ലുമ്പോ ഴുണ്ടാകുന്ന പ്രതിസന്ധികളോർത്ത പ്പോൾ വല്ലാത്ത വിഷമം തോന്നി. എന്തും സംഭവിക്കാമെന്ന ഭയം ഉള്ളിലുണ്ട്.

റോഡിന്റെ സൈഡിലുള്ള ഇരുനില കെട്ടിടത്തിലാണ് ഞങ്ങൾ താമസിച്ചി രുന്നത്. ഒരുദിവസം രാത്രി പത്തുമണി യായിക്കാണും. കുട്ടികൾ ഉറങ്ങി. അ ടുക്കളയിൽ ജോലി ചെയ്തുകൊണ്ടി രുന്ന ഭാര്യ എന്നെ കൈയാട്ടി വിളിച്ചു. അടുത്തു ചെന്നപ്പോൾ അവൾ ഭയന്നു വിറയ്ക്കുന്നുണ്ട്. അവൾ പറഞ്ഞു:

'വീടിനു ചുറ്റും ആരോ പമ്മി നട ക്കുന്നുണ്ട്. ഇന്നലെയും ഒരാൾ ഇരു ട്ടിന്റെ മറവിൽ ഒളിഞ്ഞുനടക്കുന്നത് ഞാൻ കണ്ടു; കാര്യമാക്കിയില്ല. ഇന്നും കണ്ടു. ഇത് കള്ളന്മാരാണ്.'

വിവരം കേട്ടു ഞാനും ഞെട്ടി. ഞ ങ്ങൾ ഉറങ്ങിക്കിടക്കുന്ന മക്കളെ ഒന്നാം നിലയയിലെത്തിച്ചു. ഒരു കറിക്കത്തിയും വിറകുകമ്പുമായി ഞാനും ഭാര്യയും കോണിപ്പടിയിൽ നേരം വെളുക്കുവോളം ഉറങ്ങാതെയിരുന്നു. സുബ്ഹി ബാങ്ക് വിളിക്കുന്ന സമയമായപ്പോൾ രണ്ടുമൂന്നു പേർ മതിൽചാടി പോകുന്നത് കൂടി ക ണ്ടപ്പോൾ കാര്യം ഉറപ്പായി. ഇതിൽ അ പകടം പതിയിരിക്കുന്നുണ്ട്. ഉടൻത ന്നെ വീടുമാറണം. ഞാൻ സംരക്ഷണം നൽകിയവരെ കണ്ടു വിവരം പറഞ്ഞു.

'നിങ്ങൾ അതൊന്നും ശ്രദ്ധിക്കേണ്ട, ധൈര്യമായി ഇരുന്നോളൂ' എന്നായിരുന്നു മറുപടി!

വ്യക്തതയില്ലാത്ത മറുപടിയിൽ എ നിക്ക് തൃപ്തിയായില്ലെന്ന് ബോധ്യമായ ആ സഹോദരൻ പറഞ്ഞു: 'സഹോദരാ, നിങ്ങൾ ഇപ്പോൾ മുസ്‌ലിംകളാണ്. ശ രീരത്തിലെ ഏതെങ്കിലും ഒരു അവയവ ത്തിനു വേദന ഉണ്ടായാൽ ശരീരം മൊ ത്തം വേദനിക്കില്ലേ? നിങ്ങൾക്കെന്തെ ങ്കിലും വേദന വന്നാൽ അത് ഞങ്ങളുടെ യും വേദനയാണ്. നിങ്ങൾക്ക് ഒരാപ ത്തും വരില്ല; അല്ലാഹു കൂടെയുണ്ട്, ഞങ്ങളും കൂ ടെയുണ്ട്.'


ഞാൻ വിസ്മയിച്ചുപോയി. സർവസ്തുതിയും ഏ കനായ അല്ലാഹുവിന് മാത്രം!

ഏകദൈവത്തെ ഹൃദയമറിഞ്ഞു വിശ്വസിക്കാത്ത ഒരു മനുഷ്യനും മരണശേഷം അല്ലാഹുവിന്റെ സ്വർ ഗത്തിൽ പ്രവേശിക്കുകയില്ലെന്ന് എനിക്കു ബോധ്യ മായി. പ്രഗത്ഭരും ധനികരും പണ്ഡിതരും പാമരന്മാ രും നേതാക്കളുമെല്ലാം മരണത്തോടുകൂടി മണ്ണില ലിയുന്നു. ഏകദൈവത്തിൽ വിശ്വസിച്ച് അവന്റെ കൽ പനകളും നിർദേശങ്ങളും അനുസരിച്ച് ജീവിച്ചവർ ക്കാണ് സ്വർഗരാജ്യം. അങ്ങനെ വരുമ്പോൾ എന്റെ പ്രിയപ്പെട്ട അച്ഛൻ, അമ്മ, സഹോദരങ്ങൾ എന്നിവ രുടെ കാര്യം എന്തായിരിക്കും?

അവർ ഈ പരമസത്യം അറിയുകയോ ഉൾക്കൊ ള്ളുകയോ ചെയ്യാൻ ഒരു സാധ്യതയുമില്ല. ഞങ്ങൾ രക്ഷപ്പെടുകയും അവരെല്ലാം ശിക്ഷിക്കപ്പെടുകയും ചെയ്യുന്നത് ഓർക്കുവാനേ കഴിയുന്നില്ല. ഈ ഭൂമി യിൽ അവർക്ക് എന്നും കഷ്ടപ്പാടാണ്. ആണും പെ ണ്ണുമായി പതിനൊന്ന് മക്കൾക്ക് ജന്മം നൽകിയവർ. കാട്ടു കിഴങ്ങും ഫലങ്ങളും തേടിയലഞ്ഞ്, കിട്ടുന്നതെ ല്ലാം മക്കൾക്ക് കൊടുത്തിട്ട് പച്ചവെള്ളം കുടിച്ച് വ യർ വരിഞ്ഞുകെട്ടുന്നത് ഞാനും കണ്ടിട്ടുള്ളതാണല്ലോ. അവരെയെങ്കിലും എനിക്ക് രക്ഷപ്പെടുത്തണം.

ഭാര്യയും ഞാനും മക്കളും കൂടെക്കൂടെ അച്ഛനെ യും അമ്മയെയും സ്വപ്നത്തിൽ കാണുന്നത് അ ല്ലാഹുവിന്റെ മുന്നറിയിപ്പാകുമോ?

സ്ഥിരമായ താമസസൗകര്യം ശരിയാക്കിത്തര ണോ എന്ന് ചോദിച്ചവരോട് ഞാൻ പറഞ്ഞു: 'രണ്ടു മാസം ഞങ്ങൾക്കുവേണ്ടി നിങ്ങൾ സഹിച്ച ബുദ്ധി



മുട്ടും പ്രയാസങ്ങളുമെല്ലാം കരുണാനിധിയായ അല്ലാഹു കണ്ടുകൊണ്ടിരിക്കുകയാണ്. തക്കതായ പ്രതിഫലം നിങ്ങൾക്കെല്ലാം അല്ലാഹു ഇരട്ടിയായി ഇവിടെയും പരലോകത്തും തരുമാറാകട്ടെ. ഞങ്ങൾ അതിനായി പ്രാർഥിച്ചുകൊണ്ടിരിക്കും. ഞങ്ങൾ നാട്ടിലേക്ക് മടങ്ങിപ്പോകാൻ ഉദ്ദേശിക്കുന്നു.'

ഞങ്ങളുടെ തീരുമാനം കേട്ടപ്പോൾ ചില സുഹൃത്തുക്കളുടെ കണ്ണുകൾ നിറഞ്ഞൊഴുകി. എന്നെയും മക്കളെയും അവർ ആലിംഗനം ചെയ്തു.

അവരിൽ പ്രധാനപ്പെട്ടയാൾ പറഞ്ഞു: 'ഷംസുക്കാ, നിങ്ങളെ പറഞ്ഞുവിടാൻ ഞങ്ങൾക്കാർക്കും താൽപര്യമില്ല. എന്നാൽ നിങ്ങളുടെ സംസാരത്തിൽ നിന്നും മറ്റെന്തോ ഉദ്ദേശവും ലക്ഷ്യവുമുണ്ടെന്നു ബോധ്യപ്പെടുന്നു. നിങ്ങൾ നാട്ടിലേക്ക് തിരിച്ചുചെല്ലുമ്പോൾ പല പ്രയാസങ്ങളും ബന്ധുക്കളിൽനിന്നും തന്നെ ഉണ്ടാകാൻ വളരെ സാധ്യതയുള്ളതായി ബോധ്യപ്പെട്ടതുകൊണ്ടാണ് നിങ്ങളെ സുരക്ഷിതമായി ഇവിടെ സ്ഥിരമാക്കാൻ ഞങ്ങൾ ആലോചിച്ചത്. നിങ്ങൾ തീരുമാനിച്ചുകൊള്ളുക. ഞങ്ങൾക്ക് എന്തിനും സമ്മതമാണ്.'

'ഞാൻ പറഞ്ഞല്ലോ... പോകാൻ അനുവദിക്കണം.'

'ശരി... ശരി. രണ്ടു ദിവസം കൂടി കഴിഞ്ഞു പോകാനുള്ള ഏർപ്പാടുകൾ ചെയ്യാം. നാട്ടിൽ ചെല്ലുമ്പോൾ നിൽക്കാൻ വയ്യാത്ത സാഹചര്യമാണെങ്കിൽ പ്രതികരിക്കാൻ നിൽക്കാതെ ഇങ്ങോട്ടുതന്നെ മടങ്ങിവരാം.'

അന്നുരാത്രി വളരെ നേരം ഭാര്യയുമായി സംസാരിച്ചിരുന്നു. ഭാര്യയുടെ വായിൽനിന്നും പ്രതീക്ഷിക്കാത്ത ചില വാക്കുകൾ ഒഴുകിവന്നപ്പോൾ സന്തോഷം തോന്നി:

'ഈ മുസ്‌ലിംകളെല്ലാം സ്നേഹമില്ലാത്തവരാ, ഭീകരന്മാരാ, മന്ത്രവാദികളാ എന്നൊക്കെ നമ്മുടെ നാട്ടിലെ ആൾക്കാർ പറഞ്ഞുനടക്കുന്നതൊക്കെ എത്ര വലിയ കള്ളക്കഥയാ... ഇവരെപ്പോലെ സ്നേഹമുള്ള നല്ല മനുഷ്യരായി വേറെ ആരാ ഉള്ളത്? മറ്റുള്ള ജാതിക്കാരുടെ വീട്ടിൽ ചെന്നാൽ നമ്മളെയൊക്കെ വീട്ടിനുള്ളിൽ കയറ്റുമോ? അഥവാ പാത്രത്തിൽ വല്ല ആഹാരവും തന്നാൽ പാത്രം നമ്മൾ കഴുകിക്കൊടുക്കണം. നമ്മൾ ഇവിടെ വന്നതിനുശേഷം പോയ വീടുകളിലെയെല്ലാം പെണ്ണുങ്ങൾ വന്ന് എന്നെയും കൊച്ചിനെയും (മകളെ) പിടിച്ചു വലിച്ചോണ്ടാണ് ഉള്ളിൽ കയറ്റിയിരുത്തുന്നത്. സ്വന്തം വീടുപോലാ... ഞങ്ങളുടെ കൂടെ ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കാൻ അവർക്ക് ഒരു മടിയുമില്ല. ഇപ്പാഴാണ് നമ്മളും മനുഷ്യരാണ് എന്ന തോന്നലുണ്ടായത്. ആദ്യമൊക്കെ എനിക്കു പേടിയായിരുന്നു; നമ്മുടെ ജാതി വല്ലോം ചോദിക്കുമോ, അറിയുമോയെന്ന്. ഇവർക്കൊന്നും താണജാതി, ഉയർന്നജാതി എന്ന ചിന്തയേയില്ല.'

അച്ഛനും അമ്മയുമായി സംസാരിച്ചുകൊണ്ടിരിക്കുന്നതും അതിനിടയിൽ പോലീസുകാർ വന്ന് എന്നെ പിടിച്ച് കൊണ്ടുപോകാൻ ശ്രമിക്കുന്നതും ഞാൻ ബലം പിടിച്ച് എതിർക്കുന്നതുമൊക്കെ സ്വപ്നം കാണുന്ന നേരത്താണ് ഭാര്യ കുലുക്കി വിളിച്ചത്:

'ബാങ്ക് വിളിക്കുന്നു, എഴുന്നേൽക്കൂ... പള്ളിയിൽ പോകൂ...' പെട്ടെന്ന് ഞാൻ എഴുന്നേറ്റു. സമയം നോക്കി; രാത്രി 3 മണി കഴിഞ്ഞിട്ടേയുള്ളൂ.

'നിനക്കെന്താടീ? മൂന്ന് മണിക്ക് ഏത് പള്ളിയിലാണ് ബാങ്ക് വിളിക്കുക?' ഞാൻ അൽപം നീരസത്തോടെ ചോദിച്ചു.

'ശ്ശോ, ഞാൻ സ്വപ്നം കണ്ടതായിരുന്നോ? ഞാൻ ബാങ്ക് കേട്ടതാണ്. നമ്മുടെ വീടിനടുത്തുള്ള പള്ളിയിൽനിന്നാണ് ബാങ്ക് കേട്ടത്. വീടിനടുത്ത് ഒരു ചെറിയ പള്ളിയും കുറെ ആളുകളും ഉള്ളതായും ആ പള്ളിയിൽ ബാങ്ക് വിളിക്കുന്നതുമെല്ലാം ഞാൻ സ്വപ്നം കണ്ടതാ...'

'അറിഞ്ഞ വിവരംവെച്ച് നമുക്ക് നമ്മുടെ ഗ്രാമത്തിൽ കാലുകുത്താൻ കഴിയുമോ എന്ന സംശയത്തിലാണിപ്പോൾ. പിന്നല്ലേ പള്ളിയും ബാങ്കും! പാഴ്കിനാവു കാണാതെ കിടന്നുറങ്ങൂ.'

അടുത്ത ദിവസം നാട്ടിലേക്കു മടക്കയാത്രയായി. എന്റെ ഗ്രാമത്തിന്റെ 3 കിലോമീറ്റർ അടുത്തുള്ള പള്ളിയിൽ അപ്രതീക്ഷിതമായി എത്തിയപ്പോൾ കമ്മിറ്റിക്കാർ അങ്കലാപ്പിലായി. അവർ പറഞ്ഞു:

'കുറെ കാലം കഴിഞ്ഞിട്ടു നിങ്ങൾക്ക് വന്നാൽപോരായിരുന്നോ? നിങ്ങളുടെ മതംമാറ്റം ഞങ്ങൾക്കിവിടെ തലവേദന സൃഷ്ടിച്ചിരിക്കുകയാണ്. പോലീസ് പലതവണ ഇവിടെ വന്നു. പലരെയും ചോദ്യം ചെയ്തു. നിന്റെ അച്ഛനും ബന്ധുക്കളുമെല്ലാം ഇവിടെ വന്നു. വാക്കുതർക്കവും ഭീഷണിയും ഉണ്ടായി. ഇപ്പോഴത്തെ സാഹചര്യത്തിൽ നിങ്ങൾ മടങ്ങിപ്പോകുന്നതാണ് നല്ലത്. രണ്ടുമൂന്ന് വർഷം കഴിയുമ്പോൾ പ്രശ്നങ്ങൾ തണുക്കും. അപ്പോൾ വന്നാൽ മതി. നിങ്ങൾ ഇവിടെ വന്ന വിവരം അറിഞ്ഞാൽ ഇന്നുതന്നെ പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യതയുണ്ട്. പത്രവാർത്തയൊക്കെ നിരപരാധികളായ മുസ്‌ലിം സമൂഹത്തെ മുഴുവൻ പ്രതിസ്ഥാനത്തു നിർത്തിക്കൊണ്ടാണ്. ഹിന്ദു സംഘടനകൾ സജീവമായി രംഗത്തുണ്ട്. പോലീസും അവർ

ക്കൊപ്പമാണ്. ഒരു വർഗീയകലാപത്തിനൊന്നും ഞങ്ങളില്ല. ഒരു സാധാരണ മതം മാറ്റമായിട്ടല്ല പലരും ഇതിനെ കാണുന്നത്. നിങ്ങൾ ശബരിമല ക്ഷേത്രവുമായി ബന്ധമുള്ളവരാണ്. നിങ്ങൾ ഇവിടെ താമസിക്കാനാണ് തീരുമാനമെങ്കിൽ അതിനു പിന്നിലുണ്ടാകുന്ന ഭവിഷ്യത്തുകൾ തനിയെ നേരിടേണ്ടിവരും.'

എല്ലാവരും ഞങ്ങളെ കയ്യൊഴിഞ്ഞതായും ഇസ്‌ലാമിൽ നിന്നുതന്നെ മടങ്ങുവാനാണ് അവർ ആഗ്രഹിക്കുന്നതെന്നും എനിക്ക് ബോധ്യപ്പെട്ടു.

ഞാൻ ഗ്രാമത്തിലേക്കുതന്നെ പോകാൻ തീരുമാനിച്ചപ്പോൾ, ആ പള്ളിയിലുണ്ടായിരുന്ന ഉസ്താദ് ഇടപെട്ടു:

'നിങ്ങൾ ഒരു കാരണവശാലും പമ്പാനദിയുടെ മറുകരക്ക് പോകരുത്. പ്രശ്നത്തിന്റെ ഗൗരവം ഞാൻ നന്നായി മനസ്സിലാക്കിയിട്ടുണ്ട്.'

അങ്ങനെ അവരെല്ലാവരും കൂടി ഞങ്ങൾക്ക് അവിടെ താമസിക്കാനുള്ള സൗകര്യം ചെയ്തുതന്നു. രണ്ടു ദിവസത്തിനകം ഞങ്ങൾ തിരിച്ചെത്തിയ വിവരം നാട്ടിലറിഞ്ഞു. കണ്ടിട്ടില്ലാത്ത ഒരു പുതിയ വസ്തുവിനെ കാണുന്നതുപോലെ പരിചയക്കാർപോലും എന്നെ വീക്ഷിക്കാൻ തുടങ്ങി!

ഒരാഴ്ച കഴിഞ്ഞു. സ്വയം ചിന്തിച്ചു. ആരെ ഭയക്കണം? എന്തിനു മറ്റുള്ളവരുടെ സമാധാനവും കളഞ്ഞ് അവരുടെ സംരക്ഷണവലയത്തിൽ ബുദ്ധിമുട്ടി ഭീരുവായി ജീവിക്കണം? മരണം ഒരു പ്രാവശ്യമേയുള്ളൂ. ജീവൻ തന്നവന്റെ കൈയിലാണ് അതിന്റെ നിയന്ത്രണം. ഉറച്ച ഒരു തീരുമാനത്തിലെത്തി.

ജുമുഅ നമസ്കാരത്തിനു ശേഷം ഉസ്താദിനോടും കമ്മിറ്റിക്കാരോടും പറഞ്ഞു: 'ഞങ്ങളിന്ന് എന്റെ വീട്ടിലേക്കു പോകുകയാണ്.'

അവരെല്ലാം അന്തംവിട്ടു. എതിർപ്പുകൾ പ്രകടിപ്പിച്ചു. ഞാൻ ഗൗനിച്ചില്ല. നാലു മണിയായപ്പോഴേക്കും സാധനങ്ങളെല്ലാം എടുത്ത് വീട്ടിലേക്ക് ഞങ്ങൾ മടക്കയാത്രയായി. മൂന്നു കിലോമീറ്റർ നടന്ന് വീട്ടിലെത്തി.

ഞങ്ങൾ കയറിച്ചെല്ലുമ്പോൾ വലിയൊരു പ്രതിഷേധവും മർദനവുമൊക്കെയുണ്ടാകും എന്ന് പ്രതീക്ഷിച്ചിരുന്നു. ഒന്നും സംഭവിച്ചില്ല. ഞങ്ങളെക്കണ്ട് അച്ഛനും അനുജനും വീട്ടിൽനിന്നും കലികയറി ഇറങ്ങിപ്പോയി. അമ്മ തലകുനിച്ചിരിക്കുന്നു. കുട്ടികളോടും ഭാര്യയോടും പിണക്കമുള്ളതായി കണ്ടില്ല. പക്ഷേ, എന്റെ സംസാരങ്ങളിൽനിന്നെല്ലാം അമ്മ മുഖംതിരിച്ചു ഒഴിഞ്ഞുമാറുകയാണ്.

ദിവസങ്ങൾ കഴിഞ്ഞിട്ടും കൂടെപ്പിറപ്പുകൾ മുഖത്തുനോക്കിയില്ല. ഊരിൽ കുടുംബാംഗങ്ങൾതന്നെ 150ഓളം ആൾക്കാരുണ്ടായിരുന്നിട്ടും ഒരാൾ പോലും വന്നില്ല; മിണ്ടിയില്ല. ആരോടും ബന്ധമില്ലാതെ രണ്ടാഴ്ചയോളം വീട്ടുതടങ്കലിൽ കഴിയുന്ന അവസ്ഥയായി.

ഒരു മുറിക്കുള്ളിൽ രഹസ്യമായി നമസ്കാരവും പ്രാർഥനയുമായി എത്രകാലം കഴിയേണ്ടിവരുമെന്ന ചിന്താഭാരവുമായി കഴിയവെ, ഒരു ദിവസം സുബ്ഹി ബാങ്ക് വളരെ ശബ്ദംകുറച്ച് വിളിക്കാൻ ഇളയ മകനോട് (യൂസഫ്) പറഞ്ഞു. പ്രശ്നങ്ങളുടെ ഗൗരവങ്ങളൊന്നും തിരിച്ചറിവില്ലാത്ത മകൻ താൻ ബാങ്ക് വിളിക്കാൻ പഠിച്ചെന്ന ഗമയോടുകൂടി ബാങ്ക് ഉറക്കെ വിളിച്ചു. അടുത്തമുറിയിൽനിന്നും ഉറക്കം നഷ്ടപ്പെട്ട ദേഷ്യത്തിൽ അച്ഛന്റെ ചോദ്യം:

'ആരാടാ ബഹളം വയ്ക്കുന്നത്. ഞാൻ അങ്ങോട്ട് വരണോ?' മകൻ ബാങ്ക് പൂർത്തീകരിച്ചില്ല.

ഞങ്ങളുടെ നമസ്കാരങ്ങളും പ്രാർഥനയുമെല്ലാം എന്റെ പ്രിയപ്പെട്ട അമ്മ മറഞ്ഞുനിന്നു വീക്ഷിക്കുകയും കണ്ടു മനസ്സിലാക്കുകയും ചെയ്യുന്നത് ഞാൻ കണ്ടു. പിന്നീട് അവർ അടുത്തുവന്നുതന്നെ കണ്ടു മനസ്സിലാക്കാൻ മനസ്സുകാണിച്ചു!

അടുത്ത ദിവസം അസ്ർ നമസ്കരിക്കാൻ തയ്യാറാകുമ്പോൾ അമ്മ എന്നോട് ചോദിച്ചു:

'ഇപ്പോൾ ഞാനും നിങ്ങളുടെ കൂടെ കൂടിക്കൊള്ളട്ടെ?'

ഞാൻ സ്തബ്ധനായിപ്പോയി. എന്റെ സന്തോഷം പറഞ്ഞറിയിക്കാൻ പറ്റാത്തതായിരുന്നു.

എന്റെ മറുപടി കാണാത്തപ്പോൾ അമ്മ പറഞ്ഞു:

'എന്തുവന്നാലും വേണ്ടില്ല; ഞാനും കൂടുകയാണ്.'

വരുന്നതു വരട്ടെ. ഞാൻ അവരോട് കുളിച്ചു ശുദ്ധിയാവാൻ ആവശ്യപ്പെട്ടു. പിന്നെ വുദൂഅ് ചെയ്യിപ്പിച്ചു. ഭാര്യയുടെ നമസ്കാരക്കുപ്പായം അണിയിപ്പിച്ചു. ശഹാദത്ത് ചൊല്ലിക്കൊടുത്തു.

മഗ്‌രിബ് നമസ്കാര സമയമായപ്പോൾ ഞാൻ പറഞ്ഞു: 'അമ്മേ, അച്ഛൻ പണികഴിഞ്ഞു വരാൻ സമയമായതുകൊണ്ട് ഇപ്പോൾ അമ്മ കൂടേണ്ട. നടന്നതൊന്നും തൽക്കാലം അച്ഛൻ അറിയരുത്.'

അമ്മ സമ്മതിച്ചില്ല. ഞാൻ കൂടുകയാണെന്നു പറഞ്ഞ് അംഗസ്നാനം നടത്തി എന്റെ പുറകിൽ ഭാര്യയുടെയും മക്കളുടെയും കൂടെനിന്നു. നമസ്കാരം പകുതിയായപ്പോൾ അച്ഛൻ മുറ്റത്തു വന്നതിന്റെ ഒച്ചയനക്കം കേട്ടു. പുറത്ത് ആരെയും കാണാതെ വന്നപ്പോൾ ചാരിക്കിടന്ന കതക് തള്ളിത്തുറന്ന് മുറിയിൽ കയറി വന്നു. **(അവസാനിച്ചില്ല)**

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com

ജാലകം



# ബലൂണുകൾ

സൽക്കാര്യങ്ങൾ ചെയ്തുകണ്ടാൽ പ്രശംസിക്കുന്നതും പ്രോൽസാഹിപ്പിക്കുന്നതും ഏതൊരാൾക്കും ആത്മവിശ്വാസം ലഭിക്കുന്ന സംഗതിയാണ്. എന്നാൽ അത് അമിതപ്രശംസയായി മാറുമ്പോൾ വിരുദ്ധ ഫലങ്ങൾക്കു വഴിവെക്കുമെന്നു കൂടി നാം മനസ്സിലാക്കണം. അതുകൊണ്ടായിരിക്കണം നബിﷺ അമിതപ്രശംസയെ ഏറെ നിരുൽസാഹപ്പെടുത്തിയത്. അവിടുന്ന് പറഞ്ഞു: "നിങ്ങൾ അമിതപ്രശംസ നടത്തുന്നവരെ കണ്ടാൽ അവരുടെ മുഖത്തേക്ക് മണ്ണുകോരിയിടുക" (മുസ്‌ലിം).

ഒരിക്കൽ ഒരാൾ ഖലീഫ ഉസ്മാനെ‎ؓ വല്ലാതെ പ്രശംസിക്കുകയായിരുന്നു. ഇതു കേട്ട മിഖ്ദാദ്ؓ എന്ന സ്വഹാബി അയാളുടെ മുഖത്ത് മണ്ണുവാരിയെറിഞ്ഞു. 'എന്താണ് താങ്കൾ കാണിച്ചത്?' ഖലീഫ ചോദിച്ചു. മിഖ്ദാദ്ؓ പറഞ്ഞു: 'അങ്ങനെ ചെയ്യാൻ നബിﷺ കൽപിച്ചിട്ടുണ്ട്' (മുസ്‌ലിം).

നല്ല പ്രവൃത്തികൾ കണ്ടാൽ പ്രശംസിക്കുന്നത് പ്രോത്സാഹനമാണ്. അത് വിരോധിക്കപ്പെട്ടതല്ല. എന്നാൽ പ്രശംസ കേട്ട് ചീർത്ത് വീർത്ത് അഹങ്കരിക്കാനിടയുണ്ടാക്കരുത്. അത്തരം പ്രശംസ തെറ്റാണ്. അയാളുടെ കഴുത്തു മുറിക്കുന്നതിന്ന് തുല്യമാണ് എന്ന് നബിവചനങ്ങൾ പഠിപ്പിക്കുന്നു.

രാജകുടുംബാംഗങ്ങളടക്കമുള്ള രാഷ്ട്രനേതാക്കൾ പങ്കെടുത്ത ഒരു വിദ്വൽസദസ്സിൽ പ്രഭാഷകനായി സുഊദി രാഷ്ട്രത്തിന്റെ ചീഫ് മുഫ്തിയും സർവാദരണീയ പണ്ഡിതനുമായ ശൈഖ് ഇബ്നുബാസിനെ സംഘാടകരിലെ പ്രമുഖ വ്യക്തി ഏറെ പ്രശംസിച്ച ശേഷം സ്റ്റേജിലേക്ക് ക്ഷണിച്ചു. ശൈഖവർകൾ ക്ഷുഭിതഭാവത്തിൽ സദസ്സിനെ അഭിമുഖീകരിച്ചുകൊണ്ട് ഇത്രമാത്രം പറഞ്ഞവസാനിപ്പിച്ചു: 'എന്റെ അപദാനങ്ങൾ എണ്ണിപ്പറഞ്ഞ ഈ മനുഷ്യന് അല്ലാഹു പൊറുത്തുകൊടുക്കട്ടെ.' ഈയൊരു വാക്ക് ആ രാജസദസ്സിന് നൽകിയ സന്ദേശം വിലമതിക്കനാവാത്തതായിരുന്നു!

ഇമാം ഗസ്സാലി അമിതപ്രശംസയുടെ ആറു ദൂഷ്യങ്ങൾ പറഞ്ഞതുകാണാം. നാലെണ്ണം പ്രശംസിക്കുന്നവനെയും രണ്ടെണ്ണം പ്രംസിക്കപ്പെടുന്നവനെയും ബാധിക്കുന്നതാണ്: 'യാഥാർഥ്യമല്ലാത്ത കാര്യങ്ങൾ പെരുപ്പിച്ചു പറയുകവഴി കളവായിത്തീരുന്നു. മനസ്സിലില്ലാത്തത് പ്രകടിപ്പിച്ച് ശ്രോതാവിനെ സന്തോഷിപ്പിക്കുകവഴി കാപട്യം കാണിക്കേണ്ടിവരുന്നു. ഇല്ലാത്തത് കെട്ടിച്ചമക്കുകമൂലം മറ്റുള്ളവരെ തെറ്റിദ്ധരിപ്പിക്കുന്നു. അധർമത്തിന് കൂട്ടുനിൽക്കേണ്ടിവരുന്നു. പ്രശംസിക്കപ്പെടുന്നയാൾക്കാവട്ടെ അനർഹമായ അഹംബോധം വളരുന്നു. ഞാനിനി കൂടുതൽ ചെയ്തില്ലെങ്കിലും അംഗീകരിക്കപ്പെടും എന്ന ചിന്ത അയാളെ പിടികൂടുന്നു' (ഇഹ്യാ ഉലൂമുദ്ദീൻ)

കൊച്ചുമക്കൾ മുതൽ വിദ്യാർഥികൾ, പണ്ഡിതന്മാർ, നേതാക്കൾ, രാഷ്ട്രീയ-സാമൂഹ്യ-മതരംഗത്തുള്ളവർക്കെല്ലാം അമിതപ്രശംസ ദൂഷ്യങ്ങൾ വരുത്തുമെന്നതിന്നു പല അനുഭവങ്ങളും നമ്മുടെ മുമ്പിലുണ്ട്. താരപ്രഭകളും ഫാൻസുകളും സൃഷ്ടിക്കപ്പെടുന്നത്



ഇതുവഴിയാണ്. തന്മൂലം വീഴ്ചകൾ തിരുത്തപ്പെടാതിരിക്കുകയും വൈകല്യങ്ങൾ ന്യായീകരിക്കപ്പെടുകയും ചെയ്യുന്നു. വിനയത്തിനു പകരം അഹങ്കാരം വളരുന്നു.

സ്വന്തം കുറവുകൾ തിരിച്ചറിഞ്ഞ് പരിഹാരം തേടുവാനാണ് നബിﷺ മനുഷ്യരെ പഠിപ്പിച്ചത്. അബൂബക്ർ സ്വിദ്ദീഖ്(റ) ഭരണമേപിക്കപ്പെട്ടപ്പോൾ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന്റെ തുടക്കം ഇങ്ങനെയായിരുന്നു: 'ജനങ്ങളേ, എന്നിൽ ചുമതല ഏൽപിക്കപ്പെട്ടിരിക്കുകയാണല്ലോ. നിങ്ങളെക്കാൾ ഉത്തമനല്ല ഞാൻ. ഞാൻ സത്യമാർഗത്തിലാണെങ്കിൽ നിങ്ങളെന്നെ സഹായിക്കണം. ഞാൻ തെറ്റിൽവീഴുമ്പോൾ നിങ്ങളെന്നെ ശരിയാക്കണം."

സമൂഹത്തിലെ കപടവിശ്വാസികളാരാണെന്ന് നബിﷺ ഹുദൈഫത്തുൽ യമാൻ(റ) എന്ന സ്വഹാബിക്ക് പറഞ്ഞുകൊടുത്തിട്ടുണ്ടെന്നറിഞ്ഞ ഉമറുൽ ഖത്വാബ്(റ) താൻ ആ കൂട്ടത്തിലുണ്ടോ എന്ന് ഹുദൈഫയോട് ചോദിക്കാറുണ്ടായിരുന്നു എന്ന് ചരിത്രത്തിലുണ്ട്. തിരിച്ചറിവിന്റെ മഹത്തായ ഉദാഹരണങ്ങളാണിത്!

ഇങ്ങനെ സ്വയം കുറ്റങ്ങൾ തിരിച്ചറിഞ്ഞ് പരിഹരിക്കുവാനാണ് ഇസ്‌ലാം നിർദേശിച്ചിട്ടുള്ളത്. മതരംഗത്തായാലും രാഷ്ട്രീയരംഗത്തായാലും വ്യക്തികളെ ഊതിവീർപ്പിച്ച് മുന്നിൽ പ്രതിഷ്ഠിക്കുകയും അവരിലെ തിന്മകളെ അവർ സ്വയം തിരുത്തുകയോ മറ്റുള്ളവർ തിരുത്തിക്കുകയോ ചെയ്യാതിരുന്നാൽ പരസ്പരം വിശ്വാസം നഷ്ടപ്പെടുകയായിരിക്കും ഫലം.

അബൂമുർശിദ
mail@nerpatham.com

ലേഖനം

# ക്വുർആനിന്റെ അജയ്യത

അറബിസാഹിത്യ തറവാട്ടിലെ അതികായന്മാർക്കിടയിലാണ് വിശുദ്ധ ക്വുർആൻ അവതരിക്കുന്നത്. ഇന്നും അറബിഭാഷയുടെയും സാഹിത്യത്തിന്റെയും അഗാധതകളിലേക്കിറങ്ങാൻ താൽപര്യമുള്ളവരോട് പതിനാല് നൂറ്റാണ്ട് മുമ്പുള്ള അറബിക്കവിതകളെ പഠനവിധേയമാക്കുവാനാണ് ഭാഷാപണ്ഡിതന്മാർ നിർദേശിക്കാറുള്ളത്. അങ്ങനെ അറബിസാഹിത്യത്തിലെ മുടിചൂടാമന്നൻമാരായി വിരാജിച്ചിരുന്നവർ പോലും ക്വുർആനിന്റെ സാഹിത്യമേന്മയും ആശയഗാംഭീര്യവും അംഗീകരിച്ചിരുന്നുവെന്നതാണ് വാസ്തവം.

അറബികൾക്കിടയിലെ പ്രശസ്ത സാഹിത്യകാരനായിരുന്നു വലീദുബ്നു മുഗീറ. ധാരാളം കവിതകളും പ്രസംഗങ്ങളും അദ്ദേഹം മനഃപാഠമാക്കിയിരുന്നു. ഒരിക്കൽ പ്രവാചകൻ ﷺ നമസ്കാരത്തിൽ വിശുദ്ധ ക്വുർആൻ പാരായണം ചെയ്യുന്നത് അദ്ദേഹം കേൾക്കാനിടയായി. ക്വുർആനിന്റെ വശ്യസുന്ദരമായ സാഹിത്യമേന്മയിലും ആശയ ഭംഗിയിലും ആകൃഷ്ടനായ അദ്ദേഹം തന്റെ കുടുംബക്കാരുടെ മുന്നിൽ അതിനെക്കുറിച്ച് വിശദീകരിച്ചത് ഇപ്രകാരമാണ്: 'അല്ലാഹുവാണ് സത്യം! ഞാൻ ചില വാചകങ്ങൾ കേട്ടു. അത് മനുഷ്യരുടെ വാക്യങ്ങളല്ല. ജിന്നുകളുടെ വാക്യങ്ങളുമല്ല. അല്ലാഹുവാണ് സത്യം! അതിനൊരു പ്രത്യേക മാധുര്യവും വശ്യതയുമുണ്ട്. അത് എല്ലാറ്റിനെക്കാളും മികച്ചുനിൽക്കുന്നു. അതിനെ മികച്ചുനിൽക്കാൻ മറ്റൊന്നുമില്ല.'

മറ്റൊരിക്കൽ ഉത്ബത്ത് പ്രവാചകനോട് വിയോജിപ്പുള്ള കാര്യങ്ങൾ വിശദീകരിക്കുകയാണ്. എല്ലാം കേട്ടുകഴിഞ്ഞപ്പോൾ പ്രവാചകൻ ﷺ സൂറത്തുൽ ഫുസ്സ്വിലത്തിലെ ആദ്യഭാഗങ്ങൾ ഉത്ബത്തിനെ ഓതിക്കേൾപിച്ചു. ശേഷം അതിനെക്കുറിച്ച് ഉത്ബത്ത് തന്റെ കൂട്ടുകാരോടായി പറഞ്ഞു: 'ഞാൻ ചില വചനങ്ങൾ കേട്ടു. അല്ലാഹുവാണെ, അതിന് തുല്യമായത് ഞാൻ ജീവിതത്തിൽ കേട്ടിട്ടില്ല. അത് കവിതയിലോ മാരണത്തിലോ ജ്യോത്സ്യത്തിലോ പെട്ടതല്ല.'

ക്വുർആനിന്റെ സാഹിത്യമേന്മയും ആശയഭംഗിയും ബോധ്യപ്പെട്ട അവർ പക്ഷേ, അഹങ്കാരവും വിദ്വേഷവും നിമിത്തം ക്വുർആനിനെ തള്ളിപ്പറയുകയാണ് ചെയ്തത്. വിശുദ്ധ ക്വുർആൻ കെട്ടിച്ചമച്ചതാണെന്ന വാദവുമായി അവർ മുന്നോട്ടുവന്നു. അപ്പോൾ ക്വുർആൻ അവരെ വെല്ലുവിളിച്ചു; ഇതുപോലൊരു വേദഗ്രന്ഥം കൊണ്ടുവരാൻ: "(നബിയേ,) പറയുക: ഈ ക്വുർആൻ പോലൊന്ന് കൊണ്ടുവരുന്നതിന്നായി മനുഷ്യരും ജിന്നുകളും ഒന്നിച്ചുചേർന്നാലും തീർച്ചയായും അതുപോലൊന്ന് അവർ കൊണ്ടുവരികയില്ല. അവരിൽ ചിലർ ചിലർക്ക് പിന്തുണ നൽകുന്നതായാൽ പോലും." (ക്വുർആൻ 17:88).

അവരുടെ പരിശ്രമം അവരെ ചില ഗദ്യപദ്യങ്ങൾ കെട്ടിച്ചമയ്ക്കുന്നതിലേക്കെത്തിച്ചു. അവസാനം അവർക്കുതന്നെ മനസ്സിലായി ഇത് വിശുദ്ധ ക്വുർആനിന് സമാനമായി എടുത്തുകാട്ടുന്നത് വിഡ്ഢിത്തമാണെന്ന്. എങ്കിലും അഹങ്കാരം സത്യത്തെ അംഗീകരിക്കാൻ അവരെ സമ്മതിച്ചില്ല. അവർ വിമർശനങ്ങളും എതിർപ്പും അഭംഗുരം തുടർന്നുകൊണ്ടിരുന്നു. അപ്പോൾ വിശുദ്ധ ക്വുർആൻ വീണ്ടും വെല്ലുവിളിച്ചു; ഈ ക്വുർആൻ നബി ﷺ കെട്ടിച്ചമച്ചതാണെങ്കിൽ അതിന് സമാനമായ, കെട്ടിച്ചമച്ചുണ്ടാക്കിയ പത്ത് അധ്യായങ്ങൾ കൊണ്ടുവരിക; അല്ലെങ്കിൽ ഒരു അധ്യായമെങ്കിലും കൊണ്ടുവരിക: "അതല്ല, അദ്ദേഹം അത് കെട്ടിച്ചമച്ചു എന്നാണോ അവർ പറയുന്നത്? പറയുക: എന്നാൽ ഇതുപോലെയുള്ള പത്ത് അധ്യായങ്ങൾ ചമച്ചുണ്ടാക്കിയത് നിങ്ങൾ കൊണ്ടുവരൂ. അല്ലാഹുവിന് പുറമെ നിങ്ങൾക്ക് സാധിക്കുന്നവരെയെല്ലാം നിങ്ങൾ വിളിച്ചുകൊള്ളുകയും ചെയ്യുക. നിങ്ങൾ സത്യവാൻമാരാണെങ്കിൽ" (ക്വുർആൻ 11:13). "അതല്ല, അദ്ദേഹം (നബി) അത് കെട്ടിച്ചമച്ചതാണ് എന്നാണോ അവർ പറയുന്നത്? (നബിയേ,) പറയുക: എന്നാൽ അതിന്ന് തുല്യമായ ഒരു അധ്യായം നിങ്ങൾ കൊണ്ടവരൂ. അല്ലാഹുവിന് പുറമെ നിങ്ങൾക്ക് സാധിക്കുന്നവരെയെല്ലാം വിളിച്ചുകൊള്ളുകയും ചെയ്യുക. നിങ്ങൾ സത്യവാൻമാരാണെങ്കിൽ" (ക്വുർആൻ 10:38).

ടി.കെ.അശ്‌റഫ്
tkashraf100@gmail.com

നമുക്ക് ചുറ്റും

# സ്ഥാനാർഥികളുടെ ക്രിമിനൽ പശ്ചാത്തലവും തെരഞ്ഞെടുപ്പു കമ്മീഷന്റെ മുന്നറിയിപ്പും

ക്രിമിനൽ പശ്ചാത്തലമുള്ളവരെ സ്ഥാനാർഥികളാക്കിയാൽ അതിന്റെ സാഹചര്യം വോട്ടെടുപ്പു കഴിഞ്ഞ് മുപ്പതു ദിവസത്തിനകം വിശദീകരിക്കണമെന്ന തെരഞ്ഞെടുപ്പ് കമ്മീഷന്റെ മുന്നറിയിപ്പ് ജനാധിപത്യ പ്രക്രിയയിലെ നല്ലൊരു കാൽവയ്പാണ്. 2020 ഫെബ്രുവരിയിൽ സുപ്രീംകോടതി നൽകിയ നിർദേശത്തിന്റെ ചുവടുപിടിച്ചാണ് കമ്മീഷന്റെ പുതിയ നീക്കം. ക്രിമിനൽ സ്വഭാവമുള്ളവർ നിയമനിർമാണ സഭയിൽ എത്താതിരിക്കാനുള്ള സുപ്രധാന തീരുമാനമായി ഇത് മാറട്ടെയെന്ന് പ്രത്യാശിക്കുകയാണ്.

സ്ഥാനാർഥികൾ പത്രിക സമർപ്പിക്കുമ്പോൾ ക്രിമിനൽ കേസ് വിവരങ്ങൾ സത്യവാങ്മൂലത്തിൽ വെളിപ്പെടുത്തണമെന്നും ഇത് മൂന്നുതവണ അച്ചടി മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തണമെന്നും നിലവിൽ വ്യവസ്ഥയുണ്ടായിട്ടും പല കേസുകളിലും ശിക്ഷിക്കപ്പെട്ട നേതാക്കൾ ജയിലിൽനിന്ന് ആഘോഷപൂർവം ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങിവരികയും മത്സരിക്കുകയും ചെയ്യുന്ന അവസ്ഥ ആശാസ്യകരമല്ല.ഇതിനെല്ലാം അറുതിവരാൻ പുതിയ നീക്കത്തിലൂടെ സാധിച്ചാൽ നല്ല കാര്യം.

കേരളത്തിലെ കഴിഞ്ഞ ഇലക്ഷൻ കാലത്തെ കണക്കു പരിശോധിച്ചാൽതന്നെ ഒട്ടേറെ കേസുകളാണ് ചില പ്രധാനപ്പെട്ട നേതാക്കളുടെ പേരിലുള്ളത് എന്നു കാണാം. ക്രിമിനൽ പശ്ചാത്തലമുള്ളവരാണെന്ന് സമൂഹത്തിൽ പരക്കെ അറിയപ്പെട്ടവരെത്തന്നെ മത്സരിപ്പിക്കുന്നതിലൂടെ ഓരോ പാർട്ടിയും സമൂഹത്തിന് നൽകുന്ന സന്ദേശം ജനാധിപത്യ സമ്പ്രദായത്തെ അപമാനിക്കുന്നതാണെന്ന് ഓർക്കണം.

താൻ ചെയ്യുന്ന അരുതായ്മകൾ മൂടിവെക്കാനും മറ്റുള്ളവരോട് പ്രതികാരം ചോദിക്കാനുമുള്ളതല്ല ജനങ്ങൾ നൽകുന്ന അംഗീകാരം. ക്രിമിനൽ പശ്ചാത്തലമുള്ളവരെ മത്സരിപ്പിച്ചാലും അന്ധമായ പക്ഷപാതിത്വത്തിന്റെ പേരിൽ അവരെ ജയിപ്പിക്കുന്ന അണികളുള്ളിടത്തോളം കാലം ഈ ദുഷ്പ്രവണതയ്ക്ക് അറുതിയുണ്ടാകില്ല.

രാഷ്ട്രീയ രംഗത്ത് സജീവമായി നിലനിൽക്കുന്നവർ സമരങ്ങളിലും മറ്റുമായി ധാരാളം കേസുകളിൽ അകപ്പെടുന്നതും അറസ്റ്റു ചെയ്യപ്പെടുന്നതും സ്വാഭാവികമാണ്. എന്നാൽ തെറ്റ് ചെയ്യാത്തവരെ അധിക്ഷേപിക്കാനായോ രാഷ്ട്രീയ വൈരം തീർക്കുവാനോ മറ്റോ വ്യാജ കേസുകൾ ചുമത്തി വേട്ടയാടുന്ന സാഹചര്യവും നാം കാണാതിരുന്നുകൂടാ. നിരപരാധികളും നീതിപൂർവം കാര്യങ്ങൾ കൈകാര്യം ചെയ്യുന്നവരുമായ നേതാക്കളുടെ അവസരം നഷ്ടപ്പെടാൻ കമ്മീഷന്റെ പുതിയ ചുവടുവയ്പ്പുകൾ കാരണമാവുകയുമരുത്.

എന്നാൽ തികഞ്ഞ ക്രിമിനലുകളും ഗുണ്ടകളും അധികാരത്തിന്റെ സോപാനങ്ങളിൽ കയറിപ്പറ്റുന്ന സാഹചര്യം ഒരിക്കലും ഉണ്ടായിക്കൂടാ. ക്രിമിനൽ കുറ്റത്തിന് ജയിലിലടക്കപ്പെടുകയും ശിക്ഷാകാലാവധി പൂർത്തിയാക്കി പുറത്തുവരികയും ചെയ്യുന്നവരെ താരപരിവേഷത്തോടെ പൂമാലയിട്ടു സ്വീകരിക്കുന്നത് സമൂഹത്തിനു നൽകുന്നത് തെറ്റായ സന്ദേശമാണെന്നതിൽ സംശയമില്ല. പാർട്ടിയെ നിലനിർത്താനും വളർത്താനുമായി ഗുണ്ടകളെ പാലൂട്ടി വളർത്തുന്ന നെറികേടിന്റെ രാഷ്ട്രീയമാണ് ആദ്യം അവസാനിപ്പിക്കേണ്ടത്.

കേരളത്തിലെ ഒരു രാഷ്ട്രീയ പാർട്ടിക്കും നേതാക്കളുടെ ദൗർലഭ്യമില്ല. ക്രിമിനൽ പശ്ചാത്തലമുള്ളവരെ മാറ്റി നിർത്തിയാലും സ്ഥാനാർഥികളാകാൻ അർഹതയും യോഗ്യതയുമുള്ളവർ എമ്പാടുമുണ്ട്. രാഷ്ട്രീയവും രാഷ്ട്രീയ പ്രവർത്തനവും മോശപ്പെട്ട ഒന്നാണെന്ന ചിന്താഗതി പുതുതലമുറയിൽ വളർന്നുവരാനും അരാഷ്ട്രീയവാദികളാക്കി അവരെ മാറ്റാനുമുള്ള പ്രധാനപ്പെട്ട ഒരു കാരണം രാഷ്ട്രീയരംഗത്തെ അരുതായ്മകൾ തന്നെയാണ്. അതിനൊരു മാറ്റമുണ്ടാകണമെങ്കിൽ ആദ്യം ചെയ്യേണ്ടത് ക്രിമിനലുകൾ അധികാരത്തിലെത്തുന്ന സാഹചര്യം ഒഴിവാക്കലാണ്.




# GREEN HOME

## RESIDENTIAL CAMPUS FOR BOYS

## What is ?

**Green valley public school** is a school with real difference, providing students with distinct opportunities and advantages to develop their full potential academically, socially and personally

**Affiliated to CBSE, New Delhi,** the school is a safe retreat to the students who join us from other international schools and the Gulf countries.

Dedicated to provide exceptional learning experience to the students for holistic development and moral rectitude with excellence ethics and beyond

**Green Home Residential Program** is an endeavor for outstation students to learn as well as to live in a comfortable, safe and healthy surrounding.

We provide a homely environment for outstation students with a pantry that serves delicious and nutritious homely food and laundry services.

We provide Islamic religious education aiming to instill faith and a better understanding of true Islam in our students.

## Special Features Included

- Curriculum focusing on quran, belief system, jurisprudence and Islamic history
- Guidelines prepared by panel experts in the field of Islamic education
- Quran memorizing with tajweed
- Communicative Arabic and English

**Registration Open for Grade 5-9**
**(Boys Only)**

0495-220 8770
+91 8606788882
www.greenvalleycampus.com

Green Valley Campus
Nellikkaparamba, Mukkam,
Calicut, Pin: 673602

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 MARCH 13

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

**2021-22**
**രജിസ്ട്രേഷൻ ആരംഭിച്ചു**




- ക്ലാസുകൾ, ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം!!
- ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് അഡ്മിഷൻ

**രജിസ്റ്റർ ചെയ്യാനുള്ള അവസാന തിയതി: ഏപ്രിൽ 30**

അപേക്ഷകർ, **www.schoolofquran.in** എന്ന വെബ്സൈറ്റിൽ നിന്ന് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷാ ഫോം പൂരിപ്പിക്കുക.

SCHOOL OF Qura'n

READ. LEARN. EVOLVE

**Office: Jamia Campus | Mini Ootty**
**Malappuram | Kerala | PIN 676519**

**CENTERS:**

KASARAGODE: 8089192273 | KANHANGAD: 9544874747 | THALIPARMBA: 8606776770
KINAVAKKAL: 9495696216 | VADAKARA: 81570 42851 | KAPPAD 9846808230
PARAPPANAGADI: 9544924596 | TIRUR 9633099992 | THOTTASSERYARA: 8606600555
CHATTIPARAMBA: 9496526220 | KOLATHUR: 9447626843 | KOTTAKKAL: 9995798755
EDATHANATTUKARA: 9495467259 | MANJERI: 9846872999 | AREEKODE: 7012902827
EDAKKARA: 9052602690 | VENGIDANGU: 9048869220 | MARANJERY: 7559955255
ERANAKULAM: 9061884888 | KOLLAM 9633540205 | ALAPPUZHA: 9895629378
ATTINGAL: 949771452 | KODUVAYUR: 9656118833 | KOLLAYIL: 9747258263
COIMBATORE: 9080475224 | ERODE: 9942958888

www.schoolofquran.in  mail@schoolofquran.in  SchoolOfQuranJamia